200

# കേരളശാകുന്തളം

GEETHA PRESS

വില 2ക.] ൨൦ പ

[ആററൂർ

# കേരളശാകുന്തളം

Malayalam

# KERALA SAKUNTALAM

(DRAMA)

*By*

ATTUR KRISHNA PISHAROTI

*1967 October—Ninth Impression*

*Copyright:*
R. C. BHATTARAKA & BROS., 'SRITILAKAM',
TRICHUR.

Printed at
THE GEETHA PRESS, TRICHUR.

*Distributors:*
THE GEETHA PRESS, TRICHUR.
Price Rs. 2

# കേരളശാകുന്തളം

(അഭിജ്ഞാനശാകുന്തളത്തിൻെറ ഒരു പരിഭാഷ)

പരിഷ്കരിച്ച പതിപ്പ്


പണ്ഡിതരാജകവിരത്നം

ആററൂർ



പ്രസാധകർ:

ആർ. സി. ഭട്ടാരക & സഹോദരന്മാർ

തൃശ്ശിവപേരൂർ.

1143/1967] [വില: 2ക. 20പ

1953—നാലാംപതിപ്പ്.
1960—അഞ്ചാംപതിപ്പ്.
1961—ആറാംപതിപ്പ്
1966—ഏഴാംപതിപ്പ്.
1967—എട്ടാംപതിപ്പ്.
1967—ഒമ്പതാം പതിപ്പ്.

വിതരണക്കാർ:

ഗീതാ പ്രസ്സ്, തൃശ്ശൂർ.

തൃശ്ശിവപേരൂർ ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

---

എല്ലാ അവകാശങ്ങളും

ആർ. സി. ഭട്ടാരക & സഹോദരന്മാക്ക്

ശ്രീതിലകം, തൃശ്ശിവപേരൂർ.

ഒന്നാം പതിപ്പിൻെറ

# ആമുഖം

---

ലോകമഹാകവി കളിദാസന്റെ ശാകുന്തളത്തിന്നു മലയാള ഭാഷയിൽ പ്രാമാണികന്മാരുടെതന്നെ ഒന്നിലധികം പരിഭാഷകൾ പ്രസിദ്ധമായിരിക്കെ ഞാൻ ഇങ്ങനെയൊരു പരിഭാഷകൂടി നിർമ്മിച്ചതിനെപ്പററി സഹൃദയന്മാരോടു രണ്ടുവാക്കു പറഞ്ഞു ക്ഷമായാചനം ചെയ്യേണ്ടതുണ്ട്. അതിന്നു വേണ്ടി മാത്രമാണ് ഈ ആമുഖമെഴുതുവാൻ പുറപ്പെട്ടിരിക്കുന്നത്. കുറെക്കാലം മുമ്പു പഴയ താളിയോലഗ്രന്ഥങ്ങൾ പലതും പരിശോധിച്ച അവസരത്തിൽ ശാകുന്തളം മൂലഗ്രന്ഥം സാമാന്യം ജീർണ്ണിച്ചതൊന്നു കണ്ടെത്തി. അതിൽ ആദ്യംതന്നെ സൂത്രധാരപ്രവേശവും 'യാ സൃഷ്ടിഃ' എന്ന മംഗളശ്ലോകം സൂത്രധാരൻെറ പ്രാർത്ഥനയുമായിട്ടാണ് പാഠം കണ്ടത്. വിചാരിച്ചു നോക്കിയപ്പോൾ ആ പാഠത്തിന്ന് അച്ചടിച്ചു കാണുന്ന പാഠത്തെക്കാൾ അധികം ഔചിത്യവും തോന്നി. കൌതുകംകൊണ്ടു ഗ്രന്ഥം മുഴുവനും വായിച്ചു. പല സ്ഥലങ്ങളിലും സ്വാരസ്യവും സന്ദർഭശുദ്ധിയും അധികമുള്ള പാഠഭേദങ്ങൾ കാണ്മാനിടയാവുകയും ചെയ്തു. മറെറാരവസരത്തിലെ ഗ്രന്ഥപരിശോധനയിൽ ശാകുന്തളത്തിൻെറ ഒരു പഴയ വ്യാഖ്യാനഗ്രന്ഥവും കാളിദാസന്റെ നാടകത്രയത്തിന്നുള്ള ഒരു ടിപ്പണഗ്രന്ഥവും കണ്ടെത്തി. ആ വ്യാഖ്യാനവും ടിപ്പണങ്ങളും കേരളീയരാണ് നിർമ്മിച്ചിട്ടുള്ളതെന്ന സംഗതി ആ ഗ്രന്ഥങ്ങളിൽ സ്പഷ്ടവുമായിരുന്നു. വ്യാഖ്യാനത്തിൽ ചിലേടത്തു ടിപ്പണകാരൻെറ അഭിപ്രായം ഉദ്ധരിച്ചു കാണിച്ചിരുന്നതിനാൽ ടിപ്പണകാരനാണ് അധികം പ്രാചീനനെന്നറിവാനും പ്രയാസമുണ്ടായിരുന്നി

ല്ല. ആ വ്യാഖ്യാനവും ടിപ്പണവും മേൽ പ്രസ്താവിച്ച മൂലഗ്രന്ഥത്തിൽക്കണ്ട പാഠഭേദങ്ങളെയാണ് പൂൎണ്ണമായവലംബിച്ചിരിക്കുന്നത്. ഇതെല്ലാം കണ്ടപ്പോറം ശാകുന്തളനാടകത്തിനു പണ്ട കേരളത്തിൽ നടപ്പുണ്ടായിരുന്ന പാഠം ആ മൂലഗ്രന്ഥത്തിൽക്കാണുന്ന വിധത്തിലായിരുന്നിരിക്കണമെന്നു തീൎച്ചപ്പെടുത്തി. അതോടുകൂടി ആ കേരളപാഠമനുസരിച്ചും ഒരു പരിഭാഷ ശാകുന്തളത്തിന്നു നിൎമ്മിച്ചാലെന്താണ്; അതിന്നുള്ള അൎഹത ഈയുള്ളവനുണ്ടോ ഇല്ലയോ എന്നുള്ള കാൎയ്യം വേറെ; എന്നിങ്ങനെയുള്ള അധികപ്രസംഗത്തിന്റെ പുറപ്പാടുമായി. കാളിദാസകൃതിക്കു മറെറാരു ഭാഷയിൽ എത്രതന്നെ വിവൎത്തനങ്ങറം നിഷ്കൎഷിച്ചു നിൎമ്മിച്ചാലും ആ കൃതിക്കുള്ള സാരസ്യം മുഴുവൻ കിട്ടുന്നതല്ല. സമുദ്രജലംപോലെ എടുത്താലും എടുത്താലും അത്രക്കത്ര അവിടെശ്ശേഷിച്ചിരിക്കും. "തഥാപി തസ്യാ ലാവണ്യം രേഖയാ കിഞ്ചിദന്വിതം" എന്നുള്ള ആ കവികുലഗുരുവിന്റെ വചനം അദ്ദേഹത്തിന്റെ കൃതികറംക്കും ചേരുന്നതാണ്; എന്നീവക ചില സമാധാനങ്ങളും തോന്നിത്തുടങ്ങി. ഏതായാലും ഒരു പരിഭാഷ ഇങ്ങനെയും ഇരിക്കട്ടെ എന്നു തന്നെ നിശ്ചയിച്ചു. പിന്നെത്താമസിച്ചില്ല. ശ്ലോകങ്ങറം മുമ്പെ കഴിയട്ടെ എന്നുവെച്ചു് അതു ക്രമത്തിൽ ഭാഷപ്പെടുത്തിത്തുടങ്ങി. മിക്കതും പൂൎത്തിയാക്കി ഒരു ചെറിയ പുസ്തകത്തിൽ തിരിച്ചും മറിച്ചും എഴുതിവെക്കയും ചെയ്തു. കാളിദാസർ ശാകുന്തളനാടകം ഉണ്ടാക്കീട്ടു് അതിലെ ഓരോ ഭാഗവും വീണ്ടും വീണ്ടും പരിഷ്കരിച്ചു പരിഷ്കരിച്ചു പതിനെട്ടു വത്സരം കഴിഞ്ഞതിന്നു ശേഷമാണ് ആ ഉത്തമകൃതി പുറത്തു പ്രകാശിപ്പിച്ചത് എന്നൊരൈതിഹ്യം കേട്ടിട്ടുണ്ട്. ഞാൻ ആ ശാകുന്തളശ്ലോകങ്ങറം ഭാഷപ്പെടുത്തീട്ടു് ഇപ്പോഴേയ്ക്കു വത്സരം പതിനെട്ടല്ല, ഇരുപത്തിനാലുതന്നെ കഴിഞ്ഞു. പക്ഷേ ആ ശ്ലോകങ്ങറം പരിഷ്കരിക്കയല്ല, അതെഴുതിയ പുസ്തകം ഒരേടത്തു സൂക്ഷിച്ചുവെക്കയാണു് ചെയ്തതെന്നേയുള്ളു.

മററു പുസ്തകങ്ങളും, ചില ലേഖനങ്ങളും എഴുതുന്ന അവസരത്തിൽ ആവശ്യംപോലെ ചിലത് അതിൽനിന്നെടുത്തിട്ടുണ്ടെന്നു മാത്രം വേണമെങ്കിൽ പറയാം. ഏതായാലും ഇതിലെ ശ്ലോകങ്ങൾക്കു പരിഷ്ക്കാരമൊന്നുമില്ലെങ്കിലും തീരെപ്പിഴക്കവുമില്ലെന്നു വരുവാൻ തരമില്ല. ഇരുപത്തിനാലു കൊല്ലത്തെപ്പഴക്കമുണ്ടെന്നുള്ളതിലേക്ക് ആ ചെറിയ പുസ്തകംതന്നെ തെളിവായിട്ടുണ്ട്. രണ്ടു പന്തീരാണ്ടു കഴിഞ്ഞിട്ടും ഇനിയിതൊന്നു പൊളിച്ചെഴുതിപ്പതിപ്പിച്ചില്ലെങ്കിൽ ചില വൈഷമ്യങ്ങൾ വന്നേക്കും. ഷഷ്ടിപൂർത്തിയടുത്തിട്ടുള്ള ഞാൻ സ്വന്തം ഷഷ്ടിപൂർത്തിസ്മാരകമായിട്ടെങ്കിലും ഇതു പ്രസിദ്ധപ്പെടുത്താഞ്ഞാൽ കാളിദാസകൃതിയോടു ചെയ്ത ഈ സാഹസകൃത്യത്തിന്നുള്ള സൽക്കാരം അല്ലെങ്കിൽ ശകാരം ഇഹലോകത്തിൽവെച്ച് ഒട്ടും അനുഭവിക്കാൻ തരമായില്ലെന്നു വരാവുന്നതാണല്ലോ. അങ്ങനെ പററിപ്പോയാൽ പരലോകത്തു ചെല്ലുമ്പോൾ നിർഭാഗ്യവശാൽ അവിടെയെങ്ങാനും ആ ലോകമഹാകവിയെക്കണ്ടെത്തുവാനിടയായാൽ അദ്ദേഹം എന്നെ അവിടെയെങ്ങും വെച്ചേക്കയുമില്ല. ഈ അധികപ്രസംഗത്തിന്റെ ഫലം മുഴുവനും ഒന്നായി അനുഭവിപ്പിക്കാൻ വേണ്ടതു ചെയ്തേയ്ക്കും. അതുകൊണ്ടു മേൽപ്പറഞ്ഞ ഗ്രന്ഥത്തിൽക്കാണുന്ന കേരളീയപാഠമനുസരിച്ചു തന്നെ ചൂർണ്ണികകളുംകൂടി ഭാഷപ്പെടുത്തി 'കേരളശാകുന്തളം' എന്ന പേരിൽ പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തുവാൻതന്നെ തീർച്ചപ്പെടുത്തി. അങ്ങനെചെയ്താൽ അതിന്റെ ഫലത്തിൽ ഏതാനുമെങ്കിലും ഇവിടെവെച്ചുതന്നെ അനുഭവിക്കാൻ തരമായെന്നു വരാമല്ലോ! ഇനി ഇതിന്റെ ഗുണദോഷങ്ങളെപ്പററിയേടത്തോളം എനിക്കു കിട്ടാനുള്ളതു തരേണ്ടതു സഹൃദയന്മാരുടെ ചുമതലയാണ്. ഞാനിതാ വാങ്ങാനൊരുങ്ങിയിരിക്കുന്നു.

ശ്രീതിലകം,<br>
തൃശ്ശിവപേരൂർ,<br>
31—11—1111.

പരിഭാഷകൻ

# അഞ്ചാംപതിപ്പിനെപ്പററി

ഗുരുദേവന്മാരുടെ അനുഗ്രഹംകൊണ്ടും ദൈവാധീനംകൊണ്ടും ഇപ്പോഠം ഈ പരിഭാഷക്ക നാലുപതിപ്പും കഴിഞ്ഞ് ഇതാ അഞ്ചാമത്തെ പതിപ്പായിത്തീൎന്നിട്ടുണ്ട്. അതുകൊണ്ടു കുറെ ആത്മവിശ്വാസവും എനിക്കുണ്ടായിത്തീൎന്നിട്ടുണ്ട്.

ശ്രീതിലകം,
തൃശ്ശിവപേരൂർ,
14—5—1960.

പരിഭാഷകൻ.

# കേരളശാകുന്തളം

## ഒന്നാമങ്കം

### സ്ഥാപന

(നാന്ദി കഴിയുമ്പോറം സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ:—

ഏതോ സൃഷ്ടിച്ചതാദ്യം വിധി, വിധിഹുതമാം
ഹവ്യമേതെല്ലം ഹോതാ-
വേതേതോ നില്പു, കേൾക്കും ഗ്ഗുണമൊടെവിടെയും
കാലകൃത്തേതു രണ്ടോ
ഏതോ ബീജത്തിനെല്ലാം പ്രകൃതിയുലകിനു
പ്രാണനായേതതെല്ലാ-
മാകും പ്രത്യക്ഷമാമെട്ടുടലിനുടയവൻ[1]
നമ്മെ രക്ഷിക്ക നാഥൻ ൧

(അണിയറക്കു നേരെ നോക്കീട്ട്) ആര്യേ! അണിയറയിലൊരുങ്ങിക്കഴിഞ്ഞാൽ ഇങ്ങോട്ടു വരാം.

നടി—(പ്രവേശിച്ചിട്ട്) ആര്യ! ഇതാ ഞാൻ.

സൂത്ര—വിദ്വാന്മാർ നിറഞ്ഞ സദസ്സാണിത്.[2] കാളിദാസൻ കഥകെട്ടിയുണ്ടാക്കീട്ടുള്ള പുതിയൊരു നാടകമാ

---

1 മാകുന്നോരഷ്ടരൂപങ്ങളൊട്ടു തെളിയുവോൻ. എന്നു പാഠാന്തരം.

2 അഭിരൂപർ നിറഞ്ഞ പരിഷത്താണിത്.

ണഭിനയിക്കേണ്ടതും. അതിനാൽ ഓരോ വേഷക്കാരോടും പ്രത്യേകം ഏർപ്പാടു ചെയ്യണം.

നടി—നല്ലവണ്ണം ചൊല്ലിയാടിച്ചിട്ടുള്ളതുകൊണ്ട് ആര്യ്യന്നു കുറവൊന്നും പറവാൻ വഴിയില്ല.

സൂത്ര—അതിരിക്കട്ടേ, ഉള്ള പരമാർത്ഥം ഭവതിയോടു പറയാം.

ബുധപരിതോഷംവരെ ഞാൻ
ശരിയെന്നോർക്കാ പ്രയോഗവിജ്ഞാനം
അപ്രത്യയമാണു മന-
സ്സഭ്യാസം കൂടിയോർക്കുമാത്മാവിൽ.

നടി—അതു ശരിയാണ്, ഇനി ചെയ്യേണ്ടത് ആര്യ്യൻ കല്പിച്ചാലും.

സൂത്ര—മറെറന്താണ്. ഈ സദസ്യർക്കു കേട്ടാനന്ദിപ്പാനായി ഈയിടെത്തുടങ്ങിയതും സുഖകരവുമായ ഈ വേനൽക്കാലത്തെപ്പററിത്തന്നെ ഒരു പാട്ടു പാടൂ. ഇക്കാലത്താകട്ടെ,

ജലകേളി സുഭഗമേററം
വനവായുവിനുണ്ടു പാടലസുഗന്ധം
തണലിൽ സുലഭമുറക്കം
പകലിന്നവസാനഭാഗമതിരമ്യം.

നടി—(പാടുന്നു. ശങ്കരാഭരണരാഗം. ത്രിപുടതാളം)

പല്ലവി—കമനീജനങ്ങളധുനാ—കനിവിനോടു—
മണിയുന്നിതവതംസമായ്

ചരണം—വരിവണ്ടുകളൊട്ടൊട്ടു
പരിചിൽ നുകർന്നോരതി-
സരളകേസരാഗ്രമാം
സരസശിരീഷസുമം— കമനീ....

സൂത്ര—ആര്യേ! പാടിയതു നന്നായി. ഹ! ഹൃദയം രാഗത്തിൽ ലയിച്ചിട്ടുള്ള രംഗവാസികൾ മുഴുവനും ചിത്രത്തിലെഴുതിയവരെപ്പോലെയിരിക്കുന്നു. നമ്മളിന്ന് ഏതു നാടകം അഭിനയിച്ചിട്ടാണിവരെയാരാധിക്കേണ്ടതു്?

നടി—അഭിജ്ഞാനശാകുന്തളമെന്ന പുതിയ നാടകമഭിനയിക്കണമെന്ന് ആദ്യംതന്നെ ആര്യ്യജനം കല്പിക്കയുണ്ടായിട്ടുണ്ടല്ലോ.

സൂത്ര—ശരി! ഭവതി ഓർമ്മപ്പെടുത്തിയതു നന്നായി. തൽക്കാലം ഞാനതു മറന്നുപോയിരുന്നു.

ഹാരിയാം ഗീതരാഗത്താൽ
പാരാതെ ഹൃതനായി ഞാൻ;

(അണിയറയിൽ രഥഘോഷം)

സൂത്ര—(ചെവിയോർത്തിട്ട്)

വേഗമേറും മൃഗത്താലീ
രാജാ ദുഷ്ഷന്തനെന്നപോൽ. ൪

(രണ്ടാളും പോയി)
സ്ഥാപന കഴിഞ്ഞു.

---

(മാനിനെപ്പിന്തുടൎന്നുകൊണ്ടു കയ്യിൽ വില്ലുമായി രാജാവും, സൂതനും തേരിൽ പ്രവേശിക്കുന്നു)

സൂതൻ—(മാനിനെയും രാജാവിനെയും നോക്കീട്ട്)

മാനിനെപ്പാൎത്തു കുലവി-
ല്ലാൎന്ന നിന്മേനി നോക്കവേ
കാണുന്നിതോ ഞാൻ കൺമുന്നിൽ
മാനിൻപിന്നിൽ പിനാകിയെ. ൫

രാജാ—സൂതാ! ഈ മാൻ നമ്മളെ വളരെ ദൂരത്തേക്കു കൊണ്ടുപോന്നുവല്ലോ. ഇതാ ഇതിപ്പോഴും,

പേർത്തും കണ്ഠം തിരിച്ചിട്ടഴകിനൊടു തുട-
ന്നെത്തുമീത്തേരിൽ നേത്രം
ചേർത്തും പിൻഭാഗമേററം ശരപതനഭയാൽ
മുൻപുറത്തേക്കണച്ചും
ആർത്ത്യാ വക്ത്രം പിളർന്നും പഥി പകുതിചവ-
ച്ചുള്ള പുല്ലൊട്ടുതിർന്നും
പാർത്താലും ചാട്ടമേറിദ്ദിവി പെരുകി നില-
ത്തൊട്ടു തൊട്ടോടിടുന്നു.

സൂത—നിരപ്പുള്ള പ്രദേശമല്ലാതിരുന്നതിനാൽ അടിയൻ കടിഞ്ഞാണു പിടിച്ചു തേരിൻെറ വേഗം കുറച്ചു. അതുകൊണ്ടാണ് ഈ മാൻ അകലത്തായതു്. ഇപ്പോൾ നിരന്ന പ്രദേശത്തെത്തിയതിനാൽ ഇനി അടുക്കാൻ പ്രയാസമില്ല.

രാജാ—എന്നാൽ കടിഞ്ഞാണയച്ചുവിടു.

സൂത—കല്പനപോലെ. (രഥവേഗം നടിച്ചു്) തിരുമേനീ! നോക്കുക—

പിടിച്ച കടിഞ്ഞാണയച്ചളവു പൂർവ്വകായം വലി-
ഞ്ഞുടൻ ചെവിയുയർത്തി നിശ്ചലിതചാമരാഗ്രത്തൊടും
കുളമ്പടി പടർത്തിടും പൊടിയുമേററിടാതങ്ങു മാൻ
കുതിപ്പതു സഹിച്ചിടാപ്പടി ഹയങ്ങൾ പായുന്നിതാ.

രാജാ—ശരിതന്നെ. കുതിരകൾ സൂൎയ്യാശ്വങ്ങളെപ്പോലും കടത്തിവെക്കുന്നു. നോക്കുക—

കാണുന്നേരം ചെറുതു വലുതാകുന്നു പെട്ടെന്നു താഴേ
കാണായ്ത്തീൎന്നിത്തു നടു മുറിഞ്ഞുള്ളതേച്ചേൎന്നൊരു മട്ടിൽ
കാണാകുന്നു വളവെഴുവതും നേരെയായശ്വവേഗാൽ
കാണാനൊന്നും ക്ഷണവുമകലത്തില്ല ചാരത്തുമില്ല. ൮

സൂത—തിരുമേനി! ഇതാ അവിടുത്തെശ്ശരം കൊള്ളാറായിരിക്കുന്ന മാനിന്നിടയിൽ ചില മഹൎഷിമാരെത്തിയിരിക്കുന്നു.

രാജാ—എന്നാൽ തേരു നിൎത്തു!

സൂത—കല്പനപോലെ (തേരു നിൎത്തുന്നു.)

(രണ്ടു ശിഷ്യന്മാരോടുകൂടി പ്രവേശിച്ചു്)

വൈഖാനസൻ—രാജാവേ! ആശ്രമമൃഗമാണിതു്. കൊല്ലാവുന്നതല്ല, കൊല്ലാവുന്നതല്ല.

പിൻവലിക്ക തൊടുത്തസ്ത്രം
നിങ്ങൾക്കും ശസ്ത്രം ധരിപ്പതോ
ഖിന്നരക്ഷക്കാണു ദണ്ഡ-
ത്തിന്നല്ലനപരാധിയിൽ

രാജാ—ഇതാ പിൻവലിച്ചിരിക്കുന്നു. (ശരം വില്ലിൽ നിന്നെടുക്കുന്നു.)

വൈഖാ—പുരുവംശത്തിലുണ്ടായ
ഭവാനിതുചിതം പരം
ലഭിക്കു സമ്രാട്ടായേവം
ഗുണമാൎന്നുള്ള പുത്രനെ. ൧൦

ശിഷ്യന്മാർ—(കയ്യുയൎത്തിക്കൊണ്ടു്) ചക്രവൎത്തിയായ പുത്രനെ ലഭിക്കട്ടേ.

രാജാ—(തല കുനിച്ചുകൊണ്ടു്) അനുഗ്രഹം സ്വീകരിക്കുന്നു.

വൈഖാ—രാജാവേ! ഞങ്ങൾ ചമത കൊണ്ടുവരുവാൻ പുറപ്പെട്ടിരിക്കയാണ്. കുലപതി കണ്വമഹൎഷിയുടെ ആശ്രമം അതാ മാലിനീനദിയുടെ വക്കത്തു കാണുന്നു. വേറെത്തിടുക്കമുള്ള കാൎയ്യമൊന്നുമില്ലാത്തപക്ഷം അവിടെച്ചെന്ന് അതിഥിസൽക്കാരം സ്വീകരിക്കണം; അതുമല്ല—

തടവെന്യേ മുനിമാരിഹ
നടത്തിടും രമ്യകൎമ്മനിര കണ്ട്
ഉടനറിയാം തേ ഞാൺവടു ഞാണിന്റെ പാട്
പെട്ടമിത്തൻകയ്യു കാത്തിടും നിലയും. ൧൧

രാജാ—കുലപതി ഇവിടെയുണ്ടോ?

വൈഖാ—അതിഥികളെസ്സൽക്കരിപ്പാൻ മകൾ ശകുന്തളയെ ഏൽപ്പിച്ച് അവളുടെ കാലദോഷത്തിന്നു പരിഹാരം ചെയ്യാനായി ഇപ്പോൾത്തന്നെ സോമതീൎത്ഥത്തിലേക്കെഴുന്നള്ളി.

രാജാ—ആട്ടെ. ആ മഹൎഷിപുത്രിയെക്കണ്ടുകൊള്ളാം. എന്റെ ഭക്തിയെപ്പററി മഹൎഷിയെ അവളറിയിക്കുമല്ലോ.

വൈഖാ—ഞങ്ങൾ പോകട്ടെ. (ശിഷ്യരോടുകൂടി പോയി)

രാജാ—സൂത! കുതിരകളെ തെളിക്കൂ. പുണ്യാശ്രമം കണ്ട് ആത്മശുദ്ധി വരുത്തട്ടെ.

സൂത—കല്പനപോലെ. (പിന്നെയും രഥവേഗം നടിക്കുന്നു.)

രാജാ—(ചുററും നോക്കീട്ട്) ഇതു തപോവനപ്രദേശമാണെന്നു പറയാതെതന്നെ അറിയുന്നുണ്ട്.

സൂത—തിരുമേനി! അതെങ്ങനെ?

രാജാ—അങ്ങു കാണുന്നില്ലേ? ഇവിടെ,

തത്തപ്പൊത്തുകളിന്നു വീണ വരിനെ-
ല്ലുണ്ടീ മരക്കീഴിലോ
ചിറോടൽക്കുരു കുത്തിയെണ്ണയിഴുകി-
ക്കാണുന്നിതാ പാറകൾ
സത്വക്കൂട്ടമിണങ്ങയാൽ പതറിടു-
ന്നില്ലൊച്ച കേൾക്കും വിധൌ
വല്ക്കത്തുമ്പിലെ വാരി വാർന്ന വരയു-
ണ്ടാററിൻവഴിക്കെങ്ങുമേ. ൧൪

സൂത—എല്ലാം ശരിതന്നെ.

രാജാ—(കുറച്ചുകൂടി പോയതിന്നുശേഷം) സൂത! തപോവനത്തിലുള്ളവൎക്കുപദ്രവം നേരിടരുത്. തേരിവിടെ നിൎത്തിയാൽ മതി. ഞാനിറങ്ങിക്കൊള്ളാം.

സൂത—കടിഞ്ഞാണു പിടിച്ചിരിക്കുന്നു. തിരുമേനിക്കിറങ്ങാം.

രാജാ—(ഇറങ്ങീട്ട്) ഒതുങ്ങിയ വേഷത്തിലേ തപോവനത്തിൽ ചെല്ലാവൂ. ഇതെല്ലാം ഇവിടെ വെച്ചുകൊള്ളൂ. (വില്ലും ആഭരണങ്ങളും സൂതന്റെ കയ്യിൽ കൊടുത്തിട്ട്) ഞാൻ ആശ്രമവാസികളെക്കണ്ടു മടങ്ങിവരുമ്പോഴെക്കും കുതിരകളെ തേച്ചുകഴുകിക്കൊണ്ടുവന്നുകൊള്ളൂ.

സൂത—കല്പനപോലെ. (തേരുംകൊണ്ടു പോയി)

രാജാ—(കുറച്ചു നടന്നിട്ട്) ഇതാ ആശ്രമത്തിന്റെ പടി. അകത്തേക്കു കടക്കട്ടെ. (കടന്നു നിമിത്തസൂചനം നടിച്ച്)

ഇതു ശാന്തമാശ്രമം ക-
യ്യിതോ തുടിക്കുന്നിതെന്തു ഫലമിവിടെ
അഥവാ വരുവാനുള്ളതി-
നെവിടേയും വഴികളുണ്ടല്ലോ. ൧൩

അണിയറയിൽ—സഖിമാരേ! ഇങ്ങോട്ട്.

രാജാ—(ചെവിയോർത്തിട്ട്) മരത്തോട്ടത്തിന്റെ തെക്കേ ഭാഗത്തു സംഭാഷണംപോലെ കേൾക്കുന്നു. അങ്ങോട്ടു പോവാം. (നടന്നുനോക്കീട്ട്) ഇതാ മുനികന്യകമാർ പ്രായത്തിനു ചേന്ന കുടങ്ങളിൽ വെള്ളമെടുത്തു മരത്തൈകൾക്കു നനപ്പാനായി ഇങ്ങോട്ടുതന്നെ വരുന്നു. ഹ! ഇവരുടെ കാഴ്ച വളരെ മനോഹരംതന്നെ.

ശുദ്ധാന്തദുല്ലഭമിതാ-
ണടലുടജത്തിങ്കൽ വാഴ്വോക്കെങ്കിൽ
ഉദ്യാനലതകളെഗ്ഗുണ-
വല്ഗനയാൽ ദൂരെയാക്കി വനലതകൾ. ൧൪

ആട്ടെ, ഈ തണലിൽത്തന്നെ കാത്തുനിൽക്കാം. (നോക്കിക്കൊണ്ടു നില്ക്കുന്നു.)

(മരത്തൈകൾക്കു നനച്ചുംകൊണ്ടു ശകുന്തളയും സഖിമാരും പ്രവേശിക്കുന്നു.)

ശകുന്തള—സഖിമാരേ! ഇങ്ങോട്ട്.

ഒരുവൾ—സഖി! ശകുന്തളേ! താതകാശ്യപനു നിന്നെക്കാളധികം ഇഷ്ടം ആശ്രമവൃക്ഷങ്ങളെയാണെന്നു തോന്നുന്നു. മുല്ലപ്പൂപോലെ മാദ്ദവമുള്ള നിന്നോടും ഈ വൃക്ഷങ്ങൾക്കു നനക്കാൻ കല്പിച്ചുവല്ലോ!

ശകു—സഖി! പ്രിയംവദേ! അച്ഛന്റെ കല്പന മാത്രമല്ല. എനിക്കും ഇവയോടു സോദരസ്നേഹമുണ്ട്. (നനക്കുന്നു)

രാജാ—(നോക്കീട്ടു സ്വഗതം) ഇതാണോ ആ കണ്വപുത്രി? ഇവളെ ആശ്രമധമ്മം നടത്താനാക്കിയിരിക്കുന്ന മാന്യകാശ്യപൻ നല്ലവണ്ണം ആലോചിച്ചിട്ടില്ലായിരിക്കണം.

അവ്യാജസുന്ദരശരീരമിതും തപസ്സി-
നാലംബമാക്കുവതിനായ്ത്തുനിയും മുനീന്ദ്രൻ
നീലാരവിന്ദമലർതന്നിതളിന്റെ വക്കി-
നാലേ സമില്ലത മുറിപ്പതിനുന്നിടുന്നോ. ൧൮

ശങ്കകൂടാതെ പെരുമാറുന്ന ഇവളെ മരങ്ങൾക്കിടയിൽ മറഞ്ഞുനിന്നുകൊണ്ടുതന്നെ കാണട്ടെ. (അങ്ങനെ ചെയ്യുന്നു.)

ശകു—സഖി! അനസൂയേ! പ്രിയംവദ വല്ക്കലം വലിച്ചു മുറുക്കിക്കെട്ടീട്ട് എനിക്കനങ്ങാൻ വയ്യാതാക്കിയിരിക്കുന്നു. ഇതൊന്നയച്ചുതരൂ.

(അനസൂയ അയക്കുന്നു.)

പ്രിയം—ഈ സംഗതിയിൽ നിന്റെ മുല വലുതാക്കുന്ന സ്വന്തം യൌവനത്തെയാണ് കുററം പറയേണ്ടത്.

രാജാ—ഇവളുടെ പ്രായത്തിനു വല്ക്കലം ചേൎന്നതല്ല. എന്നാലും അലങ്കാരഭംഗി വൎദ്ധിപ്പിക്കാതിരിക്കുന്നുമില്ല. എങ്ങനെയെന്നാൽ;

* ചെന്താരിനുണ്ടധികരമ്യത ചണ്ടിചേർന്നും
ചന്തം ശശിക്കു വളരുന്നു കളങ്കമാർന്നും
ചിന്തുന്നു വല്ക്കലമണിഞ്ഞുമിവൾക്കു കാന്തി-
യെന്തും മനോഹരവപുസ്സിനു മണ്ഡനംതാൻ. ൧൩

ശകു—ഇതാ ഈ ഇലഞ്ഞിമരം ഇളങ്കാററിളക്കുന്ന തളിർ വിരൽകൊണ്ടു് എന്നെ മാടിവിളിക്കുമ്പോലെയിരിക്കുന്നു. ഞാനങ്ങോട്ടു ചെല്ലട്ടെ. (അടുത്തു ചെല്ലുന്നു)

പ്രിയം—സഖി! ശകുന്തളേ! കുറച്ചുനേരം അവിടെത്തന്നെ നിൽക്കു. നീയടുത്തു നില്ക്കുമ്പോൾ ആ ഇലഞ്ഞിമരം ഒരു ലതയോടു ചേർന്നിരിക്കുന്നതുപോലെ തോന്നുന്നു.

ശകു—ഇതുകൊണ്ടുതന്നെയാണു് നിന്നെ പ്രിയംവദ എന്നു പറയുന്നതു്.

രാജാ—പ്രിയംവദ സത്യമാണു് പറയുന്നതു്, പ്രിയമെന്നു വെച്ചല്ല. ഇവളുടെയാകട്ടെ,

തളിർപോലെ രക്തമധരം
ലളിതമിളം ചില്ലപോലെ കൈരണ്ടും
മലർപോലെ ലോഭനീയമി-
തൊളിമേനിയിൽ വന്നുചേൻ്ന യൌവനവും. ൧൪

അന—സഖി! ശകുന്തളേ! തേന്മാവിൻെറ സ്വയംവരവധുവാക്കി നിശ്ചയിച്ച 'വനജ്യോത്സ്ന'യെന്നു സഖി

---

* പാഠാന്തരം:—

സരസിജമതിരമ്യം ചണ്ടി ചൂഴുന്നകൊണ്ടും
കുളുർമതി രുചി പൂണ്ടീടുന്നിതങ്കത്തിനാലും
അഴകധികമെഴുന്നിത്തന്വി വല്ക്കം ധരിച്ചും
മധുരവടിവിനോർത്താലേതുമേ മണ്ഡനംതാൻ.

പേരിട്ടിട്ടുള്ള മുല്ലയിതാ നില്ക്കുന്നു. ഇതിനെ മറന്നുവോ?

ശകു—എന്നാൽ ഞാനെന്നെയും മറക്കും. (മുല്ലയുടെ അടുത്തു ചെന്നിട്ട്) സഖി! നോക്കു! ഈ വൃക്ഷദമ്പതികൾക്ക് എത്ര ഭംഗിയായ ജോജിപ്പാണുണ്ടായിത്തീൎന്നിരിക്കുന്നത്. മുല്ല ഒന്നാമതായി പൂത്തു യൌവനം തെളിയിച്ചിരിക്കുന്നു. കായക്കുടിയതിനാൽ തേന്മാവ് അനുഭവയോഗ്യവുമായിരിക്കുന്നു. (മുല്ലയെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുന്നു)

പ്രിയം—(പുഞ്ചിരിയോടെ) അനസൂയേ! ശകുന്തള വനജ്യോത്സ്നയെ ഇത്രയും നോക്കുന്നതെന്താണെന്നു മനസ്സിലായോ?

അന—എനിക്കു മനസ്സിലായില്ല. പറയൂ!

പ്രിയം—അതോ, ഈ വനജ്യോത്സ്ന തനിക്കൊത്ത തേന്മാവിനോടു ചേൎന്നതുപോലെ എനിക്കും അനുരൂപനായ ഒരു വരനെക്കിട്ടുമോ എന്നാഗ്രഹിക്കയാണ്.

ശകു—അതു നിന്റെ ഉള്ളിലുള്ള ആഗ്രഹമാണ്. (മുല്ലക്കു നനക്കുന്നു)

രാജാ—ഇവൾ കുലപതിക്ക് അന്യജാതിസ്ത്രീയിലുള്ള മകളായിരിക്കുമോ? അല്ലെങ്കിൽ,

ക്രില്ലില്ല ബാഹുജനു വേൾപ്പതിനൎഹയാണ്—
തല്ലെങ്കിലാൎയ്യമിവളിൽ പതിയാ മനം മേ
വല്ലാതെ സംശയമെഴുന്നവയിൽ പ്രമാണ—
മല്ലോ മനോഗതി പരം സുജനത്തിനോൎത്താൽ.

എന്നാലും ഇവളെപ്പററിപ്പരമാൎത്ഥമറിയണം.

ശകു—(സംഭ്രമത്തോടെ) വെള്ളം നനച്ചപ്പോഠം പരിഭ്രമിച്ച ഒരു വണ്ടിതാ മുല്ലയിൽനിന്നു് എന്റെ മുഖത്തിനു നേരെ പാഞ്ഞുവരുന്നു. (വണ്ടു വന്നുപദ്രവിക്കുന്നതു നടിക്കുന്നു.)

രാജാ—(നോക്കിക്കൊണ്ടാഗ്രഹത്തോടെ)

ചഞ്ചൽക്കൺമുനയേററു നീ വിറയെഴും
പൂമെയ് തൊടുന്നുണ്ടു നീ
കൊഞ്ചിക്കാതിനടുത്തു ചെന്നു പലതും
മന്ത്രിച്ചിടുന്നുണ്ടു നീ
അഞ്ചിക്കൈ കുതറീടവേ രതിപദം
ചെഞ്ചുണ്ടു ചുംബിപ്പു നീ
വഞ്ചിച്ചു പരമാൎത്ഥചിന്തയിഹ മാം
വണ്ടേ ഭവാൻ ഭാഗ്യവാൻ. ൰൯

ശകു—സഖിമാരേ! രക്ഷിക്കണേ! ഈ വികൃതി വന്നുപദ്രവിക്കുന്ന എന്നെ രക്ഷിക്കണേ!

സഖിമാർ—(പുഞ്ചിരിയോടെ) രക്ഷിപ്പാൻ ഞങ്ങളാരാണ്? ദുഷ്ഷന്തനെ വിളിച്ചു നിലവിളിക്കു! രാജാവാണ് തപോവനങ്ങളെ രക്ഷിച്ചുവരാറുള്ളത്.

രാജാ—അടുത്തു ചെല്ലാൻ ഇതവസരമാണ്. പേടിക്കേണ്ട, പേടിക്കേണ്ട. (എന്നു പകുതി പറഞ്ഞപ്പോഠം സ്വഗതം) രാജാവാണെന്നറിഞ്ഞേക്കും. ആട്ടെ, ഇങ്ങനെ പറയാം.

ശകു—ഈ ദുഷ്ടൻ വിട്ടുപോകുന്നില്ലല്ലോ. ഞാൻ മററൊരിടത്തേക്കു മാറിനില്ക്കട്ടെ. (മാറിനിന്നു കണ്ണെറിഞ്ഞു നോക്കീട്ടു്) ഏ! ഇവിടക്കും വരുന്നുവോ?

രാജാ—(പെട്ടന്നു് അടുത്തു ചെന്നിട്ടു്)

എവനാണു് ദുർവ്വിനീതരെ-
യനിശം ശാസിച്ചു പൌരവൻ വാഴ്കെ
അവിനയമതിമുഗ്ദ്ധകളാം
മുനികന്യകമാരിലാചരിപ്പോരിവൻ. ൧൦

കന്യകമാർ രാജാവിനെക്കണ്ടു കുറച്ചു പരിഭ്രമിക്കുന്നു.

അന—ആര്യ! പേടിക്കാനൊന്നുമുണ്ടായില്ല. ഒരു വണ്ടു വന്നു ശല്യപ്പെടുത്തിയതിനാൽ ഞങ്ങളുടെ ഈ പ്രിയ സഖി കുറച്ചു പരിഭ്രമിച്ചു. അത്രയേ ഉള്ളു. (എന്നു ശകുന്തളയെ ചൂണ്ടിക്കാണിക്കുന്നു.)

രാജാ—(ശകുന്തളയുടെ നേരെ നിന്നിട്ടു്) തപസ്സു വർദ്ധിച്ചുവരുന്നില്ലേ?

(ശകുന്തള പരിഭ്രമത്താൽ മിണ്ടാതെ നില്ക്കുന്നു)

അന—വിശിഷ്ടനായ ഒരതിഥിയെക്കിട്ടിയതുകൊണ്ടു് ഇപ്പോൾ പ്രത്യേകിച്ചും. സഖി! ശകുന്തളേ! ആശ്രമത്തിൽ പോയി പഴങ്ങളും അർഘ്യവും എടുത്തുകൊണ്ടു വരൂ. കാൽ കഴുകാനുള്ള വെള്ളം ഇവിടെയുണ്ടു്.

രാജാ—ഇരിക്കട്ടെ. നിങ്ങളുടെ ഈ നല്ല വാക്കുകൊണ്ടു തന്നെ അതിഥിസല്ക്കാരമായി.

പ്രിയം—എന്നാൽ തണലും തണുപ്പുമുള്ള ഈ പാലത്തറയിലിരുന്നു് ആര്യനു ക്ഷീണം തീർക്കാം.

രാജാ—നിങ്ങളും ഈ പ്രവൃത്തികൊണ്ടു ക്ഷീണിച്ചിട്ടുണ്ടല്ലോ!

അന—സഖി! ശകുന്തളേ! അതിഥികളുടെ ഒരുമിച്ചിരിക്കുന്നതു നമുക്കു വേണ്ടതാണു്! ഇരിക്കുക.

(എല്ലാവരും ഇരിക്കുന്നു)

ശകു—(സ്വഗതം) എന്താണിത്? ഇദ്ദേഹത്തെക്കണ്ടിട്ടു തപോവനത്തിനു ചേരാത്ത ഒരു മനോഭാവം എന്നെപ്പിടികൂടുന്നുവല്ലോ.

രാജാ—(എല്ലാവരേയും നോക്കീട്ട്) രൂപവും പ്രായവും ഒത്തിരിക്കുന്നതുകൊണ്ടു നിങ്ങളുടെ കൂട്ടുകെട്ടു പ്രത്യേകിച്ചും നന്നായിരിക്കുന്നുണ്ട്.

പ്രിയം—(സ്വകാര്യം) അനസൂയേ! ഇദ്ദേഹം ആരായിരിക്കാം. നല്ല ഭംഗിയും ഗാംഭീര്യവുമുള്ള ആകൃതി. മധുരവും പ്രിയവുമായ വാക്ക്. പ്രഭുവായിരുന്നിട്ടും ദാക്ഷിണ്യം കാണിക്കുന്നു.

അന—(സ്വകാര്യം) സഖി! എനിക്കും കൌതുകം തോന്നുന്നു. ഇദ്ദേഹത്തോടുതന്നെ ചോദിക്കാം. (പ്രകാശം) അവിടുത്തെ നല്ല വാക്കു കേട്ടിട്ടുണ്ടായ വിശ്വാസംകൊണ്ടു ചോദിക്കുന്നതാണ്. അവിടുത്തെക്കൊണ്ടു ശോഭിക്കുന്ന രാജൎഷിവംശം ഏതാണ്? അവിടുത്തെപ്പിരിഞ്ഞതുകൊണ്ടിപ്പോൾ സങ്കടം അനുഭവിക്കുന്നതേതു നാട്ടുകാരാണ്? ഈ നല്ല ശരീരം എന്തിനാണ് തപോവനപരിശ്രമത്തിലേപ്പ്ടുത്തിയിരിക്കുന്നത്?

ശകു—(സ്വഗതം) മനസ്സേ! വെമ്പാതിരിക്ക്. നീ വിചാരിച്ചതു് അനസൂയ ചോദിക്കുന്നുണ്ട്.

രാജാ—(സ്വഗതം) എങ്ങിനെയാണിപ്പോൾ ആളെ അറിയിക്കുന്നത്. എങ്ങനെയാണ് മറച്ചുവെക്കുന്നത്. ആട്ടേ, ഇങ്ങനെ പറയാം (പ്രകാശം) പുരുവംശരാജാവ് ധൎമ്മങ്ങൾ നടത്തുവാൻ അധികാരപ്പെടുത്തീട്ടുള്ള ആളാണ് ഞാൻ. ആശ്രമങ്ങളിലെ ക്രിയകളെല്ലാം

മുടക്കംവരാതെ നടക്കുന്നില്ലേ എന്നറിവാനായി ഈ ധമ്മാരണ്യത്തിൽ വന്നിരിക്കയാണ്.

അന—ധമ്മം നടത്തുന്നവക്കിപ്പോഠം നല്ലൊരു നാഥനെ കിട്ടി.

(ശകുന്തള ശൃംഗാരലജ്ജ നടിക്കുന്നു.)

സഖിമാർ—(രണ്ടാളുടേയും ഭാവം കണ്ടിട്ടു സ്വകാൎയ്യമായി) സഖി! ശകുന്തളേ! അച്ഛൻ ഇപ്പോഠം ഇവിടെയുണ്ടായിരുന്നു എങ്കിൽ.

ശകു—എന്നാലെന്താ?

സഖിമാർ—ജീവിതസൎവ്വസ്വംകൊണ്ടും ഈ അതിഥിയെ തൃപ്തിപ്പെടുത്തും.

ശകു—കടന്നുപോവിൻ! നിങ്ങളെന്തോ ഉള്ളിൽവെച്ചുകൊണ്ടു പറകയാണ്. നിങ്ങളുടെ വാക്കെനിക്കു കേഠക്കേണ്ട.

രാജാ—നിങ്ങളുടെ സഖിയെപ്പററി ഞാനും ചിലതു ചോദിക്കട്ടേ?

സഖിമാർ—ഈ അപേക്ഷ അനുഗ്രഹംപോലെയാണ്.

രാജാ—ഭഗവാൻ കണ്വമഹഷി നിത്യബ്രഹ്മചാരിയാണെന്നാണ് പ്രസിദ്ധി. നിങ്ങളുടെ ഈ സഖി അദ്ദേഹത്തിൻെറ മകളുമാണ്. അതെങ്ങനെ?

അന—പറയാം. കൌശികൻ എന്നു വംശപ്പേരായിട്ടു വലിയ പ്രഭാവമുള്ള ഒരു രാജഷിയുണ്ടല്ലോ.

രാജാ—ഉണ്ട്. കേട്ടിട്ടുണ്ട്.

അന—അദ്ദേഹമാണ് സഖിയുടെ ജനകൻ. ഉപേക്ഷിച്ചു പോയപ്പോഠം എടുത്തു വളത്തിയതുകൊണ്ടു താതകണ്വൻ ഇവളുടെ അച്ഛനായതാണ്.

രാജാ—ഉപേക്ഷിച്ചുപോകയോ? അതു കേട്ടിട്ട് ആദ്യം മുതല്ക്കുതന്നെ കേൾപ്പാനാഗ്രഹം തോന്നുന്നു.

അന—അവിടുന്നു കേട്ടുകൊള്ളു. മുമ്പ് ആ രാജർഷി കഠിനമായി തപസ്സുചെയ്തുകൊണ്ടിരുന്നപ്പോൾ ദേവകൾക്കു ഭയമായിത്തീർന്നു. തപസ്സു മുടക്കാൻവേണ്ടി 'മേനക' യെന്ന അപ്സരസ്ത്രീയെ അവർ പറഞ്ഞയയ്ക്കയും ചെയ്തു.

രാജാ—മററുള്ളവരുടെ തപസ്സിനെക്കുറിച്ചു ദേവകൾ ഭയപ്പെടുന്നതു പ്രസിദ്ധമാണല്ലോ. എന്നിട്ട്?

അന—എന്നിട്ട്, നല്ല വസന്തകാലത്ത് മനസ്സിന്നു മദംപിടിപ്പിക്കുന്ന അവളുടെ രൂപഗുണം കണ്ടിട്ട്, (ലജ്ജകൊണ്ടു നിർത്തുന്നു.)

രാജാ—ആകട്ടെ, ശേഷമെല്ലാം മനസ്സിലായി. ചുരുക്കത്തിൽ അപ്സരസ്ത്രീയുടെ മകളാണിവൾ.

അന—അതേ.

രാജാ—യോജിക്കുന്നുണ്ട്.

മനുഷ്യസ്ത്രീയിലീരൂപം ജനിച്ചീടുന്നതെങ്ങനെ
തിളങ്ങി മിന്നിടും തേജസ്സിളതന്നിലുദിച്ചിടാ. ൨൧

(ശകുന്തള ലജ്ജകൊണ്ടു തല കുനിച്ചിരിക്കുന്നു.)

രാജാ—(സ്വഗതം) എന്റെ ആഗ്രഹത്തിന്നവകാശം കിട്ടി. പക്ഷേ ഇവളുടെ വരപ്രാർത്ഥനയെപ്പററിപ്പരിഹാസമായി സഖി പറഞ്ഞതു കേട്ടിട്ടുള്ള സംശയംകൊണ്ടു മനസ്സു വീണ്ടും ഭയപ്പെടുന്നു.

പ്രിയം—(പുഞ്ചിരിയോടെ ശകുന്തളയെ നോക്കീട്ടു രാജാ

വിനോട്) അവിടുന്നു പിന്നെയും എന്തോ പറവാൻ ഭാവിച്ചതുപോലെ തോന്നുന്നു.

(ശകുന്തള സഖിയെ വിരലോങ്ങി തർജ്ജിക്കുന്നു.)

രാജാ—ഭവതിക്കു തോന്നിയതു ശരിയാണ്. നല്ല വർത്തമാനം കേൾക്കാനുള്ള കൌതുകംകൊണ്ടു വേറെച്ചിലതുംകൂടി ചോദിപ്പാനുണ്ട്.

പ്രിയം—എന്നാൽ സംശയിക്കേണ്ടതില്ല. തപസ്വിജനങ്ങളോടു ചോദിക്കുന്നതിൽ യാതൊരു തടസ്ഥവുമില്ലല്ലോ.

രാജാ—ഭവതിയുടെ സഖിയെപ്പററി ഇത്രയുംകൂടി അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

വേൾപ്പോളമോ മദനവൃത്തവിരോധിയാമീ
വൈഖാനസവ്രതനിഷേവയിവൾക്കു വേണ്ടൂ
വാഴ്വുള്ള നേത്രരുചിയാൽ പ്രിയമാന്നോരേണീ-
വർഗ്ഗത്തൊടെന്നുമിഹ ചേർന്നമരേണ്ടതുണ്ടോ? ൨൨

പ്രിയം—ആര്യ! ധർമ്മകാര്യങ്ങൾ നടത്തുന്ന സംഗതിയിൽകൂടി ഈയുള്ളവർ അസ്വതന്ത്രരാണ്. ഇവളെ അനുരൂപനായ ഒരു വരനു കൊടുക്കണമെന്നാണ് അച്ഛന്റെ ആഗ്രഹം.

രാജാ—ആ ആഗ്രഹം സാധിപ്പാൻ പ്രയാസംതന്നെ. (സ്വഗതം)

ഇനിയാഗ്രഹിച്ചുകൊൾകെൻ-
മനമേ സന്ദേഹനിർണ്ണയം വന്നു
കനലെന്നു ശങ്ക തേടിയ-
തണിവാനുതകുന്ന രത്നമാണല്ലോ. ൨൩

ശകു—(ശുണ്ഠിയെടുത്ത്) അനസൂയേ! ഞാൻ പോകുന്നു.

അന—എന്തുകൊണ്ട്?

ശകു—ഈ പ്രിയംവദ അസംബന്ധം പുലമ്പുന്നത് ആൎയ്യഗൌതമിയോടു പോയി പറയട്ടേ.

അന—സഖി! സല്ക്കാരംചെയ്തുകഴിയാത്ത അതിഥിയെ വിട്ട് ഇഷ്ടംപോലെ പോകുന്നത് ആശ്രമവാസികൾക്കു മൎയ്യാദയല്ല.

(ശകുന്തള കോപിച്ചു പുറപ്പെടുന്നു.)

രാജാ—(സ്വഗതം) ഏ! പോകുന്നോ? (പിടിച്ചുനിൎത്താൻ കരുതി തന്നെത്താൻ മനസ്സടക്കീട്ട്) ഹ! കാമുകന്റെ മനഃസ്ഥിതി പ്രവൃത്തിയുടെ പകൎപ്പുതന്നെയാണ്.

മുനിസുതയെപ്പിന്തുടരാൻ
തുനിവതു വിനയം ദ്രുതം തടുക്കുകയാൽ
പദമൊന്നിളകാതിലുമെൻ-
മതിയിൽ പോയ്പ്പന്നമട്ടു തോന്നുന്നു. ൨൪

പ്രിയം—(ശകുന്തളയെത്തടുത്തുനിൎത്തീട്ട്) പോവാൻ പാടില്ല.

ശകു—(പുരികം ചുളിച്ചുകൊണ്ട്) എന്തുകൊണ്ടു പാടില്ല?

പ്രിയം—നിനക്കുവേണ്ടി രണ്ടു മരത്തിനു ഞാൻ നനച്ചിട്ടുള്ള കടമുണ്ട്. നനക്കൂ. ഇങ്ങോട്ടു നടക്കൂ. കടം വീട്ടീട്ടു പിന്നെ പോയ്ക്കോളൂ.

(പിടിച്ചു തിരികെ കൊണ്ടുവരുന്നു.)

രാജാ—ഭദ്രേ! വൃക്ഷങ്ങൾക്കു നനച്ചുനനച്ചുതന്നെ ഈ കുട്ടി തളൎന്നിരിക്കുന്നു. ഇതാ ഇവളുടെ,

ഉള്ളംകയ്യധികം തുടുത്തു കുടമേ-
ററിത്തോളു രണ്ടും കിഴി-
ഞ്ഞല്ലോ വേപഥു നൽകിടുന്നു നെടുവീ-
ൎപ്പിക്കൊങ്കകൾക്കിപ്പൊഴും
തെല്ലല്ലീ വദനേ വിയൎപ്പണിശിരീ-
ഷപ്പൂ തടഞ്ഞീടുമാ-
റെല്ലാം ചിന്നിയഴിഞ്ഞ കുന്തലൊരു കൈ-
കൊണ്ടൊന്നു ബന്ധിച്ചതും. ൨൭

സ്വഭാവോക്തി

അതുകൊണ്ടു കടം ഞാൻ തീൎക്കാം. (മോതിരം ഊരി കൊടുപ്പാൻ ഭാവിക്കുന്നു. സഖിമാർ മോതിരത്തിന്മേൽ പേരു കൊത്തിയിരിക്കുന്നതു കണ്ടു പരസ്പരം നോക്കുന്നു.)

രാജാ—മറിച്ചു ശങ്കിക്കേണ്ട. രാജാവിന്റെ മുദ്രയാണിതു്.

പ്രിയം—എന്നാലിതാൎയ്യന്റെ കയ്യു വിടുന്നതു യുക്തമല്ല. അവിടുത്തെ വാക്കുതന്നെ ഇവളുടെ കടം വീട്ടിയിരിക്കുന്നു. (പുഞ്ചിരിയിട്ടു്) സഖി, ശകുന്തളേ! ഈ ദയാലുവായ ആൎയ്യൻ, അല്ലെങ്കിൽ മഹാരാജാവു്, നിന്നെ കടംതീൎത്തൊഴിവാക്കി. ഇനി വേണമെങ്കിൽ പോവാം.

ശകു—(സ്വഗതം) എന്റെ മനസ്സു് എനിക്കധീനമായിരുന്നുവെങ്കിൽ (പ്രകാശം) ഓ! പോവാനനുവദിക്കാനും തടുത്തുനിൎത്താനും നീയാരാ!

രാജാ—(ശകുന്തളയെ നോക്കി സ്വഗതം) എനിക്കങ്ങോട്ടുള്ളതുപോലെ ഇവൾക്കിങ്ങോട്ടും തോന്നുന്നുണ്ടായിരിക്കുമോ? സംശയമില്ല. എനിക്കാഗ്രഹത്തിനു വകയുണ്ടു്. എന്തെന്നാൽ,

എന്നുക്തികൾക്കിവളൊരുത്തരമോതിടുന്നി-
ല്ലെന്നാലുമാദരവിനോടവ കേട്ടിടുന്നു;
എൻനേർക്കു നിന്നിടുവതില്ലിവളെങ്കിലും മ-
റ്റൊന്നിങ്കലും മിഴിയണപ്പതുമില്ല പാരം. ൧൬

(ആകാശത്തിൽ)

ഹേ! ഹേ! താപസന്മാരേ! നിങ്ങളുടെ തപോവനമൃഗങ്ങളെ സൂക്ഷിച്ചു കാത്തുകൊള്ളുവിൻ. നായാട്ടിൽ വിനോദിക്കുന്ന ദുഷ്ഷന്തൻ അടുത്തെത്തിയിരിക്കുന്നു. ഇതാ—

തുരഗഖുരരജസ്സിങ്ങസ്തമിപ്പാൻതുടങ്ങു-
ന്നരുണകിരണമേററിട്ടേററിടും ശോഭയോടും
വിടപനിരകൾതോറും വല്ക്കലം മുക്കിയിട്ടോ-
രുടജതരുഗണത്തിൽ പാററപോൽ പററിടുന്നു. ൧൭

അത്രയുമല്ല,

ഊക്കിൽ കുത്തിയടുത്ത വൃക്ഷമൊരുകൊ-
മ്പിൽ കോർത്തു വള്ളിപ്പട-
പ്പൊക്കെട്ടിവലിച്ചു കാലുകളതിൽ
കെട്ടിപ്പിണഞ്ഞങ്ങനെ
ആക്കം കൂടിയൊരാന മാൻനിര പിരി-
ച്ചോടിച്ചു മൂർത്തം തപോ-
വിഘ്നംപോലെ വരുന്നു ധർമ്മവിപിനേ
തേർ കണ്ടു പേടിച്ചിതാ. ൧൮

(കന്യകമാർ കേട്ടു കുറച്ചു പരിഭ്രമിക്കുന്നു.)

രാജാ—(സ്വഗതം) ശരി, നമ്മെത്തിരഞ്ഞുനടക്കുന്ന നായാട്ടുസംഘക്കാർ തപോവനത്തിന്നുപദ്രവമുണ്ടാക്കുന്നു. തിരിയെപ്പോയേക്കാം.

അന—ആൎയ്യ! ഈ സംഗതി കേട്ടു ഞങ്ങൾക്കും ഭയം തോന്നുന്നു. ആശ്രമത്തിലേക്കു പോവാനനുവാദം തരണം.

രാജാ—പേടിക്കാതെ പോയ്ക്കൊൾക. ഞാനും ആശ്രമങ്ങൾക്കു യാതൊരു ബാധയും തട്ടാത്ത തരത്തിൽ നോക്കിക്കൊള്ളാം.

(എല്ലാവരും എഴുനേല്ക്കുന്നു)

അന—സൽക്കാരം ചെയ്തിട്ടില്ലാത്ത അതിഥിമുഖ്യനെ അടുത്തുതന്നെ കാണ്മാനായി ഇപ്പോൾ പിരിയുന്നു.

രാജാ—ഒരിക്കലും അങ്ങനെയല്ല. നിങ്ങളെക്കണ്ടതുതന്നെ എനിക്കു വലിയ സല്ക്കാരമായി.

(ശകുന്തള ചില വ്യാജം നടിച്ചു നിന്നുകൊണ്ടു സഖികളോടുകൂടിപ്പോയി.)

രാജാ—എനിക്കു നഗരത്തിലേക്കു പോവാൻ താല്പൎയ്യം കുറഞ്ഞു. കൂടെപ്പോന്നവരെക്കണ്ടു തപോവനത്തിൽനിന്നധികമകലെയല്ലാതെ താവളമുറപ്പിക്കണം. ശകുന്തളയുടെ പെരുമാററത്തിൽനിന്നു മനസ്സിനെപ്പിൻമാററാൻ ഞാനാളാകുന്നില്ല.

തന്നു മുന്നിലേക്കു പോവിലും
മനമവശം പിന്നിലേക്കു പായുന്നു.
അനിലനെതിരെ നയിക്കും
കൊടിയുടെ ചീനാംശുകംപോലെ.

(പോയി)

ഒന്നാമങ്കം കഴിഞ്ഞു.

## രണ്ടാമങ്കം

(വിദൂഷകൻ പ്രവേശിക്കുന്നു)

**വിദൂ**—(നെടുവീർപ്പിട്ട്) എനിക്കു നന്ന വെറുത്തു. ഈ നായാട്ടുകാരൻ രാജാവിന്റെ കൂട്ടുകാരനായിരുന്നിട്ടു മതിയായി. ഇതാ ഒരു മാൻ, അതാ ഒരു പന്നി, അതാ പുലി എന്നിങ്ങിനെ നട്ടപ്പറവെയിലത്തു വേനലിൽ വരണ്ടു തണലുംകൂടി കുറഞ്ഞ കാട്ടിൽ ചാടിത്തുള്ളിയോടണം. ഇലകളും ചീഞ്ഞളിഞ്ഞു ചവർത്ത കാട്ടുചോലവെള്ളം ചൂടുപിടിച്ചുകിടക്കുന്നതു മുക്കിക്കുടിക്കേണം. തിന്നാനോ അധികവും ശൂലത്തിൽ കുത്തിക്കോർത്തു പാതിവേവിച്ച മാംസം. അതിനും ഒരു നേരക്കണക്കുമില്ല. കുതിരയുടെ പിന്നാലെ ഓടിയോടി ഒടികഴച്ചുനൊന്തിട്ടു രാത്രിയിലും എനിക്കു കിടക്കപ്പൊറുതിയില്ല. പിന്നെ നേരം പുലരുന്നതിന്നു വളരെ മുമ്പുതന്നെ നായാട്ടുനായ്ക്കളേയുംകൊണ്ടു പുറപ്പെടുന്ന കൂത്താടിമക്കൾ നായാടികൾ കാടു വളയുന്ന ലഹളകൊണ്ടുണർത്തുകയും ചെയ്യും. ഇത്രയുംകൊണ്ടും ഉപദ്രവം തീരില്ലെന്ന മട്ടും ഇപ്പോൾ വന്നിരിക്കുന്നു. കുനിന്മേലൊരു കുരുവുംകൂടിയായി. ഇന്നലെ ഞങ്ങളാരുമില്ലാത്തതരത്തിൽ അവിടുന്ന് ഒരു മാനിന്റെ പിന്നാലെപ്പോയി ആശ്രമസ്ഥലത്തെത്തി. എന്റെ വയറിന്റെ നിർഭാഗ്യം. ശകുന്തളയെന്നൊരു മുനികന്യകയെ അവിടെ കാണിച്ചുകൊടുക്കയും ചെയ്തു. അതിൽ പിന്നെ നഗരത്തിലേക്കു പോകുന്നതിന്റെ ശബ്ദമേ

ഇല്ല. അവളെത്തന്നെ വിചാരിച്ചു മിഴിച്ചുംകൊണ്ടിരിക്കുന്ന കണ്ണിലാണ് ഇന്ന് അവിടേക്കു നേരം വെളുത്തത്. എന്തു ചെയ്യാം. ഏതായാലും നിത്യകർമ്മങ്ങളും മററും കഴിഞ്ഞിരിക്കുന്ന തോഴരെച്ചെന്നു കാണുകതന്നെ. (നടന്നു നോക്കീട്ട്) ഇതാ കാട്ടുപൂക്കൾകൊണ്ടുള്ള മാലയണിഞ്ഞു വില്ലും കയ്യിലെടുത്ത യവനപ്പെണ്ണുങ്ങൾ ചുററും കൂടികൊണ്ട് അവിടുന്നു വരുന്നു. ആട്ടെ, ശരീരം തീരെ സ്വാധീനമില്ലാത്ത മാതിരിയിൽ ഇവിടെ നില്ക്കാം. എന്നാലെങ്കിലും ഇന്നൊരൊഴിവു കിട്ടിയെങ്കിലായല്ലോ.

(മുട്ടംവടിയിന്മേൽ താങ്ങിക്കൊണ്ടു നില്ക്കുന്നു.)

(പറഞ്ഞമാതിരി പരിവാരങ്ങളോടുകൂടി രാജാവു
പ്രവേശിക്കുന്നു.)

രാജാ—(സ്വഗതം)

പ്രിയ സുലഭയല്ലയെങ്കിലു-
മവൾഭാവം കണ്ടു പൊരുതിയുണ്ടുള്ളിൽ
സ്മരകൃത്യം തികയാഞ്ഞിലു-
മിരുവരുമത്ഥിപ്പതൊട്ടു സുഖമേകും. ൧

(ആലോചിച്ചു പുഞ്ചിരിയിട്ട്.) ഇഷ്ടജനത്തിന്റെ മനസ്സിനെ തന്നിഷ്ടമനുസരിച്ചു വ്യാഖ്യാനിക്കുന്ന കാമികൾ അബദ്ധത്തിലാകുന്നതിങ്ങനെയാണ്.

മറേറാരോന്നവൾ നോക്കിടുന്ന വഴിതാൻ
സ്നേഹത്തൊടീക്ഷിച്ചതും
മററും ശ്രോണിഭരാൽ വിലാസമതുപോൽ
മന്ദം നടന്നെന്നതും

ചെററും പോകരുതെന്നുരച്ച സഖിയോ-
ടീഷ്യാകുലം ചൊന്നതും
മുററും മൽപരമാണുപോൽ സ്വതയിലേ
കണ്ണുള്ള കാമിക്കഹോ. ൨

വിദൂ—(അങ്ങനെതന്നെ നിന്നുകൊണ്ട്) തോഴരേ! എൻെറ കയ്യനങ്ങുന്നില്ല. വാക്കുകൊണ്ടുമാത്രം അവിടേക്കു ജയം പറയുന്നു.

രാജാ—(പുഞ്ചിരിയോടെ) ശരീരത്തിന്ന് ഈ കേടെങ്ങനെ പററി?

വിദൂ—എങ്ങനെ പററീ എന്ന്. കണ്ണിൽ കുത്തീട്ട് എന്താ കണ്ണീരു വരണതെന്നു ചോദിക്കുന്നു.

രാജാ—എനിക്കു മനസ്സിലായില്ല.

വിദൂ—ആററുവഞ്ഞി കൂനൻ പുറപ്പെടണതു തമ്പിടുക്കോ ഒഴുക്കിൻെറ മിടുക്കോ?

രാജാ—പുഴയുടെ ഒഴുക്കാണതിന്നു കാരണം.

വിദൂ— ഇതിന്നു കാരണം അവിടുന്നുമാണ്.

രാജാ—എങ്ങനെ?

വിദൂ—അവിടുന്നു രാജ്യകാൎയ്യങ്ങളൊക്കെ വിട്ട് ഇത്രയും കഷ്ടപ്പാടുള്ള സ്ഥലത്തു കാട്ടാളൻെറ മട്ടിൽ കൂടിയിരിക്കയാണ്. കാട്ടുജന്തുക്കളെ ആട്ടിയാട്ടി എൻെറ ശരീരത്തിൻെറ ഏപ്പുകളൊക്കെക്കേടുവന്നു തകരാറായിട്ട് സത്യമായും ഇതെൻെറയല്ലാതായിത്തീൎന്നിരിക്കുന്നു. അതുകൊണ്ട് അവിടുന്നു പ്രസാദിക്കണേ! ഒരു ദിവസത്തേക്കെങ്കിലും എനിക്കൊഴിവു തരാൻ ദയയുണ്ടാവണം.

രാജാ—(സ്വഗതം) ഇയ്യാളും ഇങ്ങനെ പറയുന്നു. എനിക്കും കാശ്യപന്റെ മകളെ ഓൎത്തിട്ടു നായാട്ടിനു മനസ്സു വരുന്നില്ല. എന്തെന്നാൽ,

കുലചിലയതിലമ്പണച്ചു മാനിൻ
കുലമതിലെയ്യുതെനിക്കു സാദ്ധ്യമല്ല
നലമൊടരികിൽ വാണു മുഗ്ദ്ധനോട്ട-
ക്കലയവയോടു പഠിച്ചിരിക്കുമോമൽ. ൩

വിദൂ—(രാജാവിന്റെ മുഖം കണ്ടിട്ടു്) അവിടുന്നെന്തോ മനോരാജ്യം വിചാരിച്ചു മന്ത്രിക്കയാണ്. ഞാൻ കരഞ്ഞതു പരമാൎത്ഥമായിട്ടും കാട്ടിൽത്തന്നെ.

രാജാ—(പുഞ്ചിരിയോടെ) മറെറാന്നുമല്ല. സ്നേഹിതന്മാരുടെ വാക്കു തട്ടിനടക്കരുതല്ലോ എന്നു വിചാരിച്ചു നിന്നതാണ്.

വിദൂ—ദീൎഘായുസ്സായിരിക്കട്ടെ. (പോവാൻ തുടങ്ങുന്നു.)

രാജാ—നില്ക്കു! ഞാൻ മുഴുവൻ പറഞ്ഞുകഴിഞ്ഞില്ല.

വിദൂ—കല്പിക്കാം.

രാജാ—അങ്ങയുടെ ഈ സുഖക്കേടു മാറിക്കഴിഞ്ഞാൽ ക്ലേശം തീരെയില്ലാത്ത മറെറാരു കാൎയ്യത്തിൽ എനിക്കു സഹായം ചെയ്യണം.

വിദൂ—അട പങ്കുവെക്കുന്ന കാൎയ്യത്തിലോ?

രാജാ—പിന്നെപ്പറയാം.

വിദൂ—ക്ഷണം കാത്തിരുന്നുകൊള്ളാം.

രാജാ—(അണിയറക്കു നേരെ നോക്കി) ആരാ അവിടെ?

ദ്വാരപാലൻ—(പ്രവേശിച്ചു്) തിരുമേനി!

രാജാ—രൈവതക! സേനാപതിയെ ഒന്നിങ്ങോട്ടു വിളിക്കൂ!

ദ്വാര—എറാൻ. (പോയി സേനാപതിയോടുകൂടി പ്രവേശിച്ച്) മഹാരാജാവിതാ കല്പന തരുവാൻ ഒരുങ്ങി ഇങ്ങോട്ടുതന്നെ നോക്കിക്കൊണ്ട് എഴുന്നള്ളിയിരിക്കുന്നു. എജ്മാന്ന് അടുത്തു ചെല്ലാം.

സേനാ—(രാജാവിനെക്കണ്ടിട്ടു സ്വഗതം) നായാട്ടിന്നു ചില ദോഷം കാണുന്നുണ്ടെങ്കിലും ഈ തിരുമേനിയിൽ അതു ഗുണം മാത്രമായിട്ടാണ് തീൎന്നിട്ടുള്ളത്. എങ്ങനെയെന്നാൽ,

തിരുവുടലിതജസ്രം വില്ലുലച്ചുഗ്രപൂൎവ്വം
പൊരിവെയിലു സഹിപ്പൂ സ്വേദലേശംപെടാതെ
മെലിയുകിലുമതേതും തോന്നിടാ ലാഘവത്താൽ
ഗിരിചരഗജഗാത്രംപോലിതും പ്രാണസാരം.

(അടുത്തു ചെന്ന്) തിരുമേനി ജയിക്കട്ടെ. കാടു വളഞ്ഞുകഴിഞ്ഞു. ഇനിയെന്താണാവോ താമസം?

രാജാ—നായാട്ടിനെ ദുഷിക്കുന്ന മാഢവ്യൻ എന്റെ ഉത്സാഹമൊക്കെക്കളഞ്ഞു.

സേനാ—(സ്വകാൎയ്യം) സ്നേഹിതാ! അങ്ങു പിടിച്ചതു വിടേണ്ട. ഞാൻ തമ്പുരാന്റെ സേവ പറയട്ടെ. (പ്രകാശം) ഈ വിഡ്ഢിയാനെന്തെങ്കിലും പുലമ്പട്ടെ. നിശ്ചയിക്കേണ്ടതു തിരുമനസ്സുകൊണ്ടല്ലേ. നോക്കുക,

മേദസ്സററുദരം ചുരുങ്ങി ലഘുവാം
മെയ്യായമുണ്ടാം മൃഗ-
വ്രാതം കോപഭയങ്ങളിൽ പ്രകൃതിമാ-
റീടുന്നതും കണ്ടിടാം

എയ്തോരമ്പിളകും കുറിക്കണവതും
വില്ലാളിതൻ മേന്മയാ-
ണോതുന്നു മൃഷ വേട്ടയും വ്യസനമെ-
ന്നെന്തിത്ര സന്തോഷദം. ൭

വിദൂ—അവിടെക്ക് ഒരുവിധത്തിൽ ഭ്രാന്തു മാറിയിരിക്കയാണ്. താൻ വേണമെങ്കിൽ, കാട്ടു പകന്നു ചാടിവന്നു മൂക്കു കടിച്ചുതിന്നാൻ തിടുങ്ങുന്ന ഒരു മുത്തൻ കരടിയുടെ വായിൽ ഇപ്പോൾത്തന്നെച്ചെന്നു വീണുകൊള്ളു.

രാജാ—ഭദ്രസേന! ആശ്രമത്തിന്നടുത്താണ് നമ്മളെത്തിയിരിക്കുന്നത്. അതുകൊണ്ട് അങ്ങയുടെ വാക്കനുസരിക്കുന്നതു ശരിയാവില്ല. ഇന്നാവട്ടെ,

കൂട്ടക്കൊമ്പുമടിച്ചു പോത്തുകൾ കളി-
ച്ചോട്ടേ നിപാനങ്ങളിൽ
കൂട്ടംചേൎന്നു മൃഗങ്ങൾ വാണയവിറ-
ത്തോട്ടേ തണൽപ്പാടിലും
കൂട്ടംപന്നികൾ പല്വലങ്ങളിൽ മുദാ
മുത്തങ്ങ കുത്തിക്കഴി-
ച്ചോട്ടേ ഞാണിതയഞ്ഞു വിശ്രമമിയ-
ന്നീടട്ടെയെൻചാപവും. ൮

സേനാ—തിരുമനസ്സിലെ ഇഷ്ടംപോലെ.

രാജാ—എന്നാൽ മുൻകൂട്ടി കാടുവളയാൻ പോയവരെത്തിരിയേ വരുത്തു. സൈന്യത്തിലുള്ളവർ തപോവനത്തിനടുത്തെങ്ങാനും വരുന്നതു പ്രത്യേകം വിരോധിക്കണം. നോക്കു!

ദ്ധശമമൊട്ടു വാഴും താപസന്മാരിലേററം
കട്ടതയൊടൊരു തേജസ്സുണ്ടു ഗൂഢം കിടപ്പൂ
തൊട്ടുമളവു കളുക്കും സൂൎയ്യകാന്തങ്ങഠംപോലെ
ഝടിതിയതു വമിക്കും മററു തേജസ്സരഞ്ഞാൽ. ൧

സേനാ—കല്പനപോലെ ചെയ്തുകൊള്ളാം.

വിദൂ—തന്റെ ഉത്സാഹമൊക്കെ അവിടെ വെച്ചേക്കു!

(സേനാപതി പോയി.)

രാജാ—(പരിവാരങ്ങളെ നോക്കി) നിങ്ങഠം പോയി നായാട്ടുവേഷം മാററിക്കൊള്ളുവിൻ. രൈവതക! താനും തന്റെ പ്രവൃത്തി നോക്കിക്കൊള്ളു.

പരിവാരങ്ങഠം—കല്പന. (പോയി.)

വിദൂ—ഈച്ചക്കൂട്ടത്തിന്റെ ശല്യമെല്ലാം അവിടുന്നു തീൎത്തു. ഇനി പന്തലിട്ടതുപോലെയുള്ള വള്ളികഠം പടൎന്ന ആ മരത്തണലിൽ പോയി ഇരിക്കുക. ഞാനും സുഖമായി ഒന്നിരിക്കട്ടെ.

രാജാ—മുമ്പിൽ നടന്നുകൊള്ളു.

വിദൂ—എഴുന്നള്ളാം. (രണ്ടാളും നടന്ന് ഇരിക്കുന്നു.)

രാജാ—മാഢവ്യ! കണ്ണുണ്ടായിട്ടുള്ളതിന്റെ ഫലം അങ്ങക്കനുഭവിക്കാൻ തരമായില്ല. കാണേണ്ടത് അങ്ങു കണ്ടില്ലല്ലോ.

വിദൂ—അവിടുന്ന് എന്റെ നേരെ മുമ്പിലാണല്ലോ ഇരിക്കുന്നത്.

രാജാ—അവനവനു സൌന്ദൎയ്യമുണ്ടെന്ന് എല്ലാവൎക്കും തോന്നും. ഞാൻ പറഞ്ഞത് ആശ്രമത്തിന്നൊരാഭരണമായ ആ ശകുന്തളയെപ്പററിയാണ്.

വിദൂ—(സ്വഗതം) അഹാ! ഇതിനു ഞാൻ തരം കൊടുക്കില്ല. (പ്രകാശം) അവിടേക്കിപ്പോൾ ഒരു താപസകന്യകയും ആഗ്രഹിക്കത്തക്കതായിട്ടാണോ തോന്നുന്നതു്?

രാജാ—സ്നേഹിത! അരുതാത്ത കാര്യത്തിൽ പൌരവന്മാരുടെ മനസ്സു ചെല്ലാറില്ല.

സുരയുവതി പെററതാണവൾ
ജനനി വെടിഞ്ഞിട്ടെടുത്തതാണു മുനി
നവമാലിക പൂത്തൊരു പൂ—
വവശം ഞെട്ടററെരുക്കിൽ വീണവിധം.

വിദൂ—ഈത്തപ്പഴം തിന്നു തിന്നു ചെടിച്ചാൽ കുറച്ചു പുളിങ്ങ തിന്നാൽ കൊള്ളാമെന്നു തോന്നാറുണ്ടല്ലോ. അതുപോലെയാണ് സ്ത്രീരത്നങ്ങളെ വെറുത്ത അവിടുത്തെ ഈ ആഗ്രഹം.

രാജാ—അങ്ങവളെക്കാണാത്തതുകൊണ്ടാണിങ്ങനെ പറയുന്നതു്.

വിദൂ—അവിടേക്കുപോലും വിസ്മയം തോന്നിച്ച വസ്തു നല്ലതുതന്നെയായിരിക്കണം.

രാജാ—സ്നേഹിത! എന്തിനധികം പറയുന്നു,

ചിത്രം ചിന്തിച്ചെഴുതി നിട്ടതം
ജീവനർപ്പിച്ചതാമോ
സദ്രൂപം ചേർത്തഥ വിധി മനം—
കൊണ്ടു നിർമ്മിച്ചതാമോ

മററൊന്നാണത്തരുണീമണിതൻ
സൃഷ്ടിയെന്നോ നിനപ്പേൻ
മറവും ധാതുസ്ഥിതിയുമവൾതൻ
മെയ്യുമോർത്തോത്തു ചിത്തേ. ൯

വിദൂ—അങ്ങനെയാണെങ്കിൽ അവളിപ്പോൾ സുന്ദരിമാരെയൊക്കെക്കെടത്തിവെച്ചുവല്ലോ.

രാജാ—എൻെറ ഉള്ളിൽ ഇങ്ങനെയും വിചാരമുണ്ട്.

പുഷ്പം ഘ്രാണിച്ചിടാതുള്ളതു തളിർ നഖരം
തട്ടിടാതുള്ളതുദ്യ-
ദ്രത്നം മെയ്യിൽധരിക്കാത്തതു പുതിയൊരു തേൻ
സ്വാദുനോക്കാത്തതേവം
സൽപുണ്യത്തിൻ ഫലം കേളവികലമിവതാൻ
തന്വിതൻ ശുദ്ധരൂപം
ഭോക്താവായേവനെച്ചേർത്തിടുമിനി വിധിയെ-
ന്നിങ്ങറിഞ്ഞീല ഞാനോ. ൧൦

വിദൂ—എന്നാൽ അവിടുന്ന് ഉടനെ അവളെ രക്ഷിക്കണം. ഓടലെണ്ണ പുരണ്ടൊട്ടിപ്പിടിച്ച ചിടയുള്ള വല്ല കാടൻമുനിയുടെയും കയ്യിലകപ്പെട്ടേക്കും.

രാജാ—ആ കുട്ടി സ്വതന്ത്രയല്ല. അച്ഛനിപ്പോൾ ഇവിടെയില്ലതാനും.

വിദൂ—ആട്ടെ, അവിടുത്തെക്കുറിച്ച് അവളുടെ നോട്ടത്തിൻെറയും മററും മട്ടെന്താണ്?

രാജാ—പകിട്ടൊന്നും താപസകന്യകമാക്കറിഞ്ഞുകൂടാ. എന്നാലും,

നേരിട്ടു നിന്നളവു സുന്ദരി കണ്ണെടുത്താൾ
വേറിട്ടു സംഗതികൾകൊണ്ടു ചിരിച്ചുകൊണ്ടാൾ
ചേരുംവിധം വിനയമങ്ങു തടുക്കമൂലം
മാരൻ തെളിഞ്ഞു വിലസീല മറഞ്ഞുമില്ല. ൧൧

വിദൂ—പിന്നെ അവളവിടുത്തെ കാണുമ്പോഴെക്കുംതന്നെ മടിയിൽ കയറിയിരിക്കുമോ?

രാജാ—തമ്മിൽ പിരിയുമ്പോഴാകട്ടെ ലജ്ജയുണ്ടായിരുന്നിട്ടും മനോഭാവം കുറച്ചു സ്പഷ്ടമാക്കുകതന്നെ ചെയ്തു—

ചിക്കെന്നു ദർഭമുനയേററിതു കാലിലെന്നായ്
മുഗ്ദ്ധാംഗി നിന്നു ചില ചോടു നടന്നകാണ്ടേ
വക്ത്രം തിരിച്ചു തരുശാഖകളിൽത്തടഞ്ഞു
നിൽക്കാത്ത വല്കവുമഹോ വിടുവിച്ചു മന്ദം. ൧൨

വിദൂ—അങ്ങനെയാണെങ്കിൽ തീർച്ചയായും അവിടെക്കു പൊതിച്ചോറെടുക്കാം. ആകപ്പാടെ അവിടുന്നു കുറച്ചു കാലത്തെക്കു തപോവനത്തിൽ ശല്യമൊന്നും വരാതാക്കി.

രാജാ—സ്നേഹിത! മഹർഷിമാരിൽ ചിലർക്കെന്നെ മനസ്സിലായിരിക്കുന്നു. ഒരിക്കൽക്കൂടി ആശ്രമത്തിൽ ചെന്നുകൂടാൻ എന്തു സൂത്രമാണെടുക്കേണ്ടതു്?

വിദൂ—എന്തിനാണു് മറെറാരു സൂത്രം? അവിടുന്നു രാജാവല്ലേ? വരിനെല്ലിൽ ആറിലൊന്നു കരംപിരിയേണ്ടതുണ്ടല്ലോ. അതു മുനിമാരോടു കൊണ്ടുവരാൻ പറഞ്ഞു ചെന്നുകൂടണം.

രാജാ—വിഡ്ഢി! ഇവരെ രക്ഷിക്കുന്നതുകൊണ്ടു മറെറാരു വലിയ ധനം നമുക്കു കിട്ടുന്നുണ്ടു്. അതു് അനവധി രത്നങ്ങളേക്കാളും വിലപിടിച്ചതാണു്. നോക്കൂ—

നാട്ടാരിൽനിന്നു ഭൂപക്കു കിട്ടുമത്ഥം ക്ഷയിപ്പതാം
അക്ഷയ്യമേകുന്നു തപഷ്ഷഷ്ഠാംശം വനവാസികൾ. ൧൩.

(അണിയറയിൽ)

ആവൂ! ഞങ്ങൾ കൃതാത്ഥരായി.

രാജാ—(കേട്ടിട്ടു്) ഹാ! ധീരവും ശാന്തവുമായ ശബ്ദം. തപസ്വികളായിരിക്കണം.

ദ്വാരപാലകൻ—(പ്രവേശിച്ചു വന്ദിച്ചു്) രണ്ടു മഹഷികുമാരന്മാർ നടയ്ക്കലെത്തിയിരിക്കുന്നു.

രാജാ—എന്നാൽ വേഗം കൂട്ടിക്കൊണ്ടുവരൂ.

ദ്വാര—കല്പന. (പോയി മുനികുമാരന്മാരോടുകൂടി വന്നിട്ടു്) ഇങ്ങോട്ടു വരാം.

(രണ്ടാളും രാജാവിനെ നോക്കുന്നു.)

ഒരാൾ—ഹ! തേജസ്സു ജ്വലിക്കുന്നുണ്ടെങ്കിലും ഈ ആകൃതി വിശ്വാസയോഗ്യവുമായിരിക്കുന്നു. അല്ലെങ്കിൽ ഇതു യുക്തംതന്നെ. ഈ രാജാവിനു മഹഷിമാരിൽനിന്നു വളരെ വ്യത്യാസമില്ലല്ലോ.

എല്ലാവക്കും സുഖജനകമാ-
മാശ്രമേ വാണിടുന്നു-
ണ്ടെല്ലാ നാളും തപവുമിഹ നേ-
ടുന്നു സംരക്ഷയാലേ
സ്വല്ലോകത്തും വശിയിവനഹോ
ചാരണദ്വന്ദ്വഗീതം
ചൊല്ലിക്കേൾക്കുന്നിതു മുനിപദം
കേവലം രാജപൂവ്വം. ൧൪

മറേറ ആൾ—ഇദ്ദേഹമാണോ ഇന്ദ്രസഖനായ ആ ദുഷ്ഷന്തരാജാവ്?

ഒന്നാമൻ—അതേ.

രണ്ടാമൻ—എന്നാൽ,

ചെററും വിസ്മയമില്ല ചണ്ഡപരിഘ-
 പ്രൗഢബാഹുവാമിപ്പുമാ-
നൊററക്കാഴികൾ ചൂഴുമൂഴിമുഴുവൻ
 പാലിച്ചു പോരുന്നതിൽ
ദൈത്യപ്പോരിനൊരുങ്ങുമപ്സരസദ-
 സ്സിദ്ധന്വീതന്റെ വില്ലിലും
ശക്രൻതൻ കുലിശത്തിലും വിജയമാ-
 ശംസിപ്പിതല്ലോ ദൃഢം. ൧൩

രണ്ടാളും—(അടുത്തു ചെന്ന്) മഹാരാജാവു ജയിക്കട്ടെ!

രാജാ—(എഴുന്നേററ്) നിങ്ങൾക്കു നമസ്കാരം.

രണ്ടാളും—നല്ലതു വരട്ടെ. (പഴങ്ങൾ കാഴ്ചവെയ്ക്കുന്നു.)

രാജാ—(വന്ദിച്ചു സ്വീകരിച്ചിട്ട്) കല്പന കേൾക്കാനാഗ്രഹിക്കുന്നു.

ഒന്നാമൻ—അവിടുന്നിവിടെ എത്തീട്ടുണ്ടെന്ന് ആശ്രമവാസികളറിഞ്ഞു. അതുകൊണ്ട് അവിടുത്തോടവരപേക്ഷിക്കുന്നു.

രാജാ—എന്താണവരരുളിച്ചെയ്യുന്നത്?

ഒന്നാമൻ—കുലപതി കണ്വമഹർഷി ഇവിടെയില്ലാത്തതിനാൽ രാക്ഷസന്മാർ വന്നു ഞങ്ങളുടെ യാഗകർമ്മങ്ങൾക്കു വിഘ്നം വരുത്തുന്നു. അതുകൊണ്ടു കുറച്ചു ദിവ

സം അവിടുന്നു തേരാളിയോടുകൂടി ആശ്രമത്തെസ്സനാഥമാക്കിയാൽ കൊള്ളാമെന്നാണവരപേക്ഷിക്കുന്നതു്.

രാജാ—എന്നെ അവരനുഗ്രഹിക്കയാണിതു്.

വിദൂ—(സ്വകാര്യം) ഈ അപേക്ഷ അവിടേക്കു നല്ല തരത്തിൽ കിട്ടി.

രാജാ—(പുഞ്ചിരിയിട്ടിട്ടു്) രൈവതക! വില്ലും ശരങ്ങളും കൊണ്ടു തേരു വേഗം ഇങ്ങോട്ടു കൊണ്ടുവരണമെന്നു ഞാൻ പറഞ്ഞതായിസ്സൂതനോടു പറയൂ!

ദ്വാര—കല്പന. (പോയി)

മുനികുമാരന്മാർ—(സന്തോഷത്തോടെ)

യുക്തമിഹ പൂർവ്വരെയനു-
വർത്തിച്ചീടും ഭവാനിതത്യന്തം
ആർത്താഭയസത്രത്തിൽ
ദീക്ഷിതരല്ലോ പുരുനൃപന്മാർ.

രാജാ—നിങ്ങൾക്കു മുമ്പേപ്പോവാം. ഞാനിതാ പിന്നാലെത്തന്നെ എത്തിക്കഴിഞ്ഞു.

മുനികു—അവിടേയ്ക്കു ജയം. (പോയി)

രാജാ—മാഢവ്യ! ശകുന്തളയെക്കാണാൻ അങ്ങയ്ക്കാഗ്രഹമുണ്ടോ?

വിദൂ—മുമ്പു കേമമായി ഒഴുകിയിരുന്നു. രാക്ഷസന്മാരുടെ കഥ കേട്ടിട്ടിപ്പോൾ ഒരു തുള്ളിപോലും ബാക്കിയില്ല.

രാജാ—പേടിക്കേണ്ട. അങ്ങു് എന്റെ അടുത്തല്ലേ ഇരിക്കുക.

വിദൂ—ആവൂ! ഈയുള്ളവൻ രാക്ഷസന്മാരിൽനിന്നു രക്ഷപ്പെട്ടു.

ദ്വാരപാലൻ—(പ്രവേശിച്ച്) തേരൊരുക്കി നിത്തിക്കഴിഞ്ഞു. വിജയത്തിന്നുള്ള എഴുന്നാള്ളത്തു കാത്തിരിക്കയാണ്. പിന്നെ, നഗരത്തിൽനിന്നു മഹാരാജ്ഞിതിരുമനസ്സിലെ കല്പനയുംകൊണ്ടു കരഭകൻ വന്നിട്ടുണ്ട്.

രാജാ—(ആദരവോടെ) അമ്മ അരുളിച്ചെയ്തയച്ചിട്ടോ?

ദ്വാര—എറാൻ

രാജാ—എന്നാൽ വരാൻ പറയൂ!

ദ്വാര—കല്പന. (പോയി കരഭകനോടുകൂടി പ്രവേശിച്ചിട്ട്) അതാ അങ്ങോട്ടു ചെന്നുകൊള്ളൂ.

കര—(അടുത്തു ചെന്നു വന്ദിച്ച്) തിരുമേനി ജയിക്കട്ടെ. മഹാരാജ്ഞി കല്പിക്കുന്നു. "നാലാന്നാൾ എൻെറ വ്രതം കാലംകൂട്ടുകയാണ്. എൻെറ ദീൎഘായുസ്സുള്ള മകൻ അതിന്നു തീൎച്ചയായും ഇവിടെ ഉണ്ടായിരിക്കണം" എന്ന്.

രാജാ—ഇവിടെ മഹൎഷിമാരുടെ കാൎയ്യം. അവിടെ അമ്മയുടെ കല്പന. രണ്ടും തള്ളാവുന്നതുമല്ല; എന്താണ് ചെയ്യേണ്ടത്?

വിദൂ—ത്രിശങ്കുവിനെപ്പോലെ രണ്ടിൻെറയും നടുക്കു നില്ക്കുക.

രാജാ—സത്യമായിട്ടും ഞാൻ കുഴക്കത്തിലായിരിക്കുന്നു.

മുട്ടുള്ള കാൎയ്യങ്ങൾ വിഭിന്നദിക്കിൽ-
പ്പെട്ടോരുമൂലം മമ ഹൃത്തിദാനീം
പെട്ടെന്നു രണ്ടായ്പിരിയുന്നു കുന്നിൽ
മുട്ടിത്തടഞ്ഞോരു പുഴയ്ക്കു തുല്യം. ഉപമ ൧൧

(ആലോചിച്ച്) സ്നേഹിത! അങ്ങയെ അമ്മ പുത്രനെ പ്പോലെകരുതി വളൎത്തിവന്നിട്ടുണ്ടല്ലോ. അതുകൊണ്ട് അങ്ങിവിടെനിന്നു മടങ്ങിച്ചെന്നു ഞാൻ മഹൎഷിമാരു ടെ കാൎയ്യത്തിലേൎപ്പെട്ടിരിക്കയാണെന്നറിയിച്ച് അമ്മക്കു വേണ്ട പുത്രകൃത്യം നടത്തണം.

വിദൂ—എനിക്കു രാക്ഷസന്മാരെപ്പേടിയുണ്ടെന്നൊന്നും അവിടുന്നു വിചാരിക്കില്ലല്ലോ.

രാജാ—(പുഞ്ചിരിയോടെ) ഏയ്! അങ്ങയെപ്പററി എങ്ങനെയാണതു സംശയിക്കുന്നത്?

വിദൂ—എന്നാൽ രാജാവിൻെറ ഒരനുജൻ പോകുന്നമാതിരി ഞാൻ പൊയ്ക്കൊള്ളാം.

രാജാ—തപോവനത്തിനു യാതൊരു ശല്യവും വരാതെ നോക്കേണ്ടതുണ്ടല്ലോ. കൂടെപ്പോന്നിട്ടുള്ള സൈന്യങ്ങളേയും എല്ലാം അങ്ങയുടെ ഒരുമിച്ചു പറഞ്ഞയച്ചേയ്ക്കാം.

വിദൂ—എന്നാൽ ഞാനിപ്പോൾ എളയതമ്പുരാനുമായി.

രാജാ—(സ്വഗതം) ഈ വിടുവായനൊരു ചപലനാണ്. ഒരു സമയം നമ്മുടെ ഈ ആഗ്രഹത്തെപ്പററി അന്തഃപുരത്തിലുള്ളവരോടു പറഞ്ഞേക്കും. ആട്ടെ. ഇയ്യാളോടിങ്ങനെ പറയാം. (വിദൂഷകൻെറ കയ്യു പിടിച്ചിട്ട്) സ്നേഹിത! മഹൎഷിമാൎക്കുള്ള മാന്യതകൊണ്ടാണ് ഞാനാശ്രമത്തിലേക്കു പോകുന്നത്. മുനികന്യകയായ ശകുന്തളയെപ്പററി വാസ്തവത്തിൽ എനിക്കു ലേശംപോലും ആഗ്രഹമില്ല. വിചാരിച്ചുനോക്കു,

* സ്മരനെത്തിരിയാതെ മാൻകിടാവൊ-
ത്തിഹ വധിച്ചവളെങ്ങു നമ്മളെങ്ങോ
വെറുതേ വെടിചൊന്നതാണിതെല്ലാം
ശരിയാണെന്നു നിനച്ചിടായ്കെടോ താൻ.

വിദൂ—അങ്ങനെതന്നെ.

(എല്ലാവരും പോയി.)

രണ്ടാമങ്കം കഴിഞ്ഞു.

---

* മദനനെയറിയാതെ മാൻകിടാവൊ-
ത്തിവിടെ വന്മളന്നവളെങ്ങു നമ്മളെങ്ങോ
വെറുതെ വെടിപറഞ്ഞതാണിതെല്ലാം-
മത്തു ശരിയെന്നു നിനച്ചിടായ്കെടോ താൻ. (പാഠാന്തരം)

# മൂന്നാമങ്കം

(ദർഭക്കെട്ടെടുത്തുകൊണ്ടു യജമാനശിഷ്യൻ
പ്രവേശിക്കുന്നു.)

ശിഷ്യൻ— അമ്പോ! ദുഷ്ഷന്തരാജാവു മഹാകേമൻതന്നെ. അദ്ദേഹം ആശ്രമത്തിൽ കടന്നപ്പോഴക്കുതന്നെ ഞങ്ങളുടെ ക്രിയ നടത്തുന്നതിന്നുള്ള ഉപദ്രവമൊക്കെ ത്തീൎന്നു.

അസ്ത്രം തൊടുത്താൽ കഥയെ-
ന്തെത്തും വിഘ്നത്തെ മന്നവൻ
നീക്കുന്നു വില്ലിൻ ഹുങ്കാര-
മൊക്കും ഞാണൊലികൊണ്ടുതാൻ.

വേദികളിൽ പരിസ്തരിക്കാനുള്ള ഈ ദർഭപ്പുല്ലു് ഋത്വിക്കുകൾക്കെത്തിക്കാറായി. കൊണ്ടെകൊടുക്കട്ടെ. (നടന്നു നോക്കീട്ടു് ആകാശത്തിനു നേരെ) പ്രിയംവദേ! ആൎക്കാണു് രാമച്ചമരച്ചതും തണ്ടുള്ള താമരയിലകളും കൊണ്ടുപോകുന്നതു്? (ചെവിയോൎത്തു്) എന്താണു് പറഞ്ഞതു്? വെയിലുകൊണ്ടിട്ടു ശകുന്തളക്കു തീരെസ്സുഖമില്ല. അവളുടെ ശരീരം ഒന്നു തണുപ്പിക്കാനാണു് എന്നോ? എന്നാൽ വേഗം കൊണ്ടുചെല്ലു. കുലപതിക്കു ജീവനാണവൾ; ഞാനും യാഗത്തിൻെറ ശാന്തിതീൎത്ഥം ഗൌതമിയുടെ കയ്യിൽ കൊടുത്തയക്കാം. (പോയി)

വിഷ്കംഭം:

(കാമപീഡിതനായ നിലയിൽ രാജാവു പ്രവേശിക്കുന്നു.)

രാജാ— അറിവേൻ തപോബലം ഞാൻ
പരവതിയാപ്പെട്ടതലെന്നുമറിയാം മേ

പരമെങ്കിലുമാളല്ലീ-
ക്കരളവിടുന്നിങ്ങു പിന്തിരിച്ചീടാൻ. ൨

(കാമബാധ നടിച്ച്) ഭഗവാനേ! പുഷ്പായുധ! അവിടുന്നും ചന്ദ്രനും കാമിജനങ്ങളെ വിശ്വസിപ്പിച്ചു ചതിക്കയാണ് ചെയ്യുന്നത്. എന്തെന്നാൽ,

മലർബാണനങ്ങു കുളുർകാന്തിതിങ്കളീ-
ന്നില മാദൃശക്കു ശരിയല്ല കാണുകിലോ
കനൽതൂകിടുന്നു ശശി ശീതരശ്മിയാ-
ലലരമ്പു വജ്രദൃഢമാക്കിടുന്നു നീ. ൩

(പതുക്കെ നടന്ന്) ഇപ്പോഴത്തെ ഹോമകർമ്മം കഴിഞ്ഞു സദസ്യന്മാർ എന്നെ വിശ്രമിക്കാനനുവദിച്ചിരിക്കുന്നു. പക്ഷേ ഈ തളന്ന മനസ്സിനെ എങ്ങനെയാണ്, എവിടെയിരുന്നിട്ടാണ് വിനോദിപ്പിക്കേണ്ടത്. (നെടുവീർപ്പിട്ട്) പ്രിയതമയെക്കാണുകയല്ലാതെ മറ്റെന്താണെനിക്കു ഗതി. അവളെവിടെയാണെന്നു നോക്കാം. (മേൽപ്പോട്ടു നോക്കീട്ട്) കൊടുംവെയിലുള്ള ഈ ഉച്ചസമയത്ത് അധികവും മാലിനീതീരത്തിലെ വള്ളിക്കുടിലുകളിലാണ് ശകുന്തളയും സഖിമാരും കഴിച്ചുകൂട്ടാറുള്ളത്. അങ്ങോട്ടു തന്നെ പോവാം. (നടന്നു സ്പർശം നടിച്ച്) ഹ! ഈ പ്രദേശത്തു നല്ല കാറ്റുണ്ട്.

കഴിവുണ്ടിഹ മാലിനീതരംഗ-
ത്തരിചേർന്നും നവപത്മഗന്ധമാർന്നും
ചെറുതെന്നൽ വരുന്നതംഗജത്തീ-
യെരിയും മെയ്യിലണച്ചു പൂണ്ടുകൊൾവാൻ. ൪

(പിന്നെയും നടന്നുനോക്കീട്ട്) ചുററും ആററുവഞ്ചിയുള്ള ഈ വള്ളിക്കുടിലിൽ പ്രിയതമയുണ്ടായിരിക്കണം. എന്തെന്നാൽ,

മുന്നോട്ടുയൎന്നുകൊണ്ടും
പിന്നിൽ ശ്രോണീഭരത്തിനാൽ താണും
വെണ്മണൽമയമാമിതിനുടെ
മുന്നിൽക്കാണുന്നു പുതിയ കാലടികൾ. ൭

ഈ വള്ളിക്കൊമ്പുകളുടെ ഇടയിൽക്കൂടി നോക്കട്ടെ. (നോക്കീട്ട്) ആവു! കണ്ണിന്നു കുളൎമ കിട്ടി. ഇതാ എന്റെ മനോരഥപ്രിയതമ പൂക്കൾ വിരിച്ച മയപ്പെടുത്തിയ പാറമേൽ കിടക്കുന്നു. സഖികളും അടുക്കലിരിക്കുന്നു. ആട്ടെ, ഇവരുടെ വിശ്വാസസല്ലാപങ്ങൾ കേൾക്കട്ടെ. (നോക്കിക്കൊണ്ടു നില്ക്കുന്നു.)

(പറഞ്ഞ മാതിരിയിൽ ശകുന്തളയും സഖിമാരും പ്രവേശിക്കുന്നു.)

സഖിമാർ—(വീയിക്കൊണ്ട്) സഖി, ഈ താമരയില കൊണ്ടു വീയുമ്പോൾ കുറച്ചു സുഖം തോന്നുന്നുണ്ടോ?

ശകു—സഖിമാർ എന്നെ വീയുന്നുണ്ടോ?

(സഖിമാർ വിഷാദത്തോടെ പരസ്പരം നോക്കി കണ്ണു തുടക്കുന്നു.)

രാജാ—ശകുന്തളക്കു തീരെസ്സുഖമില്ലാതെ കാണുന്നുവല്ലോ! ഇതിന്നു കാരണം വെയിലിന്റെ ചൂടോ അതോ കാമതാപമായിരിക്കുമോ? രണ്ടുവിധത്തിലും വരാൻ വഴിയുള്ളതായിത്തോന്നുന്നു. അല്ലെങ്കിൽ സംശയിക്കേണ്ടതില്ല.

രാമച്ചം കൊങ്കമേലും ബിസവലയമയ-
ഞ്ഞതങ്ങു കയ്ത്തണ്ടിലും ചേ-
ത്തോമനമെയ്യ് പീഢപൂണ്ടേ മരുവുകിലുമഹോ
രമ്യമായ്ക്കണ്ടിടുന്നു.
കാമം പാത്താൽ സമം താനിഹ കുസുമശര-
ഗ്രീഷ്മതാപങ്ങളെന്നാ-
ലീമട്ടുണ്ടാക്കിടാ നല്ലഴകു യുവതികൾ-
ക്കെന്നുമേ ഘർമ്മതാപം.

പ്രിയം—(സ്വകാര്യം) അനസൂയേ! ആ രാജർഷിയെ ആദ്യമായിക്കണ്ട അന്നു തുടങ്ങി ശകുന്തളക്കു വല്ലാത്തൊരുൽകണ്ഠയും ക്ഷീണവും കാണുന്നുണ്ട്. ഈ സുഖക്കേട് ആ വഴിക്കുള്ളതുതന്നെയായിരിക്കുമോ?

അന—(സ്വകാര്യം) സഖി! എന്റെ ഉള്ളിലും അതുതന്നെയാണ് സംശയം. ഇവളോടു ചോദിച്ചുനോക്കാം. (പ്രകാശം) സഖി! നിന്റെ സുഖക്കേടിന്നു വലിയ ശക്തി കാണുന്നു. ഒരു സംഗതി ചോദിക്കാനുണ്ട്.

ശകു—(പകുതിയെഴുന്നേററു) സഖിക്കെന്താണ് പറയാനുള്ളത്?

അന—സഖി! ശകുന്തളേ! അനുരാഗത്തിന്റെ കഥകളൊന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. എന്നാൽ അതു പിടിപെട്ടവരുടെ സ്ഥിതി ഇതിഹാസഗ്രന്ഥങ്ങളിൽ എങ്ങനെ വിവരിച്ചിട്ടുണ്ടോ ആ മാതിരിയാണ് നിന്റെ സ്ഥിതിയും കാണുന്നത്. പറയൂ! എന്തുകൊണ്ടാണ് സഖിക്ക് ഈ സുഖക്കേടെന്നു പറയൂ! രോഗം ശരിയായറിയാതെ എങ്ങനെയാണ് ചികിത്സ തുടങ്ങുക?

രാജാ—എൻെറ ഊഹം അനസൂയക്കും ഉണ്ടായി. സ്വന്തം ആഗ്രഹംകൊണ്ട് എനിക്കു തോന്നിയതല്ല.

ശകു—(സ്വഗതം) എൻെറ അഭിനിവേശം വളരെ ശക്തിയുള്ളതുതന്നെ. ഇവരോടുപോലും പെട്ടന്നു പറവാനാളാകുന്നില്ല.

പ്രിയം—സഖി! ഇവൾ പറയുന്നതു ശരിയാണ്. എന്താണ് സ്വന്തം സുഖക്കേടിനെ വകവെക്കാത്തത്? സഖി ദിവസംപ്രതി ക്ഷീണിച്ചു മെലിഞ്ഞുവരുന്നുണ്ടല്ലോ. സൌന്ദൎയ്യംകൊണ്ടുള്ള ഭംഗി മാത്രമേ കുറയാതെയുള്ളു.

രാജാ—പ്രിയംവദ പറഞ്ഞതു പരമാൎത്ഥമാണ്.

ക്ഷീണിച്ചു കവിൾ വീണ്ടുമിക്കുചയുഗേ
  കാഠിന്യമററു തുലോം
താണു തോളുകളേറെ വാടിയുദരം
  പാടേ വിളൎത്തു നിറം
കാണെക്കാണെ വിഷാദവും കുതുകവും
  നൽകുന്നു കാമാൎത്തയാ-
മേണാക്ഷീമണി പത്രമൊക്കെയുതിരും
  കാറേററ വാസന്തിപോൽ. ൧

ശകു—വേറെയാരോടാണ് ഞാൻ പറയുന്നത്. ഇവൾ നിങ്ങൾക്കു ക്ലേശമുണ്ടാക്കിത്തീൎക്കാം.

സഖിമാർ—അതുകൊണ്ടുതന്നെയാണു നിൎബ്ബന്ധിക്കുന്നത്. ദുഃഖം ചങ്ങാതികൾക്കു പങ്കിട്ടാൽ തിങ്ങലൊഴിയുമല്ലോ.

രാജാ—ഒപ്പം ദുഃഖസുഖങ്ങളുള്ള സഖിമാർ
ചോദിക്കയാൽപ്പൈതലാ-
ളുൾപ്പൂവിൽ പടുമാധിമൂലമധുനാ
ചൊല്ലാതിരിക്കാ ദൃഢം
മുൽപ്പാടാശയൊടും തിരിഞ്ഞു പലവ-
ട്ടം ദൃഷ്ടനെന്നാലുമി-
ന്നിപ്പോഴെന്തിഹ കേൾക്കുമെന്നവശമായ്
ചിത്തം പിടക്കുന്നു മേ. ൮

ശകു—സഖി! തപോവനത്തെ രക്ഷിപ്പാൻ വന്ന ആ രാജർഷിയെക്കണ്ടതുമുതൽ അദ്ദേഹത്തെപ്പററിക്കടന്നുകൂടിയ ആഗ്രഹം എന്നെ ഈ നിലയിലാക്കിത്തീർത്തു.

രാജാ—(രോമാഞ്ചംകൊണ്ടിട്ട്) കേൾക്കേണ്ടതു കേട്ടു.

സ്മരൻതാൻ ചേർത്തു സന്താപമവൻതാനതു തീർത്തു മേ
പരം കറുത്ത ഘർമ്മാന്തദിനം ലോകത്തിനെന്നപോൽ. ൯

ശകു—അതുകൊണ്ട്, നിങ്ങൾക്കു സമ്മതമാണെങ്കിൽ ആ രാജർഷിക്ക് എൻെറ പേരിൽ ദയ തോന്നാൻ വേണ്ടതു ചെയ്യണം. അല്ലാത്തപക്ഷം ഉടനെ എനിക്ക് ഉദകക്രിയ ചെയ്തുകൊള്ളുവിൻ.

രാജാ—സംശയമററ വാക്ക്.

പ്രിയം—(സ്വകാര്യം) അനസൂയേ! കാമാവസ്ഥ അങ്ങേഅററത്തെത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി താമസിക്കവയ്യ. പുരുവംശത്തിനലങ്കാരമായിട്ടുള്ള ആളെയാണ് ഇവളാഗ്രഹിക്കുന്നത്. അതുകൊണ്ട് ഈ അനുരാഗത്തെ നമ്മളഭിനന്ദിക്കേണ്ടതാണ്.

അന—(സ്വകാര്യം) ശരിയാണതു്. (പ്രകാശം) സഖി! ഭാഗ്യംകൊണ്ടു നിന്റെ മനസ്സു നല്ല ചേച്ച്വയുള്ളേടത്തു തന്നെയാണു് പതിഞ്ഞതു്. ഗംഗാനദി സമുദ്രത്തിലല്ലാതെ ചെന്നു ചേരില്ലല്ലോ.

പ്രിയം—തേന്മാവിനല്ലാതെ തളിർത്ത പിച്ചകവല്ലിയെ ക്കിട്ടുമോ?

രാജാ—വിശാഖനക്ഷത്രങ്ങൾ രണ്ടും ചന്ദ്രക്കലയെ അനുസരിക്കുന്ന സ്ഥിതിക്കു് ഇതിലെന്താണത്ഭുതം?

അന—സഖി! എന്താണുപായം? നമ്മുടെ സഖിയുടെ ആഗ്രഹം ഗൂഢമായി വേഗത്തിൽ സാധിപ്പിക്കണമല്ലോ.

പ്രിയം—ഗൂഢമായിട്ടെങ്ങനെയാണെന്നു് ആലോചിക്കണം. വേഗത്തിൽ സാധിപ്പിക്കാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ല.

അന—അതെന്തുകൊണ്ടു്?

പ്രിയം—ആ രാജർഷിയും അനുരാഗം സൂചിപ്പിക്കുന്ന മാതിരി സ്നേഹത്തോടുകൂടി ഇവളെ നോക്കാറുണ്ടല്ലോ. കുറച്ചു ദിവസമായി ഉറക്കമില്ലാഞ്ഞിട്ടെന്നപോലെ ചടപ്പുതട്ടിയും അദ്ദേഹത്തെക്കാണുന്നു.

രാജാ—സത്യമായും എന്റെ സ്ഥിതി ഇങ്ങനെതന്നെയായിരിക്കുന്നു.

അന്തസ്താപംനിമിത്തം നിശി നിശി ചുടുക-
ണ്ണീർ നിറഞ്ഞീ ഭുജത്തി-
ന്നന്തേ ചേക്കും കടക്കൺവഴിയൊഴുകി നിറം-
കെട്ട രത്നങ്ങളാന്റും

സന്ധിക്കും ഞാൻതഴമ്പിൽത്തടവതു ജീവായ-
ത്തീൻമിങ്ങൂരിയൂരി-
ബ്ബന്ധസ്ഥാനംവിടും പൊൻവളയിതുടനുടൻ
കേററിടുന്നുണ്ടു ഞാനും. ൧൦

പ്രിയം—(ആലോചിച്ച്) അദ്ദേഹത്തിന് ഒരു കാമലേഖനം എഴുതുക. അതു ഞാൻ പ്രസാദപുഷ്പത്തിൻെറ കൂടെപ്പൊതിഞ്ഞ് അദ്ദേഹത്തിൻെറ കയ്യിലെത്തിച്ചുകൊള്ളാം.

അന—നല്ല വഴിയാണ്. എനിക്കു ബോധിച്ചു. ശകുന്തളയുടെ പക്ഷമെന്താണ്?

ശകു—നിങ്ങൾ നിശ്ചയിക്കുന്നതിൽ എനിക്കു സംശയമോ?

പ്രിയം—എന്നാൽ സ്വന്തം സ്ഥിതി കാണിക്കുന്ന ഒരു ലളിതകവിത ആലോചിക്കൂ.

ശകു—സഖി! ഞാനാലോചിക്കാം. അദ്ദേഹം തള്ളിക്കളഞ്ഞാലോ എന്നു പേടിച്ചു ഹൃദയം വിറക്കുന്നു.

രാജാ—

ഇതാ നിൽപ്പൂ നിന്നോടണയുവതിനുൽക്കണ്ഠ സഹിയാ-
തധീരേ നീയേവം നികൃതിയിഹ ശങ്കിപ്പൊരു പുമാൻ
മുദാ ശ്രീയർത്ഥിക്കുന്നവനു വശയാകാമവശയാ-
മതെന്ന്യേ ശ്രീക്കർത്ഥിപ്പവനെ ലഭിയാതായിവരുമോ. ൧൧

സഖിമാർ—സ്വന്തം ഗുണങ്ങളെ അവമാനിക്കയാണിത്. ശരീരം കുളുർപ്പിക്കുന്ന പൂനിലാവിനെ ആരെങ്കിലും വസ്ത്രത്തുമ്പുകൊണ്ടു മറയ്ക്കുമോ.

ശകു—നിങ്ങൾ പറയുമ്പോലെ ചെയ്യാം.

(ഇരുന്ന് ആലോചിക്കുന്നു.)

രാജാ—എൻെറ പ്രിയതമയെ കണ്ണിമക്കപോലും ചെയ്യാതെ വേണ്ട നിലയിൽ കാണട്ടെ.

കുനുചില്ലിവല്ലിയുടനൊന്നുയൎത്തി നൽ-
പദബന്ധമോക്ഷമിവൾതൻ മുഖാംബുജം
കുളുർമപ്പെട്ടുന്നൊരു കവിൾത്തടങ്ങളാൽ
വെളിവാക്കിടുന്നു മയി രാഗമേററവും. ൧൨

ശകു—സഖി! ഞാനൊരു പദ്യം ആലോചിച്ചു. എഴുത്തുസാമാനമൊന്നും ഇവിടെയില്ലല്ലോ.

പ്രിയം—തത്തയുടെ വയറുപോലെ ഭംഗിയുള്ള ഈ താമരയിലയിൽ നഖംകൊണ്ടെഴുതിയാൽ മതി.

ശകു—(അപ്രകാരം ചെയ്തിട്ട്) സഖിമാരേ! ഇതു കേട്ട് അൎത്ഥം ശരിയായോ എന്നു നോക്കുവിൻ.

സഖിമാർ—വായിച്ചുകൊള്ളൂ.

ശകു—(വായിക്കുന്നു.)

നിന്മനമറിയുന്നീലി-
ങ്ങെന്മനമോ മന്മഥൻ ദിവാരാത്രം
നിന്മേലഭിരുചിമൂലം
നന്നാ വരട്ടുന്നു നിൎദ്ദയ നിരന്തം. ൧൩

രാജാ—(പെട്ടെന്നടുത്തു ചെന്ന്)

വരട്ടുന്നു നീ വരതനോ
സ്മരനാൽ ഞാനോ ദഹിക്കുന്നനിശം
പരമവശത ശശിയോളം
വരാ ദ്ദൃഢം കുമുദിനിക്കിഹ ദിനത്താൽ. ൧൪

സഖിമാർ—(സന്തോഷത്തോടെ) വേഗത്തിൽ ഫലിച്ച ആഗ്രഹത്തിന്ന് സ്വാഗതം.

(ശകുന്തള എഴുന്നേല്ക്കാൻ ഭാവിക്കുന്നു.)

രാജാ—അരുതരുത്. ആയാസപ്പെടരുത്.

മലർമെത്ത പതിഞ്ഞുമാശു ചെന്താർ-
വളയും വാടിയ സൌരഭം കലൎന്നും
പുരുതാപമിവണ്ണമാണ്ടൊരീ നിൻ-
മൃദുമെയ്യിന്നുപചാരശേഷിയില്ല. ൧൭

അന—സ്നേഹിതന്ന് ഈ പാറമേൽ ഇവിടെത്തന്നെ ഇരിക്കാമല്ലോ.

(രാജാവിരിക്കുന്നു. ശകുന്തള ലജ്ജിക്കുന്നു.)

പ്രിയം—സ്നേഹിതാ! നിങ്ങളുടെ പരസ്പരാനുരാഗം പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. സഖിയിലുള്ള സ്നേഹംകൊണ്ടു പിന്നെയും ഞാൻ പറകയാണ്.

രാജാ—ഭദ്രേ! അതു വേണ്ടെന്നു വെക്കരുത്. പറവാൻ വിചാരിച്ചതു പറയാഞ്ഞാൽ പിന്നെപ്പശ്ചാത്താപത്തിന്നിടയായേക്കും.

പ്രിയം—നാട്ടിലാൎക്കെങ്കിലും സങ്കടമുണ്ടായാൽ അതു തീൎത്തു രക്ഷിക്ക എന്നതല്ലേ രാജാക്കന്മാരായ നിങ്ങളുടെ ധൎമ്മം?

രാജാ—അതിലും വലുതായി മറ്റൊന്നില്ല.

പ്രിയം—എന്നാൽ അവിടുത്തെ ഉദ്ദേശിച്ചുതന്നെ കാമദേവൻ ഞങ്ങളുടെ സഖിയെ ഈ കഷ്ടസ്ഥിതിയിലാക്കിയിരിക്കുന്നു. അതുകൊണ്ട് അവിടുന്നനുഗ്രഹിച്ച് ഇവളുടെ ജീവിതം നിലനിൎത്തേണ്ടതാണ്.

രാജാ— ഭദ്രേ! ഈ പ്രാൎത്ഥന ഞങ്ങൾ രണ്ടുപേൎക്കും ഉള്ളതാണ്. എല്ലാ വിധത്തിലും എനിക്കനുഗ്രഹമായി.

ശകു—(പ്രിയംവദയെ നോക്കി) സഖി! അന്തഃപുരത്തിലുള്ളവരെപ്പിരിഞ്ഞതുകൊണ്ടു മനസ്സുഖമില്ലാത്ത രാജൎഷിയെ ഉപദ്രവിക്കേണ്ട.

രാജാ—മദിരാക്ഷി മററു ഗതിയററ മന്മനം
ഹൃദി വാണ നീയിഹ മറിച്ചു കാണ്കിലോ
മദനന്റെ ബാണനികരങ്ങളേററരു-
ന്തുദമാം വ്രണത്തിലൊരു കൊള്ളിയായി മേ. ൧൩

അന—സ്നേഹിത! രാജാക്കന്മാൎക്ക് അനേകം ഭാൎയ്യമാരുണ്ടായിരിക്കുമെന്നു കേട്ടിട്ടുണ്ട്. ഞങ്ങളുടെ സഖിയെപ്പററി ബന്ധുക്കൾക്കു സങ്കടപ്പെടാനിടവരാതെ കഴിക്കുമല്ലോ.

രാജാ—എന്തിനു വളരെപ്പറയുന്നു,
പല പരിഗ്രഹമുണ്ടിവനെങ്കിലും
കുലമതിൽ നിലനില്പിനു രണ്ടുതാൻ
സലിലരാശികൾ ചുററിടുമൂഴിയും
സലിലജേക്ഷണി നിങ്ങടെ തോഴിയും. ൧൪

സഖിമാർ—ഞങ്ങൾക്കു തൃപ്തിയായി.

പ്രിയം—(കണ്ണുകാട്ടീട്ട്) അനസൂയേ! ആ മാൻകുട്ടിയതാ അങ്ങോട്ടുമിങ്ങോട്ടും നോക്കുന്നു. തള്ളയെ അന്വേഷിക്കയായിരിക്കാം. വരൂ! നമുക്കതിനെ തള്ളയുടെ അടുത്തു കൊണ്ടുപോയാക്കുക.

(രണ്ടാളും പുറപ്പെടുന്നു)

ശകു—സഖിമാരേ! എനിക്കു രക്ഷയായിട്ടാരുമില്ലല്ലോ. നിങ്ങളിലൊരാൾ മാത്രം പോയാൽ മതി.

സഖിമാർ—ഭൂമിക്കു മുഴുവനും രക്ഷയായിട്ടുള്ള ആളുതന്നെ നിന്റെ അടുക്കലുണ്ട്. (പോയി.)

ശകു—അയ്യോ! പൊയ്ക്കളഞ്ഞോ?

രാജാ—ഒട്ടും പരിഭ്രമിക്കേണ്ട. ശുശ്രൂഷിക്കാനുള്ള ആൾ അടുക്കൽത്തന്നെയുണ്ട്.

വീയേണമോ ക്ലമമറും കുളുർത്തെന്നൽ മന്ദം
തോയെത്തണുത്ത നളിനീദളതാലവൃന്തം
വാമോരു തേ സുഖമെഴുംപടി പത്മതാമ്ര-
മോമൽപദം മടിയിൽവച്ചുഴിയേണമെന്നോ? ൰൮

ശകു—ഞാൻ മാനിക്കേണ്ടവരോടു മര്യാദകേടു കാട്ടില്ല.

(എഴുന്നേററു പോവാൻ തുടങ്ങുന്നു.)

രാജാ—സുന്ദരി! വെയിലാറിയിട്ടില്ല. ഭവതിയുടെ ശരീരസ്ഥിതിയും ഇങ്ങനെയിരിക്കുന്നു.

മലർമെത്ത വിട്ടു ചെന്താ-
രിലയിങ്ങുടനൊന്നൊടുത്തു മുലമൂടി
വെയിലത്തു പോവതെങ്ങനെ
വലുതാം താപേന മെയ് തളന്നൊരു നീ. ൰൯

(പിടിച്ചു നിർത്തുന്നു.)

ശകു—പൌരവ! വിനയം വിടരുതേ! കാമസന്താപമുണ്ടെങ്കിലും ഞാൻ സ്വതന്ത്രയല്ല.

രാജാ—പ്രിയേ! അച്ഛനെക്കുറിച്ചു ഭയപ്പെടേണ്ടതില്ല. ധർമ്മം നിശ്ചയമുള്ള ആ കുലപതിയറിഞ്ഞാൽ ഇതിലൊ

രു ദോഷവും കരുതില്ല. എന്നുതന്നെയുമല്ല,

ശ്രേഷ്ഠഗാന്ധർവ്വവിധിയാൽ വേട്ട രാജർഷികന്യമാർ
ഏററമുണ്ടവരെ ശ്ലാഘിച്ചിട്ടേയുള്ളു പിതാക്കളും. ൨൦

ശകു—ഹേ! വിടൂ. ഞാനൊന്നുംകൂടി സഖിമാരെസ്സമ്മതിപ്പിച്ചിട്ടു വരാം.

രാജാ—ഞാൻ വിടാം.

ശകു—എപ്പോൾ?

രാജാ—അതോ,

അപരീക്ഷതരമ്യമായൊരീ നി-
ന്നധരത്തിൻ രസമേററമാർത്തിയോടും
പുതുപുഷ്പരസത്തെ വണ്ടുപോലെ-
സ്സദയം സുന്ദരിയൊന്നു ഞാൻ നുകർന്നാൽ. ൨൧

(ശകുന്തളയുടെ മുഖംപിടിച്ചുയർത്തുന്നു, ശകുന്തള വിരോധം കാണിക്കുന്നു.)

(അണിയറയിൽ)

ഇതാ ചക്രവാകപ്പിട ഇണയോടു യാത്ര പറയുന്നു. രാത്രി എത്തിപ്പോയി.

ശകു—(കേട്ടു പരിഭ്രമത്തോടെ) പൌരവ! സംശയമില്ല. എൻെറ ശരീരസ്ഥിതിയറിവാനായി ആര്യഗൌതമി ഇങ്ങോട്ടു വരുന്നുണ്ട്. വള്ളിക്കൊമ്പുകൾക്കിടയിലേക്കു മറഞ്ഞുകൊള്ളൂ.

രാജാ—അങ്ങനെതന്നെ. (മറഞ്ഞുനില്ക്കുന്നു. ശകുന്തള ഇരിക്കുന്നു.)

(തീർത്ഥപ്പാത്രം കയ്യിലെടുത്തുകൊണ്ടു താപസിയും സഖിമാരും പ്രവേശിക്കുന്നു.)

സഖി—ആര്യ്യഗൌതമി! ഇങ്ങോട്ടു്.

താപസി—(ശകുന്തളയുടെ അടുത്തു ചെന്നു്) മകളേ! സുഖക്കേടിനു കുറവുണ്ടോ?

ശകു—എനിക്കു കുറെ ഭേദമുണ്ടു്.

താപ—ഈ ശാന്തിദർഭതീർത്ഥംകൊണ്ടു നിന്റെ ശരീരസുഖക്കേടു മുഴുവനും മാറും. (ശകുന്തളയുടെ തലയിൽ തീർത്ഥം തളിച്ചിട്ടു്) കുട്ടി! നേരം അസ്തമിക്കാറായി. ആശ്രമത്തിലേക്കു പോവുക.

ശകു—(സ്വഗതം) ഹൃദയമേ! നിന്റെ ആഗ്രഹം പ്രയാസംകൂടാതെ അടുത്തു വന്നപ്പോൾ നീ പരുങ്ങി, പേടി വിട്ടില്ല. പശ്ചാത്താപംകൊണ്ടു കുഴങ്ങുന്ന നിനക്കു് ഇപ്പോഴെങ്ങനെയേ? (കുറച്ചു മാറിനിന്നിട്ടു പ്രകാശം) സന്താപം മാററിയ ലതാഗൃഹമേ! ഇനിയും ഈ സുഖമനുഭവിക്കാനായി ഇപ്പോൾ യാത്രപറയുന്നു. (പ്രയാസപ്പെട്ടു മററുള്ളവരോടുകൂടി പോയി.)

രാജാ—(മുൻസ്ഥാനത്തു ചെന്നിട്ടു്) അമ്പോ ആഗ്രഹം സാധിക്കുന്ന കാര്യ്യങ്ങളിൽ എങ്ങനെയെങ്കിലും വിഘ്നം വന്നുകൂടിക്കൊണ്ടിരിക്കും.

അധരമവൾ കരാഗ്രംകൊണ്ടു വീണ്ടും മറച്ചും
വിധുരതയിൽ വിരോധാലാപമോരോന്നുരച്ചും
തരളമിഴി തിരിപ്പോരാനനം പൊക്കി ഞാനി-
ങ്ങൊരുവിധമതു ചുംബിച്ചീടുവാനൊത്തതില്ല. ൨൨

ഇനി ഞാനിപ്പോഴെവിടേക്കാണു് പോകേണ്ടതു്. അല്ലെങ്കിൽ പ്രിയതമയിരുന്നിരുന്ന ഈ വള്ളിക്കുടിലിൽത്തന്നെ കുറച്ചു നേരം ഇരിക്കട്ടെ. (ചുററും നോക്കീട്ടു്)

പാറമേൽക്കുസുമതല്പമിങ്ങവൾ കിടന്നുല-
ഞ്ഞു ചുളിവാർന്നിതാ
മാരലേഖമിത വാടിയിങ്ങു നളിനീദള-
ത്തിൽ നഖനിമ്മിതം
ഊരിവീണ വിസകങ്കണങ്ങളിതയെന്നു
കണ്ണിഹ പതിക്കയാ-
ലീലതാഗൃഹമൊഴിഞ്ഞതെങ്കിലുമുടൻ
വിടാൻ കഴിവതില്ല മേ. ൨൩

(ആകാശത്തിൽ)

രാജാവേ!

സന്ധ്യക്കുവേണ്ട സവനങ്ങൾ തുടങ്ങിയപ്പോൾ
സന്ധുക്ഷിതാഗ്നികളെഴുന്നൊരു വേദിചുഴെ-
സന്ധ്യാഭ്രവർണ്ണമൊടിതാ ബഹുഭീതിയേകി-
സ്സന്ധിച്ചുരാത്രിചരർതൻ നിഴലോടിടുന്നു. ൨൪

രാജാ—ഇതാ ഞാനെത്തിക്കഴിഞ്ഞു.

(പോയി.)

മൂന്നാമങ്കം കഴിഞ്ഞു.

---

# നാലാമങ്കം

(പൂവറുത്തുകൊണ്ടു സഖിമാർ പ്രവേശിക്കുന്നു.)

അന—സഖി! പ്രിയംവദേ! ഗാന്ധർവ്വമായിക്കല്യാണം കഴിഞ്ഞു തനിക്കൊത്ത ഭർത്താവിനോടു ശകുന്തള ചേർന്നിണങ്ങി. അതുകൊണ്ടു നമുക്കു സമാധാനവുമായി. എങ്കിലും ഒരു സംഗതി ആലോചിക്കേണ്ടിയിരിക്കുന്നു.

പ്രിയം—അതെന്താണ്?

അന—ഇപ്പോൾ യാഗം കഴിഞ്ഞു മഹർഷിമാർ ആ രാജർഷിയെ യാത്രയയച്ചു കഴിഞ്ഞുവല്ലോ. അദ്ദേഹം നഗരത്തിലെത്തി അന്തഃപുരത്തിലുള്ളവരോടു ചേർന്നുകഴിഞ്ഞു. ഇവിടെ നടന്ന കഥ വല്ലതും ഓർക്കുന്നുണ്ടോ ആവോ?

പ്രിയം—സഖി! സമാധാനമായിരിക്കൂ! ആ മാതിരിയുള്ള ആളുകൾക്കു ഗുണമില്ലാതെ വരില്ല. എന്നാൽ അച്ഛൻ ഈ വിവരം അറിഞ്ഞാൽ എന്തൊക്കെയാണാവോ കരുതുന്നതെന്നാണ് എനിക്കു വിചാരം.

അന—എനിക്കു തോന്നുന്നത് അച്ഛനു സമ്മതമാകുമെന്നുതന്നെയാണ്.

പ്രിയം—എന്തുകൊണ്ട്?

അന—ഗുണവാനായ ഒരാൾക്ക് അവളെ കൊടുക്കണമെന്നാണല്ലോ അച്ഛൻ മുമ്പുതന്നെ നിശ്ചയിച്ചിട്ടുള്ളത്. ആ കാര്യം ദൈവംതന്നെ സാധിപ്പിക്കയാണെങ്കിൽ പ്രയാസംകൂടാതെ കഴിഞ്ഞതുകൊണ്ട് അച്ഛനു കൃതാർത്ഥതയല്ലേ ഉണ്ടാവുള്ളൂ.

പ്രിയം—അതു ശരിയാണ്. (പൂക്കൂട നോക്കീട്ട്) സഖി! ബലിക്കുവേണ്ട പൂവായി.

അന—ശകുന്തളക്കു സൌഭാഗ്യലക്ഷ്മിയെപ്പൂജിക്കണ്ടേ?

പ്രിയം—ശരിതന്നെ. (പിന്നെയും പൂവറുക്കുന്നു.)

(അണിയറയിൽ)

ഹേ! ഹേ! ഇതാ ഞാൻ.

അന—അതിഥികൾ വിളിക്കുംപോലെ തോന്നുന്നു.

പ്രിയം—ആശ്രമത്തിൽ ശകുന്തളയുണ്ടല്ലോ.

അന—അവളുടെ ഹൃദയം ഇപ്പോഴവിടെയില്ല.

പ്രിയം—ആട്ടെ. പൂവിത്ര മതി. (രണ്ടാളും പുറപ്പെടുന്നു.)

മഞ്ജുഭാഷിണി. (അണിയറയിൽ)

ഛീ! അതിഥിയെ അവമാനിക്കുന്നവളേ!
പരചിന്തവിട്ടേവനെയോൎക്കൊണ്ടു നീ-
യറിവീല ഞാനൊരു തപസ്വി വന്നതും
സ്മരിയാസ്സനിന്നെയവനോൎമ്മനൽകിലും
ഉപമ പെരികെ പ്രമത്തനിഹ പൂൎവ്വവാൎത്തപോൽ. ൧

പ്രിയം—അയ്യോ! കഷ്ടം. അങ്ങനെതന്നെ വന്നുവല്ലോ. മനോവിചാരത്തിൽപ്പെട്ട ശകുന്തളക്ക് ഏതോ പൂജ്യനായ ഒരാളെക്കുറിച്ചു തെററു പററിപ്പോയി. (നോക്കീട്ട്) ഏതെങ്കിലും ഒരാളല്ല. ശുണ്ഠി മൂക്കത്തായ ദുൎവ്വാസാവുമഹൎഷി അങ്ങനെ ശപിച്ചിട്ടിതാ കാലു നീട്ടിവലിച്ചുവെച്ചു വിറച്ചുകൊണ്ടു മടങ്ങിപ്പോകുന്നു. തിയ്യല്ലാതെ ദഹിപ്പിക്കുമോ?

അന—ചെല്ലൂ. കാല്ക്കൽ വീണു നമസ്കരിച്ച് അദ്ദേഹത്തെ തിരിയെ വിളിച്ചുകൊണ്ടുവരൂ! ഞാൻ പോയി അൎഘ്യവും മറ്റും ഒരുക്കിവെക്കാം.

പ്രിയം—അങ്ങനെതന്നെ. (പോയി)

അന—(നടന്നു കാലിടറിയതായി നടിച്ച്) അയ്യോ! പരിഭ്രമംകൊണ്ടു കാലിടറിപ്പൂക്കൂട കയ്യിൽനിന്നു വീണുപോയി. (പൂവുപെറുക്കി പാത്രത്തിലിടുന്നു.)

പ്രിയം—(പ്രവേശിച്ച്) സഖി! സ്വതേതന്നെ വക്രപ്രകൃതിയായ അദ്ദേഹത്തെസ്സമാധാനപ്പെടുത്താൻ ആൎക്കെങ്കിലും സാധിക്കുമോ? കുറച്ചൊരു പശ്ചാത്താപമുണ്ടാക്കാൻ മാത്രമേ എന്നെക്കൊണ്ടു കഴിഞ്ഞുള്ളു.

അന—അദ്ദേഹത്തിൻെറ സംഗതിയിൽ അതുതന്നെ വലിയ കാൎയ്യമാണ്. പറയൂ! എന്താണുണ്ടായത്?

പ്രിയം—വളരെത്താണു പറഞ്ഞിട്ടും തിരികെ വരില്ലെന്നു കണ്ടപ്പോൾ—'ഭഗവാനേ! മകളുടെ ഈ ഒരപരാധം അവളിതുവരെക്കാണിച്ച ഭക്തിയോൎത്തിട്ടെങ്കിലും ക്ഷമിക്കണേ' എന്നു ഞാനപേക്ഷിച്ചു.

അന—എന്നിട്ടോ?

പ്രിയം—'എൻെറ വാക്കു ഫലിക്കാതെവരില്ല. പക്ഷേ അടയാളമായൊരാഭരണം കണ്ടാൽ ശാപം തീൎന്നുകൊള്ളും' എന്നു മന്ത്രിച്ചുംകൊണ്ടുതന്നെ അദ്ദേഹം മറഞ്ഞുകളഞ്ഞു.

അന—സമാധാനപ്പെടുവാൻ നിവൃത്തിയുണ്ട്. ആ രാജൎഷി ഇവിടെനിന്നു പുറപ്പെട്ടപ്പോൾ തൻെറ പേരുകൊത്തിട്ടുള്ള ഒരു മോതിരം ഓൎമ്മക്കായി അവളുടെ വിര

ലിന്മേലിട്ടിട്ടുണ്ടല്ലോ. ശാപമോക്ഷത്തിന്ന് അതു സ്വാധീനത്തിലുള്ള ഉപായമാവും.

പ്രിയം—വരു! നമുക്കു ദേവകാൎയ്യം നടത്തുക. (രണ്ടാളും നടക്കുന്നു) പ്രിയംവദ (നോക്കീട്ട്) അനസൂയേ, നോക്കു! ഇടത്തെക്കയ്യുകൊണ്ടു മുഖവും താങ്ങി ശകുന്തളയിതാ ചിത്രത്തിലെഴുതിയതുപോലെയിരിക്കുന്നു. ഭൎത്താവിനെപ്പററിയുള്ള ചിന്തകൊണ്ട് ഇവൾ തന്നെത്തന്നെ അറിയുന്നില്ല. പിന്നെയുണ്ടോ അതിഥി വന്നതറിയുന്നു.

അന—പ്രിയംവദേ! ഈ സംഗതി നമ്മൾ രണ്ടാളുടേയും ഉള്ളിൽമാത്രം ഇരുന്നാൽ മതി. മൃദുപ്രകൃതിയായ പ്രിയസഖിയെ രക്ഷിക്കേണ്ടതുണ്ടല്ലോ.

പ്രിയം—മുല്ലയിന്മേൽ ആരെങ്കിലും ചുടുവെള്ളം ഒഴിക്കുമോ?

(രണ്ടാളും പോയി.)

---

## പ്രവേശകം

(ഉറങ്ങിയെഴുന്നേററ നിലയിൽ ശിഷ്യൻ പ്രവേശിക്കുന്നു.)

ശിഷ്യൻ—ദൂരയാത്രകഴിഞ്ഞു മടങ്ങിയെത്തിയ ഗുരുകാശ്യപൻ നേരം എത്രയായെന്നു നോക്കിപ്പറയാനേല്പിച്ചിരിക്കുന്നു. രാത്രി കഴിയാറായോ എന്നു പുറത്തു ചെന്നു നോക്കട്ടെ (നടന്നു നോക്കീട്ട്) അല്ലാ പ്രഭാതമായിക്കഴിഞ്ഞു! ഇതാ,

താണീടുന്നു കലാധിനാഥനൊരിട-
ത്തങ്ങേപ്പുറത്തംശുമാൻ
കാണിക്കുന്നു പുരോഗനാമരുണനെ-
ക്കൂട്ടും പ്രകാശത്തൊടും
നൂനം രണ്ടു മഹസ്സിലൊപ്പമെഴുമീ
ഹീനത്വവും വൃദ്ധിയും
താനിങ്ങാത്മദശാന്തരത്തിൽ നിയമം
ലോകത്തിനേകുന്നിതോ. ൧

അതുതന്നെയുമല്ല,

ചന്ദ്രൻ മറഞ്ഞളവു സൌഖ്യമണപ്പതില്ലെൻ-
കണ്ണിന്നതേ കുമുദിനി പ്രഭമാഞ്ഞിദാനീം
തന്വംഗിമാൎക്കു ദൃഢമിഷ്ടവിവാസമൂലം
വന്നീടുമാധികളതീവ സുദുസ്സഹങ്ങൾ. ൨

(മറെറാരിടത്ത് അനസൂയ തിരനീക്കാതെ പ്രവേശിക്കുന്നു.)

അന—ഇങ്ങനെയുമായി. വിഷയങ്ങളിൽ മനസ്സുവെക്കാത്തവരും ഇതറിഞ്ഞുകഴിഞ്ഞു. ഏതായാലും ആ രാജാവു ശകുന്തളയുടെ കാൎയ്യത്തിൽ പ്രവൎത്തിച്ചതു മൎയ്യാദകേടുതന്നെയാണ്.

ശിഷ്യൻ—ഹോമത്തിന്നു സമയമായിത്തുടങ്ങിയെന്നു ഗുരുവിനെ അറിയിക്കട്ടെ. (പോയി)

അന—നല്ല ബോധമുണ്ടെങ്കിലും ഞാൻ എന്തു ചെയ്യും. പതിവായുള്ള കൃത്യങ്ങളിൽത്തന്നെ എനിക്കു കയ്യും കാലും പേരുന്നില്ല. കാമൻെറ ഇഷ്ടം നടക്കട്ടെ. എൻെറ സഖിയെ സത്യമില്ലാത്ത ഒരാളിൽ മറെറാരു

ചിന്തയുമില്ലാത്തവിധം ഇങ്ങനെ കുടുക്കിവിട്ടുവല്ലോ. അല്ലെങ്കിൽ ഇതെല്ലാം ആ ദുർവ്വാസാവിൻെറ ശാപത്തിൻെറ വികൃതിയായിരിക്കാം. അങ്ങനെയല്ലെങ്കിൽ ആ രാജർഷി അത്രത്തോളമൊക്കെപ്പറഞ്ഞു പോയിട്ട് ഇത്രയും കാലമായി ഒരെഴുത്തെങ്കിലും അയക്കാതിരിക്കുമോ. അതുകൊണ്ട് ആ അടയാളമോതിരം ഒരാളുടെ കയ്യിൽ അങ്ങോട്ടു കൊടുത്തയക്കാൻ നോക്കാം. വ്രതങ്ങൾക്കും മററും ക്ലേശിച്ചുകൊണ്ടിരിക്കുന്ന താപസന്മാരിൽ ആരോടാണപേക്ഷിക്കുക. സഖിക്കു കുററം വരില്ലെന്നു കരുതി, പറവാൻ പുറപ്പെട്ടാലും ഇപ്പോൾ തന്നെ ദൂരയാത്ര കഴിഞ്ഞു മടങ്ങിയെത്തിയിരിക്കുന്ന താതകാശ്യപനോട് 'ശകുന്തളയെ ദുഷ്ഷന്തൻ വിവാഹം ചെയ്തു. ഗർഭവുമായി'. എന്നറിയിക്കാനെനിക്കു ധൈര്യവുമില്ല. ഇങ്ങനെയുള്ള സ്ഥിതിയിൽ എന്താണ് ഞാനിവിടെച്ചെയ്യേണ്ടത്?

പ്രിയം—(പ്രവേശിച്ചു സന്തോഷത്തോടെ) സഖി! വേഗം വരൂ. ശകുന്തളയുടെ യാത്രാമംഗളം നടത്താൻ വേഗം ഒരുക്കുക.

അന—ഇതെങ്ങനെ?

പ്രിയം—അതോ, കേട്ടുകൊള്ളൂ. ഉറക്കം സുഖമായോ എന്നു ചോദിപ്പാൻ ശകുന്തളയുടെ അടുക്കലേക്കു ഞാൻ ഇപ്പോൾതന്നെ പോയിരുന്നു.

അന—എന്നിട്ട്?

പ്രിയം—അപ്പോൾ ലജ്ജിച്ചു മുഖംകുനിച്ചുനില്ക്കുന്ന അവളെ ആലിംഗനം ചെയ്തുകൊണ്ടു താതകാശ്യപൻ ഇ

ങ്ങനെ പറഞ്ഞു. 'പുകകൊണ്ടു കണ്ണടഞ്ഞ ഹോതാവിൻെറ ആഹുതി ഭാഗ്യത്താൽ അഗ്നിയിൽത്തന്നെ വീണു. മകളേ! നല്ല ശിഷ്യനുപദേശിച്ച വിദ്യയെപ്പോലെ നിന്നെക്കുറിച്ച് ഒട്ടും വ്യസനത്തിനു സംഗതിയില്ലാതായി. ഋഷിമാരോടുകൂടി ഇന്നുതന്നെ നിന്നെ ഭർത്താവിൻെറ അടുക്കലേക്കയക്കാം' എന്ന്.

അന—താതകാശ്യപനോട് ഈ വർത്തമാനം ആരാണ് പറഞ്ഞത്?

പ്രിയം—താതൻ അഗ്നിഹോത്രമുറിയിലേക്കു ചെന്നപ്പോൾ അശരീരിയായി ഒരു ശ്ലോകം കേട്ടു.

അന—(കൌതുകത്തോടെ) എന്താണത്? പറയൂ!

പ്രിയം—ബ്രഹ്മൻ ദുഷ്ഷന്തതേജസ്സു
വഹ്നിയെശ്ശമിയെന്നപോൽ
തന്നിൽ ധരിക്കുന്നു മന്നിൻ
നന്മക്കറിക നിന്മകൾ. ൪

അന—(പ്രിയംവദയെക്കെട്ടിപ്പുണൎന്നിട്ട്) സഖി! എനിക്കു സന്തോഷമായി. പക്ഷേ, ഇന്നുതന്നെ ശകുന്തളയെ അയക്കുന്നുവല്ലോ എന്നു കരുതി സന്തോഷത്തോടുകൂടി സങ്കടവും ഉണ്ടാകുന്നു.

പ്രിയം—സഖി! നമുക്കു സങ്കടം എങ്ങനെയെങ്കിലും സഹിക്കാം. ആ പാവത്തിൻെറ ദുഃഖം തീരട്ടെ.

അന—സഖി! ഇതേ അവസരത്തിൽ ശകുന്തളക്കണിവാനായി വാടിപ്പോകാത്ത ഒരിലഞ്ഞിപ്പൂമാല ചിരട്ടച്ചെപ്പിലാക്കി ഞാൻ ഈ മാവിൻെറ കൊമ്പത്തു കെട്ടിത്തൂക്കീട്ടുണ്ട്. അതെടുത്തുകൊണ്ടുവരൂ! ഞാൻ ഗോരോ

ചനം, തീൎത്ഥത്തിലെ മണ്ണു്, കറുക തുടങ്ങിയ മംഗല്യ സാധനങ്ങളൊരുക്കട്ടെ.

പ്രിയം—അങ്ങനെതന്നെ.

(അനസൂയ പോയി. പ്രിയംവദ മാലയെടുക്കുന്നു.)

അണിയറയിൽ—ആ ശാർങ്ഗരവനും മററും എവിടെ?

പ്രിയം—(കേട്ടിട്ടു്) അനസൂയേ! വേഗമാവട്ടെ. ഇതാ ഹസ്തിനപുരത്തേക്കു പോവുന്ന മുനിമാരെ വിളിച്ചുതുടങ്ങി.

അന—(മംഗല്യസാധനങ്ങൾ കയ്യിലെടുത്തുകൊണ്ടു പ്രവേശിച്ചു്) സഖീ! വരു! വരു! (രണ്ടാളും നടക്കുന്നു.)

പ്രിയം—(നേരെ നോക്കീട്ടു്) ഇതാ സൂൎയ്യനുദിക്കുമ്പോൾ തന്നെ മുങ്ങിക്കുളിച്ച ശകുന്തളയെ താപസിമാർ തലയിൽ അക്ഷതമിട്ടു മംഗളപ്രാൎത്ഥനകൊണ്ടഭിനന്ദിക്കുന്നു. നമുക്കും അടുത്തു ചെല്ലുക.

(അവണപ്പലകമേലിരുന്നുകൊണ്ടു ശകുന്തളയും മേൽപറഞ്ഞപ്രകാരം താപസിമാരും പ്രവേശിക്കുന്നു.)

ഒരു താപസി—(അക്ഷതമിട്ടു്) മകളേ! നിനക്കു പട്ടമഹിഷിസ്ഥാനം ലഭിക്കട്ടെ!

മറെറാരാൾ—(അക്ഷതമിട്ടു്)വീരനായ പുത്രനുണ്ടാകട്ടെ!

മൂന്നാമതൊരാൾ—(അക്ഷതമിട്ടു്) മകളേ! ഭൎത്താവിനു ബഹുമാനമുള്ളവളായി വരട്ടെ!

(ഗൌതമിയൊഴികെ മററു രണ്ടാളും അനുഗ്രഹിച്ചു പോകുന്നു.)

സഖിമാർ—(അടുത്തുചെന്നു്) സഖി! നിനക്കു മംഗളമുണ്ടാകട്ടെ!

ശകു—എന്റെ സഖിമാൎക്ക സ്വാഗതം. ഇവിടെ ഇരിക്കുവിൻ!

സഖിമാർ—(ഇരുന്നിട്ട്) സഖി! നേരെയിരിക്കു. ഞങ്ങൾ നിന്നെ മാംഗല്യസാധനങ്ങളണിയിക്കട്ടെ.

ശകു—ധാരാളം പരിചയിച്ചതാണെങ്കിലും ഇപ്പോൾ വളരെ വിലയുള്ളതായിത്തീൎന്നുപോയി. എന്റെ സഖിമാരണിയിക്കുകയെന്നത് എനിക്കിനി ദുൎല്ലഭമാണല്ലോ. (കണ്ണീർ തൂകുന്നു)

സഖിമാർ—സഖി! മംഗളകാലത്തു കരയരുത്. (കണ്ണീർ തുടച്ച് അണിയിക്കുന്നു)

പ്രിയം—നല്ല ആഭരണങ്ങളണിയേണ്ട രൂപത്തെ ആശ്രമത്തിൽ കിട്ടുന്ന സാധനങ്ങൾകൊണ്ടു വികൃതമാക്കുകയാണ്.

(കാഴ്ചദ്രവ്യങ്ങൾ കയ്യിലെടുത്തു രണ്ടു മുനികുമാരന്മാർ പ്രവേശിക്കുന്നു.)

മുനികുമാരന്മാർ—ഇതാ ആഭരണങ്ങൾ. ശ്രീമതിയെ അണിയിക്കാം.

(എല്ലാവരും കണ്ട് അത്ഭുതപ്പെടുന്നു)

ഗൌതമി—ഉണ്ണി! നാരദ! ഇതെല്ലാം എവിടെനിന്ന്!

ഒരാൾ—താതകാശ്യപന്റെ യോഗ്യതകൊണ്ടു കിട്ടി.

ഗൌതമി—മനസ്സുകൊണ്ടു സൃഷ്ടിച്ചതോ?

മറെറ ആൾ—അല്ല. ശകുന്തളക്കുവേണ്ടി വനവൃക്ഷങ്ങളിൽനിന്നു പുഷ്പങ്ങൾ കൊണ്ടുവരാൻ അവിടുന്നു ഞങ്ങളോടരുളിച്ചെയ്തു. ഞങ്ങൾ അതിന്നു ചെന്നപ്പോൾ,

ശാർദ്ദൂലവിക്രീഡിതം



ചന്ദ്രികപോലെ ഉജ്ജ്വലമായ

ഏണാങ്കോജ്ജ്വലമായ പട്ടൊരുമരം
കാണിച്ചു മാംഗല്യകം
താനേ വന്നിതു കാലിണക്കണിയുമ-
ച്ചെഞ്ചാറു മററൊന്നിലും
നാനാഭൂഷകൾ തന്നു ചെന്തളിരുപോൽ
ശാഖാഗ്രഭാഗങ്ങളിൽ
കാണിക്കും വനദേവതാകരതലം
കൊണ്ടന്യവൃക്ഷങ്ങളും. ൭

പ്രിയം—(ശകുന്തളയെ നോക്കി) സഖി! ഈ സൽക്കാരം ഭർത്തൃഗൃഹത്തിൽ നിനക്കനുഭവിക്കാനിരിക്കുന്ന രാജൈശ്വര്യത്തിന്റെ ഒരു സൂചകമാണ്.

(ശകുന്തള ലജ്ജ നടിക്കുന്നു)

ഒന്നാം മുനികു—ഗൌതമ! വരൂ! സ്നാനത്തിന്നിറങ്ങിയിരിക്കുന്ന താതകാശ്യപനോടു വനദേവതമാരുടെ കാഴ്ചയെപ്പററി അറിയിക്കുക.

രണ്ടാമൻ—അങ്ങനെതന്നെ.

(രണ്ടാളും പോയി.)

അന—ഈയുള്ളവർ ആഭരണങ്ങളെടുത്തു പരുമാറീട്ടില്ല. ചിത്രങ്ങളിലെപ്പരിചയമനുസരിച്ച് ഓരോന്നും ഓരോ സ്ഥാനത്തണിയിക്കയാണ്.

ശകു—നിങ്ങളുടെ മിടുക്കെനിക്കറിയാമല്ലോ.

(സഖിമാർ അണിയിക്കുന്നു.)

(കാശ്യപൻ കുളികഴിഞ്ഞ നിലയിൽ പ്രവേശിക്കുന്നു.)

കാശ്യ—ഇന്നോ പോയിടുമശ്ശകുന്തളയതോ-
ൎത്തുൽക്കണ്ഠയാൎന്നു മനം
തന്നൊബ്ബാഷ്പമടക്കുന്നു തൊണ്ടയിടറി
ചിന്താജഡം ദൃഷ്ടിയും
ഖിന്നൻ ഞാനിതുമട്ടഹോ മമതയാൽ
മാഴ്കുന്നിതാരണ്യകൻ
ദണ്ഡിപ്പൂ ഗൃഹിയെത്രതാൻ പുതിയതാം
പുത്രീവിയോഗാൎത്തിയാൽ. ൬

സഖിമാർ—സഖി! ആഭരണങ്ങളണിഞ്ഞുകഴിഞ്ഞു. ഇനി ഈ പട്ടുടുത്തുകൊള്ളൂ.

(ശകുന്തള എഴുന്നേററു മാറിനിന്നുടുക്കുന്നു.)

ഗൌതമി—മകളേ! അച്ഛനിതാ ആനന്ദം വഴിഞ്ഞൊഴുകുന്ന കണ്ണുകളാൽ നിന്നെത്തന്നെ നോക്കിക്കൊണ്ടെത്തിയിരിക്കുന്നു. നമസ്കരിക്കൂ!

ശകു—(ലജ്ജയോടുകൂടി) അച്ഛാ! ഞാനിതാ നമസ്കരിക്കുന്നു.

കാശ്യ—മകളേ!

ബഹുമതയാകു പതിക്കു നീ യയാതി-
ക്കിഹ വൃഷപൎവ്വതനൂജയെന്നപോലെ
അവളഥ പൂരുവെയെന്നമട്ടു സാമ്രാട്-
പദമിയലുന്ന സുതം ലഭിക്ക നീയും.

ഗൌത—ഇതാശീൎവ്വാദമല്ല. വരംതന്നെയാണ്.

കാശ്യ—മകളേ! ഇപ്പോൾത്തന്നെ ഹോമം കഴിഞ്ഞിരിക്കുന്ന അഗ്നിയെ ഇവിടെ വന്നു പ്രദക്ഷിണം വെക്കൂ!

(എല്ലാവരും നടന്നിട്ടു പ്രദക്ഷിണം വെക്കുന്നു.)

കാശ്യ—

ചുഴന്നീ വേദിയതിൽ ക്ലുപ്തവാസം
സമിത്താൻറും ദർഭ ചുററും വിരിച്ചും
ഹവിർഗ്ഗന്ധാൽ ദുരിതം തീക്കുവോരീ
വൈതാനാഗ്നിശ്രേണി രക്ഷിക്ക നിന്നെ. വൃ

ഇനി പുറപ്പെടാം. (കണ്ണയച്ചിട്ട്) ആ ശാർങ്ഗരവൻ മുതലായവർ എവിടെ?

ശിഷ്യന്മാർ—(പ്രവേശിച്ച്) ഞങ്ങളിതാ ഒരുങ്ങിയിരിക്കുന്നു.

കാശ്യ—ശാർങ്ഗരവ! തൻെറ സഹോദരിക്കു വഴി കാട്ടിക്കൊടുക്കു!

ശാർങ്ഗ—സോദരി! ഇങ്ങോട്ട്.

(എല്ലാവരും നടക്കുന്നു.)

കാശ്യ—ഹേ! ദേവതാസാന്നിദ്ധ്യമുള്ള തപോവനവൃക്ഷങ്ങളേ!

നിത്യം നിങ്ങൾ കുടിച്ചിടാതെവൾ കുടി-
ക്കാ സ്നേഹമൂലം ജലം
പൊട്ടിക്കില്ലവൾ നിങ്ങൾതൻ തളിരല-
ങ്കാരപ്രിയം വായ്ക്കിലും
അത്യാനന്ദമെവൾക്കു നിങ്ങൾ പുതുതായ്
പൂത്താലിതാ യാത്രയായ്
ഭർത്താവിൻ ഗൃഹമശ്ശകുന്തളയനു-
ജ്ഞാപിപ്പിനെല്ലാവരും. ൻ

(കുയിൽനാദം കേൾക്കുന്നതായി നടിച്ച്)

അനുമതി നൽകി ശകുന്തളക്കു പോവാൻ
വനമിതിൽ വേഠാച്ചു കലൎന്ന വൃക്ഷജാലം
അതികളകോകിലനാദമിത്തരത്തിൽ
പ്രതിമൊഴിയായിഹ കേട്ടതായതല്ലോ. ൧൦

(ആകാശത്തിൽ)

ചെന്താർമ്മധുരസ്സു ഹരിതാഭമിടക്കു ചേൎന്നും
പൊൻതരിനുള്ള പൊടിപോൽ മൃദുരേണുവാൎന്നും
ചിന്തും മരത്തണലിയന്നുമിവൾക്കു മാൎഗ്ഗം
ശാന്താനുകൂലപവനം ശിവമായ്വരേണം. ൧൧

(എല്ലാവരും അത്ഭുതത്തോടുകൂടി കേൾക്കുന്നു.)

ഗൌത—മകളേ! ബന്ധുജനങ്ങളെപ്പോലെ സ്നേഹിക്കുന്ന തപോവനദേവതമാർ നിനക്കു പോവാനനുവാദം തന്നു. ആ ദേവിമാരെ നമസ്കരിക്കു.

ശകു—(നമസ്കരിച്ചു വീണ്ടും നടന്നിട്ടു സ്വകാൎയ്യം) സഖി! പ്രിയംവദേ! ആൎയ്യപുത്രനെക്കാണാനുൽകണ്ഠയുണ്ടെങ്കിലും ഈ ആശ്രമം വിട്ടുപോകുന്ന എന്റെ കാലുകൾ വളരെ പ്രയാസപ്പെട്ടാണ് മുമ്പോട്ടു നീങ്ങുന്നത്.

പ്രിയം—സഖി മാത്രമല്ല ഈ ആശ്രമം വിട്ടുപോകുന്നതു കൊണ്ടു സങ്കടപ്പെടുന്നത്. സഖിയെപ്പിരിയുന്ന തപോവനത്തിന്നാകെത്തന്നെ ഈ അവസ്ഥയാണ് കാണുന്നത്. ഇതാ,

മാനുകൾ ചവച്ച പുല്ലും
കാൎന്നിതു, നൃത്തം വെടിഞ്ഞു മയിലുകളും
കാനനവല്ലികൾ കണ്ണീർ-
ക്കണംകണക്കേ പൊഴിപ്പു വെള്ളിലകൾ. ൧൨

ശകു—(ഓൎമ്മ നടിച്ച്) അച്ഛാ! എന്റെ ലതാസോദരി വനജ്യോത്സ്നിയോട് ഒന്നു യാത്ര പറയട്ടേ?

കാശ്യ—ആ അനുജത്തിയിൽ നിനക്കുള്ള സ്നേഹം എനിക്കറിയാം. ഇതാ വലത്തുഭാഗത്തു നിൽക്കുന്നു.

ശകു—(ലതയുടെ അടുത്തു ചെന്ന്) വനജ്യോത്സ്നി! തേന്മാവിനോടു ചേൎന്നിരിക്കയാണെങ്കിലും ഇങ്ങോട്ടു നീട്ടിയ ചില്ലക്കയ്യുകൊണ്ട് എന്നെ ഒന്നാലിംഗനം ചെയ്യൂ! ഇന്നുമുതല്ക്കു ഞാൻ ദൂരത്തായിത്തീരും.

കാശ്യ— വസന്തതിലകം

മുന്നം നിനക്കു ഹൃദി ഞാൻ നിരൂപിച്ചമട്ടേ
പുണ്യേന നീ സദൃശനാം പതിയെഗ്ഗമിച്ചു
നന്ദിച്ചു മുല്ലയിതു ചേൎന്നിതു മാവിനോടു-
മെന്നുള്ളിൽ നിങ്ങളെ നിനച്ചിനിയില്ല ശോകം. ൧൩.

ഇങ്ങോട്ടു വഴിയിലേക്കു വരൂ!

ശകു—സഖിമാരേ! ഇതിനെ ഞാൻ നിങ്ങളുടെ കയ്യിലേല്പിച്ചിരിക്കുന്നു.

സഖിമാർ—ഞങ്ങളെ ആരുടെ കയ്യിലാണേല്പിച്ചത്?

(കണ്ണീർ തൂകുന്നു.)

കാശ്യ—അനസൂയേ! കരയരുത്. നിങ്ങൾ ശകുന്തളയെ സ്സമാധാനപ്പെടുത്തുകയല്ലേ വേണ്ടത്?

(എല്ലാവരും നടക്കുന്നു.)

ശകു—അച്ഛാ! ഇതാ ഗൎഭം തികഞ്ഞു നടക്കാൻ പ്രയാസമായിത്തീൎന്ന മാൻപേട ആശ്രമത്തിന്നു ചുററുംതന്നെ സഞ്ചരിക്കുന്നു. അവൾ വൈഷമ്യമൊന്നുംകൂടാതെ

പ്രസവിച്ചാൽ ആ സന്തോഷവൎത്തമാനം എന്നെ അറിയിപ്പാൻ ഒരാളെ അയക്കണേ.

കാശ്യ—മകളേ! ഞാനതു മറക്കില്ല.

ശകു—(നടക്കുന്നതിന്നിടച്ച് നടിച്ച്) എന്താണിത്, എൻെറ വസ്ത്രത്തിന്മേൽ തട്ടുന്നത്? (തിരിഞ്ഞുനോക്കുന്നു)

കാശ്യ—ദൎഭാഗ്രമേററ മുറി തീൎപ്പതിനോടലെണ്ണ
മുല്ലാട്ട നീയിഹ തുളിച്ചിതെവൻെറ വക്ത്രേ
കെല്ലോട്ട ചാമമൂടി നൽകി വളൎത്ത പുത്ര-
കുല്ലൻ മൂഗാ മൃഗമവൻ തുടരുന്നു നിന്നെ. ൧൪

ശകു—മകനേ! സഹവാസം വിട്ടു പോകുന്ന എന്നെ നീയെന്തിനു സ്നേഹിക്കുന്നു? പെററ ഉടൻതന്നെ അമ്മയില്ലാതായിപ്പോയ നിന്നെ ഞാൻ വളൎത്തിക്കൊണ്ടുവന്നു. ഇനി എന്നെയും പിരിഞ്ഞ നിന്നെ അച്ഛൻ നോക്കിക്കൊള്ളും. മടങ്ങിപ്പോകൂ! (കരഞ്ഞുകൊണ്ടു നടക്കുന്നു.)

കാശ്യ—മകളേ!
പക്ഷ്മം നിറഞ്ഞ തവ കണ്ണുകൾ കാണ്മതിന്നു
വിഘ്നം വരുത്തി വരുമശ്രുവടക്ക ധൈൎയ്യാൽ
മാൎഗ്ഗത്തിലുള്ള കുഴി കുന്നിവ കണ്ടിടാതെ
ചിക്കെന്നു നിന്നടികളിങ്ങിടറിട്ടുമല്ലോ. ൧൫

ശാൎങ്ഗ—ഗുരോ! വെള്ളം കാണുന്നതുവരെമാത്രമേ മിത്രങ്ങൾ അനുയാത്ര ചെയ്യാവൂ എന്നുണ്ടല്ലോ. ഇതാ തടാകത്തിൻെറ വക്കത്തെത്തി. ഞങ്ങൾ ചെയ്യേണ്ടതിവിടെവെച്ചരുളിച്ചെയ്തു മടങ്ങുകയല്ലേ?

കാശ്യ—എന്നാൽ നമുക്കീ പാലയുടെ ചുവട്ടിലേയ്ക്കു മാറി നില്ക്കുക.

(എല്ലാവരും നടന്നിട്ടു നില്ക്കുന്നു)

കാശ്യ—(സ്വഗതം) മാന്യനായ ദുഷ്ഷന്തനു ശരിയായൊരു സന്ദേശം പറഞ്ഞയക്കേണ്ടതെന്താണ്?

(ആലോചിക്കുന്നു)

ശകു—(സ്വകാര്യം) സഖി! നോക്കൂ! ഒരു താമരയിലകൊണ്ടുമാത്രം മറഞ്ഞിരിക്കുന്ന ഇണയെക്കാണാഞ്ഞിട്ട് ഇതാ ഒരു ചക്രവാകപ്പിട സങ്കടപ്പെട്ടു നിലവിളിക്കുന്നു. വളരെ പ്രയാസമുള്ളൊരു കാര്യംതന്നെയാണ് ഞാൻ കഴിച്ചുകൂട്ടുന്നതെന്നു തോന്നുന്നു.

അന—സഖി! അങ്ങനെ പറയാനില്ല.

കാന്തനെ വേർവിട്ടിവളും
ചിന്താസ്വപ്നങ്ങളാൽ നിശ കഴിപ്പൂ
അതിചിരഗുരുതരദുഃഖവു-
മാശാബന്ധം സഹിപ്പിക്കും. ൧൬

കാശ്യ—ശാർങ്ഗരവ! ശകുന്തളയെ മുമ്പിൽ നിർത്തി, ആ രാജാവിനോടു ഞാൻ പറഞ്ഞതായിട്ടിങ്ങനെ പറയണം.

ശാർങ്ഗ—അരുളിച്ചെയ്താലും.

കാശ്യ—മുന്നോതാനിഹ ഞങ്ങൾ സംയമധന-
ന്മാരുന്നതം നിൻകുലം
നിന്നിൽ സ്നേഹമിവൾക്കബന്ധുകൃതമാ-
യുണ്ടായതെന്നൊക്കെയും

നന്നായോൎത്തു മുറക്കു നോക്കുകിവളെ-
ദ്ദാരാൎത്ഥരൂപാദരം
പിന്നെബ്ഭാഗ്യമണപ്പതാണത്തു വധൂ-
ബന്ധുക്കളോതീടൊലാ. ൧൭

ശാൎങ്ഗ—സന്ദേശം ധരിച്ചു.

കാശ്യ—മകളേ! നിന്നോടും ഇപ്പോഠ ചിലതുപദേശിക്കേണ്ടതുണ്ട്. വനവാസികളാണെങ്കിലും ഞങ്ങഠക്കു ലോകം അറിയാം.

ശാൎങ്ഗ—ജ്ഞാനികഠക്കറിയാത്തതൊന്നുമില്ലല്ലോ.

കാശ്യ—മകളേ! നീ ഭൎത്തൃഗൃഹത്തിൽ ചെന്നിട്ട്,

ശുശ്രൂഷിക്ക ഗുരുക്കളെ; പ്രിയസഖീ-
തുല്യം സപത്നീജനേ
വൎത്തിക്ക; പ്രിയനപ്രിയം തുടരിലും
കോപിച്ചിടഞ്ഞീടൊലാ;
ദാക്ഷിണ്യത്തൊടിരിക്ക ഭൃത്യരിൽ; മദി-
ച്ചീടൊല്ല ഭാഗ്യത്തിനാ-;
ലിത്ഥംതാൻ തരുണീജനം ഗൃഹിണിയാം
വംശാധിതാൻ വാമമാർ.

ഗൌതമിയുടെ അഭിപ്രായമെന്താണ്?

ഗൌതമി—വധുക്കഠക്കുപദേശിക്കേണ്ടതിത്രമാത്രമാണ്. മകളേ! ഇതെല്ലാം ധരിച്ചുകൊള്ളൂ.

കാശ്യ—മകളേ! വരൂ! എന്നെ ആലിംഗനം ചെയ്യൂ! സഖിമാരെയും.

ശകു—അച്ഛാ! സഖിമാരും ഇവിടെവെച്ചുതന്നെ തിരികെപ്പോകുന്നുവോ?

കാശ്യ—മകളേ! ഇവരും കൊടുക്കാനുള്ളവരല്ലേ! ഇവരങ്ങോട്ടു പോരുന്നതു ശരിയല്ല. ഗൌതമി നിന്നോടുകൂടി പോരും.

ശകു—(അച്ഛനെ ആലിംഗനംചെയ്തു്) മലയതടത്തിൽനിന്നു പറിച്ചുമാററിയ ചന്ദനവല്ലിയെപ്പോലെ അച്ഛൻെറ അടുക്കൽനിന്നു വിട്ടുപോയ ഞാനെങ്ങനെയാണു് മറെറാരിടത്തു കഴിച്ചുകൂട്ടുന്നതു്?

കാശ്യ—മകളേ! എന്താണിങ്ങനെ സങ്കടപ്പെടുന്നതു്?

സദ്വംശത്തിലെഴും പ്രിയൻെറ ഗൃഹിണീ-
പട്ടം പരം ശ്ലാഘ്യമാ-
ന്നുൽകൃഷ്ടവശാലനുക്ഷണമതിൻ
കൃത്യങ്ങളിൽപ്പെട്ടുമേ
മിത്രൻ പ്രാചിയിലെന്നമട്ടിലചിരാൽ
പുത്രൻ ജനിച്ചിട്ടുമെൻ-
വത്സേ! നീയിഹ മദ്വിയോഗഭവമാം
ദുഃഖം ഗണിക്കാതെയാം. ൧൯

(ശകുന്തള പിതാവിൻെറ കാല്ക്കൽ നമസ്കരിക്കുന്നു)

കാശ്യ—ഞാനാഗ്രഹിക്കുന്നതു നിനക്കുണ്ടാകട്ടെ.

ശകു—(സഖിമാരുടെ അടുത്തു ചെന്നു്) എൻെറ സഖികളേ! നിങ്ങൾ രണ്ടാളും ഒപ്പം എന്നെ ആലിംഗനം ചെയ്യുവിൻ!

സഖിമാർ—(അങ്ങനെ ചെയ്തിട്ടു്) സഖി! ആ രാജാവു് ഓൎമ്മയില്ലാതെ പരുങ്ങുന്നപക്ഷം സ്വന്തം പേരു കൊത്തീട്ടുള്ള ഈ മോതിരം കാണിച്ചുകൊടുക്കൂ!

ശകു—അയ്യോ! ഈ സംശയം എന്നെ പേടിപ്പിക്കുന്നു വല്ലോ.

സഖിമാർ—സഖി! പേടിക്കേണ്ട. അതിസ്നേഹം എപ്പോഴും വൈഷമ്യം ശങ്കിച്ചുംകൊണ്ടിരിക്കും.

ശാർങ്ഗ—സൂൎയ്യനിതാ ഒരു നുകപ്പാടുയൎന്നുകഴിഞ്ഞു. ഇനി താമസിക്കാതെ പോകണം.

ശകു—(ആശ്രമത്തിലേയ്ക്കു നോക്കീട്ടു്) അച്ഛ! ഇനിയെന്നാണു് ഞാനീത്തപോവനം കാണുക?

കാശ്യ—ആഴികെട്ടിലെഴും മഹിക്കു സുചിരം

സാപത്ന്യമോടേ വസി-
ച്ചാരാൽ വേളി നടത്തിയപ്രതിരഥൻ
ദൌഷ്ഷന്തിപുത്രനുടൻ
വാഴിച്ചങ്ങു കുടുംബഭാരമവനിൽ-
ച്ചേൎത്തോരു ഭൎത്താവുമായ്
വാഴാൻ പിന്നെ നിനക്കു ശാന്തതരമാ-
മീയാശ്രമേ വന്നിടാം. ൧൦

ഗൌത—മകളേ! യാത്രയ്ക്കുള്ള സമയം കഴിഞ്ഞുപോകാറായി. അച്ഛനെ തിരിയെ അയക്കൂ! അല്ലെങ്കിൽ ഇവൾ പിന്നെയും പിന്നെയും ഓരോന്നു പറഞ്ഞുകൊണ്ടിരിക്കും. അവിടുന്നു മടങ്ങിപ്പോയാലും.

കാശ്യ—മകളേ! എന്റെ അനുഷ്ഠാനങ്ങൾക്കു നേരം തെറ്റുന്നു.

ശകു—(പിന്നെയും പിതാവിനെ ആലിംഗനംചെയ്തിട്ടു്) അച്ഛന്റെ ശരീരം തപോനുഷ്ഠാനങ്ങൾകൊണ്ടുതന്നെ

വളരെ ക്ഷീണിച്ചിരിക്കുന്നു. ഇനി എന്നെക്കരുതിയും വല്ലാതെ ക്ലേശിക്കരുതേ!

കാശ്യ—(ദീൎഘശ്വാസത്തോടെ)

എങ്ങനെ ശമിപ്പു ശോകമ-
തിങ്ങെന്മകൾ ബലികൾചെയ്ത നീവാരം
ഭംഗിയിലുടജദ്വാരേ
തിങ്ങിമുളച്ചുള്ളതത്ര കാണുമ്പോരു മേ. ൨൧

പോകൂ! ശുഭമായി വരട്ടേ!

(ശകുന്തളയും സഹായികളും പോയി.)

സഖിമാർ—(ശകുന്തളയെത്തന്നെ നോക്കീട്ട്) അയ്യോ! ശകുന്തള കാട്ടിനുള്ളിൽ മറഞ്ഞുകഴിഞ്ഞു.

കാശ്യ—നിങ്ങളുടെ സഖി പോയി. ദുഃഖം അടക്കി എന്റെ കൂടെപ്പോരുവിൻ!

സഖിമാർ—അച്ഛ! ശകുന്തളയില്ലാതായിത്തീൎന്ന ഈ തപോവനം തീരെ ശൂന്യമായിത്തോന്നുന്നു.

കാശ്യ—സ്നേഹശക്തി അങ്ങനെ തോന്നിക്കും. (നടന്ന് ആലോചനയോടുകൂടി) ആവൂ! ശകുന്തളയെ ഏല്പിച്ചു കൊടുത്തതുകൊണ്ടു മനസ്സിനു സ്വാസ്ഥ്യത കിട്ടി.

പരന്റെ ധനമാണു കന്യയിപ്പോ-
ളവളെ നിജപ്രിയനങ്ങയച്ചമൂലം
പണയമുതൽ തിരിച്ചു നല്കിലുണ്ടാം-
വിധമധികം തെളിയുന്നു മാനസം മേ. ൨൨

(എല്ലാവരും പോയി)

നാലാമങ്കം കഴിഞ്ഞു.

---

# അഞ്ചാമങ്കം

(രാജാവും വിദൂഷകനും ഇരുന്നുകൊണ്ടു പ്രവേശിക്കുന്നു.)

വിദൂ—(ചെവിയോർത്ത്) തോഴരേ! സംഗീതശാലയിലേക്കൊന്നു മനസ്സുവെക്കൂ! നല്ല കണ്ഠശുദ്ധിയോടുകൂടി മധുരമായി പാട്ടു പാടുന്നതു കേൾക്കാനുണ്ട്. ഹംസപദികയമ്മ വർണ്ണം സാധകം ചെയ്യുകയാണെന്നു തോന്നുന്നു.

രാജാ—മിണ്ടാതിരിക്കൂ! ഞാൻ കേൾക്കട്ടെ.

(ആകാശത്തിൽ പാടുന്നു)

നീലാംബരി-ചെമ്പട

പല്ലവി— അഭിനവമധുതന്നി-
ലഭിലാഷമാർന്നും

അനുപല്ലവി—സഹകാരമഞ്ജരിയെ
സരസം നുകർന്നു നീ അഭിനവ....

ചരണം— അധുനാ നളിനീവാസ-
മതുകൊണ്ടു തൃപ്തിപൂണ്ടു
മധുകര നീയതിനെ
മറന്നതെന്തയ്യോ അഭിനവ....

രാജാ—ഹാ! പാട്ടിൽ രാഗഭാവം ഒഴുകിക്കൊണ്ടിരിക്കുന്നു.

വിദൂ—പാട്ടിന്റെ അർത്ഥം അവിടേക്കു മനസ്സിലായോ?

രാജാ—(പുഞ്ചിരിയോടെ) ഒരിക്കൽ ഞാനിവളെ സ്നേഹിച്ചിരുന്നു. അതിനാലിപ്പോൾ വസുമതിയെ ഉദ്ദേശിച്ച് എന്നോടു പരിഭവം പറകയാണ്. സ്നേഹിത!

'ശകാരം വളരെ ബഹുഭംഗിയായി' എന്നു ഞാൻ പറഞ്ഞതായി ഹംസപദികയോടു ചെന്നു പറയൂ!

വിദൂ— കല്പനപോലെ. (എഴുന്നേററു) പിന്നെ, അന്യൻെറ കാര്യത്തിനുവേണ്ടി എൻെറ കുടുമ്മയിൽ അവരാ പിടികൂടിയാൽ അപ്സരസ്ത്രീ പിടികൂടിയ വിരക്തനെന്നപോലെ എനിക്കും മുക്തിയുണ്ടാവില്ല.

രാജാ—ചെല്ലൂ! തന്ത്രത്തിൽ അവളെസ്സംഗതി മനസ്സിലാക്കൂ!

വിദൂ—എന്തു ചെയ്യാം! (പോയി)

രാജാ—(സ്വഗതം) എന്താണിതു്! പ്രിയജനത്തോടു പിരിഞ്ഞിട്ടില്ലെങ്കിലും ഈ പാട്ടു കേട്ടപ്പോരാ മനസ്സിന്നു വല്ലാത്തൊരു വ്യാകുലതയുണ്ടാകുന്നുവല്ലോ. അല്ലെങ്കിൽ,

മന്ദാക്രാന്താ

രമ്യം കണ്ടും മധുരനിനദം കേട്ടുമൌത്സുക്യമേററം
തിങ്ങും സൌഖ്യം കലരുമൊരു ജീവിക്കുമുണ്ടാവതോർത്താൽ
ജന്മം മററൊന്നിലെ മമത താൻ വാസനാരൂപമായി—
ത്തന്നുള്ളിൽച്ചേർന്നു ഹൃദയമവ്യക്തമായോക്കയൊവാം. ൧

(വ്യാകുലപ്പെട്ടുകൊണ്ടിരിക്കുന്നു.)

(കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചു—കഷ്ടം! ഞാനിങ്ങനെയുള്ള സ്ഥിതിയിലെത്തിക്കഴിഞ്ഞു.

വസന്തതിലകം.

അന്തഃപുരത്തിൽ മമ വേണ്ടൊരു മുദ്രയെന്നു
ചിന്തിച്ചു ഞാൻ കരുതിവന്നൊരു ചൂരലിപ്പോരാ
സന്ധിച്ച വാദ്ധകവശാലടിതെററിടാതെ
സഞ്ചാരമാർന്നിടുവതിന്നവലംബമായി. ൨

മഹാരാജാവിനു ധമ്മകാൎയ്യങ്ങഠം നോക്കാതിരിക്കാൻ തരമില്ല എന്നതു ശരിതന്നെ. എന്നാലും ആസ്ഥാനമണ്ഡപത്തിൽനിന്ന് ഇപ്പോഠംത്തന്നെ എഴുന്നേററുപോയ അവിടുത്തെ അടുക്കൽച്ചെന്നു കണ്വശിഷ്യന്മാർ കാണ്മാൻ വന്നിട്ടുള്ള വിവരം അറിയിച്ചു വീണ്ടും ക്ലേശിപ്പിക്കാൻ മടിതോന്നുന്നു. അല്ലെങ്കിൽ ലോകതന്ത്രത്തിലുള്ള ചുമതല വിശ്രമം കിട്ടാത്തതാണല്ലോ.

ഒരിക്കലേ പൂട്ടിയതുള്ള തേരിനൻ
ചരിപ്പതേ രാപ്പകൽ വായുദേവനും
ധരിത്രി താങ്ങുന്നു സദാപി ശേഷനും
ധുരാപതിക്കും നിജധമ്മമേവമാം.

കണ്വശിഷ്യന്മാരാവശ്യപ്പെട്ടതു ചെയ്യാം. (നടനു നേരെ നോക്കീട്ട്) ഇതാ മഹാരാജാവ്,

പ്രജകളെ നിജസന്താനങ്ങളെപ്പോലെ കാത്തീ
വിജനവസതി കൈക്കൊള്ളുന്നു ശാന്തതാമോട്ടും
നിജകുലമനുവേലം സന്നിയിച്ചുക്കത്തെപ്പൻ
ഗജപതി തണലിൽച്ചെന്നാങ്ങു വാഴുന്നപോലെ.

(അടുത്തു ചെന്ന്) മഹാരാജാവു ജയിക്കട്ടെ. ഹിമവാന്റെ താഠംവരയിലുള്ള തപോവനത്തിൽനിന്നു കാശ്യപമഹഷിയുടെ സന്ദേശവുംകൊണ്ടു ചില തപസ്വികഠം സ്ത്രീകളോടുകൂടി വന്നിരിക്കുന്നു. ഇനി കല്പനപോലെ.

രാജാ—(ആദരവോടുകൂടി) കാശ്യപമഹഷിയുടെ സന്ദേശവുംകൊണ്ടോ?

കഞ്ചു—അതേ.

രാജാ—എന്നാൽ പുരോഹിതൻ സോമരാതനോട് ആ ആശ്രമവാസികളെ ശ്രൌതവിധിപ്രകാരം സൽക്കരിച്ചു കൂട്ടിക്കൊണ്ടുവരണമെന്നു ഞാൻ പറഞ്ഞതായിപ്പറയൂ. തപസ്വിജനങ്ങളെക്കാണാനുചിതമായ സ്ഥലത്തു ചെന്നു ഞാൻ കാത്തിരുന്നുകൊള്ളാം.

കഞ്ചു—കല്പനപോലെ. (പോയി)

രാജാ—(എഴുന്നേററ്) വേത്രവതി! അഗ്നിഹോത്രശാലയിലേക്കു നടക്കൂ!

ദ്വാരപാലിക—(നടന്നുകൊണ്ട്) എഴുന്നള്ളാം.

രാജാ—(നടന്നുകൊണ്ട് അധികാരക്ലേശം നടിച്ച്) മറെറല്ലാവക്കും ആഗ്രഹിച്ച കാര്യം സാധിച്ചാൽ സുഖമായി. രാജാക്കന്മാക്കുണ്ടാകുന്ന കൃതാത്ഥത പിന്നെയും ക്ലേശിപ്പിക്കയാണ് ചെയ്യുന്നത്,

ഉൽക്കണ്ഠമാത്രമൊഴിവാക്കിടുമേ പ്രതിഷ്ഠ
ദുഃഖത്തെ ലബ്ധഭരണം പുനരേകിടുന്നു
തീക്കില്ലതിശ്രമമണക്കയുമില്ല രാജ്യ-
മോക്കിൽ സ്വഹസ്തധൃതമാം കുടയെന്നപോലെ. ൭

(ആകാശത്തിൽ) സ്തുതിപാഠകന്മാരിലൊരാൾ—മഹാരാജാവു ജയിക്കട്ടെ—

സ്വസുഖവിമുഖനായ് നീ ക്ലേശമേല്പൂ പ്രജാത്ഥം
പ്രതിദിനമഥവാ നിൻവൃത്തിയിമ്മട്ടിലല്ലോ
ക്ഷിതിരുഹമുരുതാപം മൌലികൊണ്ടേററിടുന്നു
ശ്രിതജനപരിതാപം ഛായകൊണ്ടാററിടുന്നു. ൮

മററൊരാൾ—

നിർമ്മര്യാദയിലേപ്പെടുന്ന നരരെ-
ശ്ശിക്ഷിച്ചമർത്തുന്നു നീ
നിർമ്മായം വ്യവഹാരമൊക്കയുമൊതു
ക്കിക്കാത്തുപോരുന്നു നീ
കുന്നിക്കും വിഭവങ്ങളിൽ പരമിണ-
ങ്ങിക്കോട്ടെ ബന്ധുക്കളും
നിന്നിൽത്താൻ നിജബന്ധുകൃത്യമിഹ പ-
ര്യാപ്തം ജനങ്ങൾക്കഹോ. ൧

രാജാ—മനസ്സിന്നു തട്ടിയ ക്ഷീണം പോയി എനിക്കുത്സാഹം തോന്നുന്നു. (നടക്കുന്നു)

ദ്വാര—ഇതാ ഇപ്പോൾതന്നെ അടിച്ചുമെഴുകി വൃത്തിയാക്കി അരികത്തു ഹോമധേനുവിനേയും കൊണ്ടുവന്നുനിർത്തീട്ടുള്ള അഗ്നിശാലയുടെ ഇറയം. തിരുമേനിക്ക് ഇവിടെ എഴുന്നള്ളിനില്ക്കാം.

രാജാ—(കയറി ദ്വാരപാലികയുടെ തോളിൽ കയ്യുവെച്ചു നിന്നിട്ട്) വേത്രവതി! കാശ്യപമഹർഷി എന്റെ അടുക്കലേക്കു മുനിമാരെപ്പറഞ്ഞയച്ചിരിക്കുന്നതെന്തിന്നായിരിക്കാം?

വന്നൊന്നോ വല്ല വിഘ്നങ്ങളുമവിടെ മുനി-
ശ്രേഷ്ഠർ ചെയ്യും തപസ്സി-
ന്നന്നിദ്രം ദ്രോഹമാരെങ്കിലുമുടജചര-
പ്രാണിയിൽച്ചെയ്തുവെന്നോ

എന്നിൽത്തെററിങ്ങു പററിത്തരുലതകൾ ഫലി..
ക്കാതെയായ്ത്തീൎന്നുവെന്നോ
സന്ദേഹം മററുമേവം മമ പെരുകിയുററ–
ക്കാതെയാടുന്നു ചിത്തം. ൮

ദ്വാര — തിരുമേനി നടത്തുന്ന ധൎമ്മകൃത്യങ്ങളെ അഭിനന്ദിച്ചു മാനിക്കുവാനാണു് മുനിമാർ വന്നിട്ടുള്ളതെന്നാണു് അടിയൻ ഊഹിക്കുന്നതു്.

(പുരോഹിതനും കഞ്ചുകിയും പിന്നാലെ ഗൌതമി, ശകുന്തള ഇവരെ മുമ്പിലാക്കിക്കൊണ്ടു മുനിമാരും പ്രവേശിക്കുന്നു.)

കഞ്ചു — ഇങ്ങോട്ടു വരാം.

ശാർങ്ഗരവൻ — ശാരദ്വത!

എന്നും നീതി പിഴച്ചിടാതരുളുമീ
മന്നൻ മഹാഭാഗനാ–
ണൊന്നും ദുൎന്നടയില്ല; പാരമെളിയോ–
രിൽപ്പോലുമിങ്ങാൎക്കുമേ;
എന്നാലും വിജനത്തിൽ നിത്യമിടപ–
ട്ടോരെൻമനസ്സിൽ ജനം
തിങ്ങുന്നീപ്പുരി തീപ്പിടിച്ച പുരതൻ
മട്ടിങ്ങു തോന്നുന്നു മേ. ൯

ശാര — പട്ടണത്തിൽ വന്നപ്പോൾ അങ്ങക്കങ്ങനെ തോന്നുന്നതു യുക്തംതന്നെ. ഞാനും,

അഭ്യക്തനെ സ്നാതനശുദ്ധിമാനെ–
യശുദ്ധൻ തഥാ സുപ്തനെയുൽപ്രബുദ്ധൻ
ബദ്ധാംഗനെ സ്വൈരഗനും നിനക്കും
മട്ടോൎപ്പനിങ്ങിസ്സുഖസക്തലോകം ൧൦

ശകു—(നിമിത്തസൂചനം നടിച്ച്) അയ്യോ! എന്താണ് എന്റെ വലത്തെക്കണ്ണിങ്ങനെ ആടുന്നത്?

ഗൌതമി—മകളേ! അമംഗളം വരാതിരിക്കട്ടെ. ഭർത്തൃകുലദേവതമാർ നിനക്കു സുഖം വരുത്തട്ടെ.

(എല്ലാവരും നടക്കുന്നു.)

പുരോ—(രാജാവിനെക്കാണിച്ച്) താപസന്മാരേ! വർണ്ണാശ്രമങ്ങളെ രക്ഷിക്കുന്ന മഹാരാജാവ് ഇതാ മുൻകൂട്ടിത്തന്നെ എഴുന്നേററു നിങ്ങളുടെ വരവു കാത്തുനില്ക്കുന്നു. കാണുക.

ശാർങ്ഗ—മഹാബ്രാഹ്മണ! ഇതഭിനന്ദിക്കേണ്ടതുതന്നെ. എന്നാലും ഞങ്ങൾക്കിതിലത്ര വിശേഷം തോന്നുന്നില്ല. എന്തെന്നാൽ,

മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ
പരം നമിക്കുന്നു നവാംബുവാൽ ഘനം
സമൃദ്ധിയാൽ സജ്ജനമൂററമാന്നിടാ
പരോപകാരിക്കിതുതാൻ സ്വഭാവമാം.

ദ്വാര—ഈ മുനിമാരുടെ മുഖം തെളിഞ്ഞിരിക്കുന്നുണ്ട്. കാര്യം സാധിക്കുമെന്നിവക്കു വിശ്വാസമുണ്ടായിരിക്കണം.

രാജാ—(ശകുന്തളയെക്കണ്ടിട്ട്) പിന്നെ ഈ സ്ത്രീ!

ആരാണുടൽമൂടിക്കൊ-
ണ്ടേറെത്തെളിയാത്ത ദേഹഭംഗിയോടും
ആരണ്യകരുടെ നടുവിൽ
ഗൌരദളങ്ങൾക്കിടക്കു തളിർപോലെ. ൧൨

ദ്വാര—അത്ഭുതംകൊണ്ടെനിക്കൂഹിക്കാൻപോലും കഴിയുന്നില്ല. ഇവളുടെ ആകൃതി കാണേണ്ടതായിത്തന്നെ തോന്നുന്നു.

രാജാ—പോട്ടെ. പരകളത്രത്തെ സൂക്ഷിച്ചുനോക്കരുത്.

ശകു—(കയ്യു മാറത്തു വെച്ചു സ്വഗതം) ഹൃദയമേ! എന്താണിങ്ങനെ പിടക്കുന്നത്? ആൎയ്യപുത്രൻെറ മനോഗതമറിഞ്ഞിട്ടുപോരെ അധൈൎയ്യപ്പെടുവാൻ?

പുരോ—(മുമ്പെച്ചെന്നിട്ട്) ഇതാ വിധിപോലെസ്സൽക്കരിച്ച താപസന്മാർ. ഇവർ ഗുരുവിൻെറ ഒരു സന്ദേശവുംകൊണ്ടാണ് വന്നിട്ടുള്ളത്. അതു മഹാരാജാവു തന്നെ കേൾക്കേണ്ടതാണ്.

രാജാ—അങ്ങനെയാവാം.

മുനിമാർ—(കയ്യുയൎത്തിക്കൊണ്ട്) മഹാരാജാവു ജയിക്കട്ടെ!

രാജാ—എല്ലാവൎക്കും നമസ്കാരം.

മുനിമാർ—ഇഷ്ടം ലഭിക്കട്ടെ.

രാജാ—മഹൎഷിമാരുടെ തപസ്സിന്നു വിഘ്നമൊന്നുമില്ലല്ലോ?

മുനിമാർ—

സന്മാൎഗ്ഗരക്ഷ നീ ചെയ്കെ ധൎമ്മാചരണവിഘ്നമോ
ഘൎമ്മാംശു നില്ക്കെയിരുളിന്നുന്മേഷം സംഭവിക്കുമോ? ൧൩

രാജാ—എന്നെ രാജാവെന്നു പറയുന്നതു സാൎത്ഥകമായി. ഭഗവാൻ കാശ്യപമഹൎഷി ലോകാനുഗ്രഹത്തിന്നുവേണ്ടി ക്ഷേമമായിത്തന്നെയിരിക്കുന്നില്ലേ?

ശാർങ്ഗ—സിദ്ധന്മാരായിട്ടുള്ളവക്കു ക്ഷേമം സ്വാധീനമാണല്ലോ. അദ്ദേഹം മഹാരാജാവിനോട് ക്ഷേമം ചോദിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

രാജാ—എന്താണരുളിച്ചെയ്യുന്നത്?

ശാർങ്ഗ—'നിങ്ങൾതമ്മിലിണങ്ങി എന്റെ പുത്രിയെ അങ്ങു വിവാഹംചെയ്തുവല്ലോ. അതു ഞാൻ സന്തോഷത്തോടുകൂടിസ്സമ്മതിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,

പൂജ്യക്കു മുമ്പനായി നീ നിയതം ശരീര-
മാജ്ജിച്ച സൽക്രിയ ശകുന്തളയെന്നു ചൊല്ലാം
നൂനം സമാനഗുണദമ്പതിയോജനത്താൽ
നീണാളകീത്തിയണയാത്തവനായിരിക്കുമൻ. ൧൮

അതിനാൽ ഗർഭിണിയായിരിക്കുന്ന ഇവളെ സഹധർമ്മാചരണത്തിനായി സ്വീകരിച്ചുകൊൾക.' എന്നാണരുളിച്ചെയ്തയച്ചിരിക്കുന്നത്.

ഗൌത—ആര്യ! എനിക്കും ചിലതു പറഞ്ഞാൽക്കൊള്ളാമെന്നാഗ്രഹമുണ്ട്. പക്ഷേ ഒന്നും പറവാനവകാശം കാണുന്നില്ല. എന്തെന്നാൽ,

ചിന്തിച്ചതില്ലിവൾ ഗുരുക്കളെയൊററ വാക്കു
ബന്ധുക്കളോടയി ഭവാനുരചെയ്തുമില്ല
താന്താങ്ങൾതാനിഹ കഴിച്ചതിൽ ഞാനൊരാളോ-
ടെന്തോന്നൊരാളുടയ സംഗതിയോതിടേണ്ടൂ. ൧൯

ശകു—(സ്വഗതം) ആര്യപുത്രനിപ്പോൾ എന്താണാവോ പറയുക.

രാജാ—എന്താണീപ്പറഞ്ഞത്?

ശകു—(സ്വഗതം) അയ്യോ തീയുതന്നെ വാക്കായിപ്പുറപ്പെടുന്നു.

ശാർങ്ഗ—എന്ത്! എന്താണെന്നോ? നാട്ടുനടപ്പു നിങ്ങൾക്കുതന്നെ നല്ലവണ്ണം അറിയാമല്ലോ

ഭർത്താവുള്ളോരബല സതിയാ
യീടിലും ബന്ധുഗേഹേ
നിത്യം പാർത്താൽ ജനമിഹ മറി-
ച്ചോക്കുമെന്നുള്ളമൂലം
അസ്സ്നേഹം സ്വപതി പരുമാ-
റീടിലും തത്സമീപേ
വർത്തിക്കേണം വനിതയതിനാം
ബാന്ധവക്കുള്ളിൽ മോഹം. ൧൯

രാജാ—അല്ലാ! ഈ സ്ത്രീ ഞാൻ വിവാഹം കഴിച്ചവളുമാണെന്നോ?

ശകു—(വിഷാദത്തോടുകൂടി സ്വഗതം) ഹൃദയമേ! നീ ഭയപ്പെട്ടതിപ്പോൾ ശരിയായി.

ശാർങ്ഗ—കൃതകാര്യത്തിൽ വെറുപ്പോ
കൃശനിന്ദനമോ, സ്വധർമ്മവിമുഖതയോ?

രാജാ—എന്താണിങ്ങനെ ഇല്ലാത്തതു സങ്കല്പിച്ചു ചോദിക്കുന്നത്?

ശാർങ്ഗ—മിക്കതുമിവക വികൃതികൾ
വാച്ചിടുമൈശ്വര്യമത്തരായവരിൽ. ൨൦

രാജാ—എന്നെപ്പററിയുള്ള അധിക്ഷേപം ഒന്നുകൂടിക്കൂടി.

ഗൌത—മകളേ! കുറച്ചുനേരം ലജ്ജിക്കാതിരിക്കു. മൂടുപ

ടം ഒന്നു മാററട്ടെ. എന്നാൻ ഭർത്താവു നിന്നെ അറിയും. (അപ്രകാരം ചെയ്യുന്നു)

രാജാ—(ശകുന്തളയെ നോക്കി സ്വഗതം.)

ഓമൽകാന്തി തികഞ്ഞിവണ്ണമഴകാ-
ർന്നാസന്നമായുള്ളൊരീ-
പ്പൂമെയ് മുമ്പു നുകന്നോയിവനത-
ല്ലേയെന്നുറക്കായ്കയാൽ
തൂമഞ്ഞുള്ളിലെഴുന്ന മുല്ല പുലരിൽ-
ക്കണ്ടോരു വണ്ടെന്നപോ-
ലാമോദത്തൊടു കൊള്ളുവാനുമഥവാ
തള്ളാനുമാളല്ല ഞാൻ. ൧൮

(വിചാരമഗ്നനായി നില്ക്കുന്നു.)

ദ്വാര—(സ്വകാര്യം) അമ്പോ! തമ്പുരാൻെറ ധർമ്മനിഷ്ഠ! പ്രയാസമില്ലാതെ അടുത്തു കിട്ടിയ ഈ മാതിരി സൌന്ദര്യം കണ്ടാൽ മററാരെങ്കിലും സംശയിക്കുമോ?

ശാർങ്ഗ—മഹാരാജാവേ! എന്താ മിണ്ടാതെ നില്ക്കുന്നത്?

രാജാ—ഹേ! ഞാനാലോചിച്ചുനോക്കീട്ടും ഇവരെ സ്വീകരിച്ചതായിത്തോന്നുന്നില്ല. ആ സ്ഥിതിക്ക് ഗർഭലക്ഷണം സ്പഷ്ടമായിട്ടുള്ള ഇവരെ പരസ്ത്രീയെന്നു ശങ്കിക്കുന്ന ഞാനെങ്ങനെ സ്വീകരിക്കും?

ശകു—(വിഷാദത്തോടെ സ്വഗതം) വിവാഹത്തിൻെറ സംഗതിയിൽത്തന്നെ സംശയം. വളരെക്കടന്ന എൻെറ ആശയെന്തിന്?

ശാർങ്ഗ—അരുത്!

സുതയെബ്ഭലമായ് ഗ്രഹിച്ചതിന്നും
മതമേകും മുനി തേ വിമാന്യനത്രേ
മുതൽ കട്ടതു കണ്ടെടുത്തു കള്ള-
നാതു നല്കുംവിധമിങ്ങു ചെയ്കമൂലം. ൧൯

ശാര—ശാർങ്ഗരവ! അങ്ങു മതിയാക്കൂ! ശകുന്തളേ! ഞങ്ങൾ പറയേണ്ടതു പറഞ്ഞു. ഇദ്ദേഹം ഇങ്ങനെയും പറയുന്നു. വിശ്വസിക്കത്തക്ക ഒരുത്തരം ഇദ്ദേഹത്തിന്നു കൊടുക്കൂ!

ശകു—(സ്വഗതം) ആ മാതിരി അനുരാഗത്തിന് ഈ നില വന്ന സ്ഥിതിക്ക് ഓൎമ്മപ്പെടുത്തീട്ടെന്തു ഫലം. എനിക്ക വ്യസനിപ്പാൻവേണ്ടിത്തന്നെയാണിതിന്നു പുറപ്പെടുന്നത്. (പ്രകാശം) ആൎയ്യപുത്ര! (എന്നു പകുതി പറഞ്ഞിട്ട്) ഓ! വിവാഹത്തെക്കുറിച്ചുതന്നെ സംശയമായിരിക്കെ ഇതു നടപ്പിനു ചേൎന്നതല്ല. പൌരവ! ഇതു ങ്ങക്ക യുക്തമല്ല. സ്വഭാവത്താൽത്തന്നെ ഹൃദയം തുറന്നിട്ടുള്ള ഈയുള്ളവളെ മുമ്പ് ആശ്രമത്തിൽവെച്ച് സമയംചെയ്തു കുടുക്കിൽപ്പെടുത്തിട്ട് ഇപ്പോൾ ഇങ്ങനെ പറഞ്ഞു തള്ളിക്കളയുന്നതു തീരെ യുക്തമല്ല.

രാജാ—ഛീ! പാപം ശമിക്കട്ടെ!

കരുതുന്നതെന്തിഹ കുലം കെടുത്തിടു-
ന്നതിനും പരം മമ നിപാതനത്തിനും
കരതിങ്ങിയാറു തെളിനീർകലക്കിടു-
ന്നതിനും തടസ്ഥ പിഴുതാനുമെന്നപോൽ. ൨൦

ശകു—ആട്ടെ പരപത്നിയാണെന്നു പരമാൎത്ഥമായിത്തന്നെ സംശയിച്ചിട്ടാണ് അങ്ങിങ്ങനെയൊക്കെയൊണി

ക്കുന്നതെങ്കിൽ ഈ അടയാളംകൊണ്ടു സംശയം തീ ൎത്തേക്കാം.

രാജാ—ശരി. ഉത്തമപക്ഷം.

ശകു—(വിരലിന്മേൽ തലോടിനോക്കി) അയ്യോ! മോതിരം എന്റെ വിരലിന്മേലില്ലല്ലോ. (വിഷാദത്തോടുകൂടി ഗൌതമിയെ നോക്കുന്നു.)

ഗൌത—(ആലോചിച്ച്) ശക്രാവതാരത്തിൽവെച്ചു ശചീതീൎത്ഥത്തിലെ വെള്ളമെടുത്തു വന്ദിക്കുമ്പോൾ ഊരിവീണുപോയതായിരിക്കണം.

രാജാ—(പുഞ്ചിരിയോടെ) ഇതാണ് സ്ത്രീകൾക്ക് അപ്പോഴപ്പോൾ തരംപോലെത്തോന്നിക്കൊള്ളുമെന്നു പറയുന്നത്.

ശകു—ഇവിടെ വിധി തന്റെ വലുപ്പം കാണിച്ചു. ആട്ടെ മറ്റൊരു സംഗതി പറയാം.

രാജാ—ഇനി കേൾക്കാനുള്ളതായിത്തീൎന്നു.

ശകു—ഒരു ദിവസം അങ്ങു താമരയിലക്കുമ്പിളിൽ വെള്ളം എടുത്തു കയ്യിൽപ്പിടിച്ചുകൊണ്ടു മുല്ലത്തറമേലിരിക്കയായിരുന്നു.

രാജാ—ഉം! കേൾക്കുന്നുണ്ട്.

ശകു—അപ്പോൾ എന്റെ ആ വളൎത്തുപുത്രൻ ദീൎഘാപാംഗനെന്ന മാൻകുട്ടി അവിടെ വന്നു. ഇവൻ ആദ്യം കുടിക്കട്ടെ എന്നു പറഞ്ഞു ദയയോടുകൂടി വെള്ളം അവനു കാണിച്ചു. പരിചയമില്ലാത്തതിനാൽ അവനങ്ങയുടെ അടുക്കലേക്കു വന്നില്ല. ആ വെള്ളംതന്നെ ഞാൻ മേടിച്ചുകാട്ടിയപ്പോൾ അടുത്തു വന്നു കുടിക്കയും

ചെയ്തു. അതു കണ്ട് അങ്ങു ചിരിച്ചുംകൊണ്ട് 'എല്ലാവരും അവരവരുടെ കൂട്ടരെ വിശ്വസിക്കും. രണ്ടും കാട്ടുവർഗ്ഗമാണല്ലോ' എന്നു പറഞ്ഞു പരിഹസിച്ചു.

രാജാ—തൻകാര്യം നേടാൻ പുറപ്പെട്ട സ്ത്രീകളുടെ ഈ മാതിരി അമൃതൊഴുക്കുന്ന വാക്കുകൾ വിഷയാസക്തന്മാരെ മയക്കാറുണ്ട്.

ഗൌത—മഹാഭാഗ! ഇങ്ങനെ പറയരുത്. തപോവനത്തിൽ വളർന്നുവന്ന ഈയുള്ളവർക്കു കപടങ്ങളൊന്നും അറിഞ്ഞുകൂടാ!

രാജാ—വൃദ്ധതാപസി!

സ്ത്രീകൾക്കേറെറം പടുത സഹജം ജന്തുവർഗ്ഗത്തിലുംതാൻ
ലോകേ കാണാം പ്രതിഭകലരുന്നോരിലോതേണ്ടതുണ്ടോ
ആകെത്തന്മക്കളെയിഹ കുയിൽപ്പെണ്ണു താനേ പറക്കാ-
റാകുന്നോളം മറുപറവയെക്കൊണ്ടു പോററുന്നുവല്ലോ. ൨൧

ശകു—(കോപത്തോടെ) ദുഷ്ട! അവനവൻെറ ഹൃദയംപോലെയാണ് മററുള്ളവരുടേയും എന്നു വിചാരിക്കുന്നു. പുറമെ ധർമ്മകഞ്ചുകവും ധരിച്ചു പുല്ലുകൊണ്ടു മൂടിയ കിണററിൻെറ മട്ടിലിരിക്കുന്ന അങ്ങയെപ്പോലെ വേറെ ആരെങ്കിലും ഇ ലോകത്തിൽ ഉണ്ടാകുമോ?

രാജാ—(സ്വഗതം) എന്നെസ്സംശയിപ്പിക്കത്തക്കവിധം ഇവളുടെ കോപം അത്ര നിർവ്യാജമായിട്ടുള്ളതുപോലെ തന്നെ കാണുന്നു. ഇവളാകട്ടെ,

ഞാൻതന്നെ വിസ്മരണദാരുണനായ് രഹസ്സിൽ
സന്ധിച്ചതാം പ്രണയമിങ്ങറിയായ്കമൂലം
ചിന്നും രുഷാ മിഴിചൊവന്നധികം ചുളിച്ചു
തൻചില്ലിയാൽ മദനചാപമൊടിച്ചിതെന്നോ. ൨൨

(പ്രകാശം) ഭദ്രേ! ദുഷ്ഷന്തന്റെ നടപടികളെല്ലാം പ്രസിദ്ധമാണു്. എന്നാൽ ഇതു കാണുന്നില്ല.

ശകു—ശരി, എന്നെ ഒരു തോന്നിവാസക്കാരിയാക്കിത്തീർത്തു. ഈ ഞാൻ പുരുവംശത്തെ വിശ്വസിച്ചു്, മുഖത്തു തേനും ഹൃദയത്തിൽ വിഷവും നിറഞ്ഞ ഇയ്യാളുടെ കയ്യിലകപ്പെട്ടുവല്ലോ.

(വസ്ത്രത്തിന്റെ അററംകൊണ്ടു മുഖം മറച്ചു കരയുന്നു.)

ശാർങ്ഗ—തന്നെത്താൻ കാണിച്ച ചാപല്യം ഇങ്ങനെയാണു് തിരിച്ചടിച്ചു ദഹിപ്പിക്കുന്നതു്.

രഹോബന്ധം വിശേഷിച്ചും പരീക്ഷിച്ചിട്ടു ചെയ്യണം
സ്നേഹമുള്ളറിയാത്തോരിൽ വൈരമായ്ത്തീരുമിത്തരം.

രാജാ—ഹേ! എന്താണു് ഈ സ്ത്രീയെമാത്രം വിശ്വസിച്ചു ദോഷം ചെയ്യാത്ത നമ്മെക്കൊള്ളിച്ചു പറഞ്ഞു കുററപ്പെടുത്തുന്നതു്?

ശാര—(അക്ഷമയോടെ) നിങ്ങൾ കേട്ടില്ലേ തലകീഴാക്കിപ്പറഞ്ഞതു്?

പിറവാന്നുമുതൽക്കു ശാഠ്യമെന്തെ-
ന്നറിയാത്തോരുരചെയ്യതപ്രമാണം
പരവഞ്ചന വിദ്യയായ് പഠിക്കും
നരരോതും മൊഴിയേ യഥാർത്ഥമാവൂ. ൨൪

രാജാ—ഹേ! സത്യവാദി! ഇതു ഞാൻ സമ്മതിച്ചു. എന്നാൽ ഈ സ്ത്രീയെച്ചതിച്ചിട്ടെന്തു ലാഭമാണു് കിട്ടുന്നതു്?

ശാർങ്ഗ—നരകപതനം.

രാജാ—നരകപതനം പൌരവന്മാരാഗ്രഹിക്കുന്നുവെന്ന സംഗതി ശ്രദ്ധിക്കത്തക്കതുതന്നെ.

ശാര—ശാർങ്ഗരവ! എന്തിനു മേൽക്കുമേൽപ്പറയുന്നു. ഗുരുസന്ദേശം നിർവ്വഹിച്ചുകഴിഞ്ഞു. നമുക്കിനി തിരികെപ്പോവുക. ഹേ! രാജാവേ!

തവ പത്നിയാമിവളിതാ ത്യജിക്കയോ-
യിവളെ ഗ്രഹിച്ചിടുകയോ യഥേഷ്ടമാം
അവിശങ്കമാത്മഗൃഹിണീജനത്തിലി-
ങ്ങധികാരമുണ്ടു വരനോക്കിലേതിനും. ൨൫

ഗൌതമി! മുമ്പിൽ നടന്നുകൊള്ളു.

(മൂന്നാളും പുറപ്പെടുന്നു.)

ശകു—അയ്യോ! ഈ ചതിയൻ എന്നെ ചതിച്ചു. നിങ്ങളും എന്നെ ഉപേക്ഷിക്കയാണോ?

(കരഞ്ഞുകൊണ്ടു പിന്നാലെ പുറപ്പെടുന്നു.)

ഗൌത—(നിന്നിട്ട്) മകനേ! ശാർങ്ഗരവ! ശകുന്തള തേങ്ങിക്കരഞ്ഞുകൊണ്ടിതാ നമ്മുടെ പിന്നാലെ വരുന്നു. ഭർത്താവിങ്ങനെ ക്രൂരതകാണിച്ചുപേക്ഷിച്ച സ്ഥിതിക്ക് എൻെറ മകളെന്തുചെയ്യും?

ശാർങ്ഗ—(കോപത്തോടെ തിരിഞ്ഞുനിന്ന്) ഛീ! വിവേകംകെട്ടവളേ! സ്വാതന്ത്ര്യം കാണിക്കുന്നുവോ?

(ശകുന്തള പേടിച്ചു വിറക്കുന്നു.)

ശാർങ്ഗ—ശകുന്തളേ!

ക്ഷിതിപനോതിയമാതിരിയെങ്കിൽ നിൻ-
ജനകനെന്തിനു ജാതി കിഴിഞ്ഞ നീ
വ്രതവിശുദ്ധി നിനക്കുഴമെങ്കിലോ
പതികുലേ തവ ദാസ്യവുമുത്തമം. ൨൬

അതുകൊണ്ടു നിൽക്കു! ഞങ്ങൾ പോകുന്നു.

രാജാ — താപസ! 'എന്തിനാണ്' വിരോധംപറഞ്ഞിവരെ നിൎത്തുന്നതു്.

ചന്ദ്രൻ കുമുദിനിയെത്താൻ
നന്ദിപ്പിക്കുന്നിനൻ നളിനിയെത്താൻ,
അന്യപരിഗ്രഹസംഗമ-
മെന്നും ചെല്ലില്ല വശികൾതന്നുള്ളിൽ. ൨൧

ശാൎങ്ഗ — മറ്റൊരുത്തിയിലാസക്തികൊണ്ടു മുമ്പു കഴിഞ്ഞ സംഗതി അങ്ങക്കു മറക്കാമെങ്കിൽ അധൎമ്മഭയം പിന്നെ എങ്ങനെ വന്നുകൂടി!

രാജാ — ഇക്കാൎയ്യത്തിലുള്ള ഗുരുലഘുത്വം അങ്ങയോടുതന്നെ ചോദിക്കട്ടെ.

ഇവൾതൻകളവോയെൻറ മറവോയെന്ന ശങ്കയിൽ
കളത്രത്യാഗമോ ഭേദം പരസ്ത്രീസ്പൎശപാപമോ? ൨൨

പുരോ — (ആലോചിച്ചു്) എന്നാലിങ്ങനെ ചെയ്യാം.

രാജാ — ആചാൎയ്യൻ കല്പിച്ചാലും.

പുരോ — ഈ സ്ത്രീ പ്രസവിക്കുന്നതുവരെ എൻറ ഗൃഹത്തിൽ താമസിക്കട്ടെ. എന്താണിങ്ങനെ പറയുന്നതെന്നുവെച്ചാൽ, മഹാരാജാവിൻറ ആദ്യത്തെ പുത്രൻ ചക്രവൎത്തിയായിത്തീരുമെന്നു മുമ്പു ദൈവജ്ഞന്മാരനുഗ്രഹിച്ചിട്ടുണ്ടല്ലോ. ഈ മുനിപുത്രിയുടെ മകനു ചക്രവൎത്തിലക്ഷണമുണ്ടെങ്കിൽ ഇവളെ അഭിനന്ദിച്ചു് അന്തഃപുരത്തിലേക്കു കൂട്ടിക്കൊണ്ടുപോരാം. ഇല്ലെങ്കിലോ ഇവളുടെ അച്ഛൻറ അടുക്കലേക്കുതന്നെ അയക്കയും ചെയ്യാമല്ലോ.

രാജാ—ആചാര്യന്റെ ഇഷ്ടംപോലെ.

പുരോ—കുട്ടി! എന്റെ പിന്നാലെപ്പോരു!

ശകു—ഭൂമിദേവി! എന്നെ താഴ്ത്തി മറക്കണേ!

കരഞ്ഞുകൊണ്ടു പുരോഹിതനോടുകൂടിപ്പോയി.

(ശാപത്താൽ ഓർമ്മയില്ലാതായ രാജാവു ശകുന്തളയുടെ സംഗതിതന്നെ ആലോചിച്ചുകൊണ്ടിരിക്കുന്നു.)

(അണിയറയിൽ—അത്ഭുതം! അത്യത്ഭുതം!!)

രാജാ—(കേട്ടിട്ടു്) എന്തായിരിക്കാം?

പുരോഹി—(പ്രവേശിച്ചു്) മഹാരാജാവേ! വലിയൊരത്ഭുതമുണ്ടായി.

രാജാ—എന്താണതു്?

പുരോ—കണ്വശിഷ്യന്മാർ മടങ്ങിപ്പോയപ്പോൾ,

പേർത്തും പേർത്തും നിജവിധിയെയാ-
പ്പൈതൽ നിന്ദിച്ചുകൊണ്ടേ
കയ്ത്താർ പൊക്കീട്ടധികവിവശം
ഹന്ത പൊട്ടിക്കരഞ്ഞാൾ.

രാജാ—പിന്നെ?

പുരോ—സുസ്ത്രീരൂപം പരമൊരു മഹ-
സ്സപ്സരസ്തീർത്ഥഭാഗാ-
ലെത്തീട്ടാരാലവളെയുമെടു-
ത്തഞ്ജസാ പോയ്മറഞ്ഞു. ൨൮

(എല്ലാവരും അത്ഭുതം നടിക്കുന്നു.)

രാജാ—ആചാര്യ! ആ കാര്യം മുമ്പുതന്നെ നാം ഒഴിച്ചുകളഞ്ഞതാണു്. അതിനെപ്പററി എന്തിനു വെറുതെ

ങ്ാരോന്നൂഹിച്ചന്വേഷിക്കാൻ പുറപ്പെടുന്നു! അവിടുന്നു വിശ്രമിക്കുക.

പുരോ—മഹാരാജാവിനു വിജയം. (പോയി)

രാജാ—വേത്രവതി! എനിക്കു നല്ല സുഖം തോന്നുന്നില്ല. കിടപ്പുമുറിയിലേയ്ക്കു നടക്കു.

ദ്വാര—(നടന്നുകൊണ്ടു) തിരുമേനിക്കെഴുന്നള്ളാം.

രാജാ—(നടന്നുകൊണ്ടു സ്വഗതം)

നിരസിച്ചോരു മുനിസുതയെ
സ്മരിച്ചിടുന്നില്ല ഞാൻ പരിഗ്രഹമായ്
പരിതാപമേൽപ്പു മനമോ
പരമതിൽ വിശ്വാസമേകിടുന്നവിധം. ൩൦

(രണ്ടാളും പോയി.)

അഞ്ചാമങ്കം കഴിഞ്ഞു.

---

# ആറാമങ്കം

(നഗരശോധകനും കയ്യു രണ്ടും പിന്നിലേയ്ക്കു പിടിച്ചു കെട്ടിയ ഒരു പുരുഷനേയുംകൊണ്ടു രണ്ടു ഭടന്മാരും പ്രവേശിക്കുന്നു.)

ഭടന്മാർ—(പ്രഹരിച്ചിട്ട്) എടാ! മൂരാച്ചിക്കള്ളാ! പറ! ഈ മോതിരം, കല്ലുവെച്ചതിന്നടുത്തു തമ്പുരാൻെറ തിരുനാമം കൊത്തീട്ടുള്ള ഈ മോതിരം, നിനക്കെവിടുന്നു കിട്ടി? പറ!

പുരു—(ഭയത്തോടെ) ദയ വേണേ! വലിയേമാന്മാരേ! ഞാനങ്ങനെയുള്ള കെട്ട തൊഴിലു ചെയ്യണോനല്ല.

ഒന്നാംഭടൻ—അല്ല! പന്നെ നീയൊരു വിശിഷ്ടബ്രാഹ്മണനാണെന്നുവെച്ചു മഹാരാജാവു നിനക്കു പ്രതിഗ്രഹം തരികയേ!

പുരു—ഏമാനന്മാരു കേക്കണേ! ഞാൻ ചക്രാവതാരത്തു പാക്കുന്ന ഒരു മുക്കോനാണ്.

രണ്ടാംഭടൻ—എട ചൊക്കിളിക്കള്ളാ! നിൻെറ ജാതിയാരെങ്കിലും ചോദിച്ചുവോ? (അടിക്കുന്നു.)

ശോധ—എല്ലാം മുറയ്ക്കു പറയട്ടെ ഇടയ്ക്കു തടഞ്ഞുപദ്രവിക്കേണ്ട.

ഭടന്മാർ—ചേട്ടൻെറ കല്പനപോലെ.

ശോധ—(പുരുഷനോട്) പറ! പറ!

പുരു—ഞാൻ ചൂണ്ടലും വലയും ഒക്കെട്ടു മീൻപിടിച്ചിട്ടാണ് വീട്ടുപൊറുതി കഴിക്കണെ്!

ശോധ—(ചിരിച്ച്) അയ്യ! പരിശുദ്ധമായ ജീവിതംതന്നെ.

പുരു—എമാന്നേ! അങ്ങനെ പറേണ്ട.

ജാതിയ്യിൻ തൊഴില് മോശമാകിലും
യാതൊരാൾക്കുമത്തു വിട്ടൊഴിക്കൊല്ലാ
ആടുകൊല്ലുവതിലുക്കന്നെങ്കിലും
വേതിയൻ ദയവകത്തിയന്നാവൻ.

ശോധ—ആട്ടെ, പറഞ്ഞോ.

പുരു—അങ്ങനെ ഒരു തിവസം ഞാൻ ചെമ്മീനരിഞ്ഞു കൊണ്ടിരിക്കാന്നു. അപ്പൊണ്ട് ഒരു ചെമ്മീനിന്റെ വയററിലിക്കല്ലുവെച്ച മോതിരം കിടക്കുന്നു. ഞാനതെടുത്തുവെച്ചു. പിന്നെ ഇപ്പിളതു വിക്കാൻ കൊണ്ടു നടന്നു കാണിക്കുമ്പോ ഏമാനന്മാരെന്നെപ്പിടിച്ചതാണ്. എന്നെക്കൊല്ലാനാണെങ്കിക്കൊന്നോളിൻ. വിടാണെങ്കി വിട്ടോളിൻ. ഇതിന്റെ കത ഇങ്ങനെയാണ്.

ശോധ—ജാനുക! കവറനാററമുള്ള ഈ ഇറച്ചിക്കോരൻ മീൻപിടുത്തക്കാരൻതന്നെയാണ്. മോതിരത്തിന്റെ കാര്യത്തിൽമാത്രം സൂക്ഷ്മമായ അന്വേഷണം നടത്തേണ്ടതുണ്ട്. രാജധാനിയിലേയ്ക്കുതന്നെ പോവുക.

ഭടന്മാർ—അങ്ങനെതന്നെ. നടടാ! ചെകിടുപൊളിയാ!

(എല്ലാവരും നടക്കുന്നു.)

ശോധ—സൂചക! ഈ ഗോപുരനടക്കൽ ഇവനെ ജാഗ്രതയായിക്കാത്തുകൊണ്ടു നില്ക്കിൻ. ഞാനീ മോതിരം ക

ണ്ടെത്തിയ വൎത്തമാനം തിരുമനസ്സറിയിച്ചു കല്പന വാങ്ങി വരാം. ഉജാർ—

ഭടന്മാർ—അങ്ങനെതന്നെ. ചേട്ടനു തിരുമുമ്പാകെപ്പോകാം.

(നഗരശോധകൻ പോയി.)

സൂചകൻ—ചേട്ടനെന്താണിത്ര താമസിക്കുന്നതു്?

ജാനുകൻ—തമ്പുരാക്കന്മാരെക്കാണാൻ സമയം നോക്കേണ്ടേ?

(പുരുഷനെ ചൂണ്ടിക്കാണിക്കുന്നു.)

പുരു—കുററാല്യാത്തോനെക്കൊല്ലണതേമാനൊത്തതല്ല.

സൂച—(നോക്കീട്ടു്) ഇതാ നമ്മുടെ മേലാവിന്നു രാജകല്പനയെഴുതിവാങ്ങിക്കൊണ്ടുവരുന്നു. എടാ! നിനക്കൊന്നുകിൽ പട്ടിയുടെ മോന്ത കാണാം. അല്ലെങ്കിൽ കഴുകൻെറ തീമ്പണ്ടമായിത്തീരാം.

ശോധകൻ—(പ്രവേശിച്ചു്) സൂചക! ഈ മുക്കുവനെക്കെട്ടഴിച്ചു വിട്ടേക്കു! മോതിരം ഇവനു കിട്ടിയ വഴി ശരിയാണു്.

സൂച—മേലാവിലെക്കല്പനപോലെ. ജാനുക! ഇവൻ കാലൻെറ കോട്ട കണ്ടു മടങ്ങിയെത്തിപ്പോയി. (കെട്ടഴിച്ചുവിടുന്നു.

പുരു—(ശോധകനെത്തൊഴുതിട്ടു്) ഏമാനേ! എൻെറ ജീവനേമാനുള്ളതാണു്.

ശോധ—തമ്പുരാനിതാ മോതിരത്തിന്റെ വിലക്കൊത്ത സമ്മാനം തന്നയച്ചിരിക്കുന്നു. (പുരുഷനു പണക്കിഴി കൊടുക്കുന്നു.)

പുരു—(തൊഴുതുവാങ്ങീട്ടു്) വലിയതമ്പുരാനടിയനെ അനുഗ്രഹിച്ചു.

സൂച—ശൂലത്തിന്മേൽനിന്നിറക്കി ആനപ്പുറത്തു കയററിയിരുത്തുന്നില്ലേ? അവരാണു് ഭാഗ്യവാന്മാര്.

ജാനു—ചേട്ടാ! തമ്പുരാനിത്ര സന്തോഷമുണ്ടായല്ലോ. ആ മോതിരം തിരുമനസ്സിലേക്കു വളരെ പ്രിയപ്പെട്ടതായിരിക്കണം.

ശോധ—ആ മോതിരത്തിന്മേൽ വളരെ വിലപിടിച്ച രത്നമുള്ളതുകൊണ്ടല്ല തമ്പുരാനതിൽ പ്രിയമെന്നു തോന്നുന്നു. അതു കണ്ടപ്പോൾ അവിടേക്കു വളരെ ഇഷ്ടമായ ഏതോ ഒരാളുടെ ഓർമ്മയുണ്ടായി. സ്വതേ ഗംഭീരനായിരുന്നിട്ടും അവിടുന്നു കുറച്ചുനേരം വല്ലാതെ വ്യാകുലനായിരുന്നുപോയി.

സൂച—ചേട്ടൻ തമ്പുരാനെ നല്ലവണ്ണം സേവിച്ചു.

ജാനു—ഈ മീൻപിടിയനു നന്നാവാൻവേണ്ടിയെന്നു പറയൂ! (പുരുഷനെ അസൂയപ്പെട്ടുനോക്കുന്നു.)

പുരു—ഇതിപ്പാതി എമാന്മാർക്കു പൂവാങ്ങാനിരിക്കട്ടെ.

ജാനു—അതു വേണ്ടതുതന്നെ.

ശോധ—മുക്കുവമൂപ്പരേ! നിങ്ങളിപ്പോൾ എന്റെ വലിയ സ്നേഹിതനായിത്തീർന്നിരിക്കുന്നു. നമ്മുടെ ഈ ആദ്യ

ത്തെ കൂട്ടുകെട്ടിന് ഒരു കുടിയുംകൂടി നടത്തണം. അതുകൊണ്ടു ചാരായക്കടയിലേക്കുതന്നെ പോവുക.

(എല്ലാവരും പോയി)

**പ്രവേശകം**

---

(സാനുമതി എന്ന അപ്സരസ്ത്രീ ആകാശത്തിൽ സഞ്ചരിച്ചുകൊണ്ടു പ്രവേശിക്കുന്നു.)

സാനു—അപ്സരസ്തീർത്ഥത്തിൽ ഊഴപ്രകാരംചെന്നിരിക്കേണ്ടതു കഴിഞ്ഞു. ഇപ്പോഠം അവിടെ സജ്ജനങ്ങഠംക്കു സ്നാനംചെയ്യാനുള്ള സമയമാണ്. ഇനി ആ രാജഷിയുടെ വത്തമാനമറിവാൻ നോക്കട്ടെ. മേനകയുടെ മകളാണെന്നുള്ളതുകൊണ്ടു ശകുന്തള എനിക്കു സ്വന്തം ശരീരംപോലെയാണ്. അവഠം ഇതുംകൂടി അറിഞ്ഞു ചെല്ലണമെന്നു പറഞ്ഞിരിക്കുന്നു. (ചുററും നോക്കിട്ട്) ഏ! ഉത്സവകാലമായിട്ടും ഈ രാജധാനിയിൽ ഉത്സവത്തിൻെറ വട്ടമൊന്നും തുടങ്ങാത്തതുപോലെയിരിക്കുന്നതെന്താണ്?വേണമെങ്കിൽ ദിവ്യദൃഷ്ടിവഴിക്ക് എല്ലാം എനിക്കറിയാം. പക്ഷേ, സഖിയുടെ വാക്കിനെ മാനിക്കേണ്ടതുണ്ടല്ലോ. (വീണ്ടും നോക്കീട്ട്) ആട്ടെ, ഈ ഉദ്യാനപാലികമാരുടെ അടുക്കൽച്ചെന്നു മായകൊണ്ടു മറഞ്ഞുനിന്നു സംഗതി മനസ്സിലാക്കാം. (കീഠംപ്പോട്ടിറങ്ങിനിൽക്കുന്നു.)

(മാവിൻമൊട്ടിന്മേൽ നോക്കിക്കൊണ്ട് ഒരു ചേടിയും അവളുടെ പിന്നിലായി മററൊരുത്തിയും പ്രവേശിക്കുന്നു.)

ഒന്നാമത്തവൾ—

വെണ്മ ചൊവപ്പും പച്ചയു-
മാൎന്നിങ്ങു വസന്തസൎവ്വജീവിതമായ്
മിന്നും മാമ്മൊട്ടാമുത്തു-
മംഗളമേ! കാണ്മു നിന്നെ ഞാൻ ഭാഗ്യാൽ. ൨

രണ്ടാമത്തവൾ—സഖി! പരഭൃതികേ! നീയെന്താണു് തന്നെത്താൻ മന്ത്രിക്കുന്നതു്?

ഒന്നാമത്തവൾ—മധുകരികേ! മാമ്മൊട്ടു കണ്ടാൽ പരഭൃതികക്കു ലഹരി പിടിക്കും.

മധു—(സന്തോഷത്തോടെ വേഗം അടുത്തുചെന്നു്) അല്ലാ, വസന്തകാലമായിക്കഴിഞ്ഞുവോ?

പര—മധുകരികേ! നിനക്കും രസിച്ചു പാടിനടക്കേണ്ട സമയമാണിപ്പോൾ.

മധു—സഖി! എന്നെ ഒന്നു പിടിക്കൂ! ഞാൻ എത്തിവലിഞ്ഞുനിന്നു് ഇതു പൊട്ടിച്ചു കാമദേവനെ അൎച്ചിക്കട്ടെ.

പര—അൎച്ചനഫലത്തിൽ പകുതി എനിക്കു തരാമെങ്കിലാവാം.

മധു—അതു പറയേണ്ടതില്ലല്ലോ. ഒരേ ജീവൻതന്നെ രണ്ടു ശരീരം എടുത്തതല്ലേ നമ്മൾ. (സഖി പിടിച്ചതിനുശേഷം എത്തിവലിഞ്ഞു മാമ്മൊട്ടു പൊട്ടിച്ചിട്ടു്) ഹ! വിരിഞ്ഞിട്ടില്ലെങ്കിലും ഈ പൂങ്കുലയുടെ ഞെട്ടിന്നു നല്ല വാസനയുണ്ടു്. (കൂപ്പുകയ്യിൽ പിടിച്ചുകൊണ്ടു്)

മാമ്പൊട്ടേ വില്ലേന്തിയ
കാമന്നായ് നിന്നെ നൽകിടുന്നിതു ഞാൻ
പഥികസ്ത്രീകളിലെയ്യാ-
നിഹ നീയഞ്ചിൽക്കവിഞ്ഞ ശരമാക. ൩

(എന്നെറിയുന്നു.)

കഞ്ചുകി—(തിരനീക്കാതെ പ്രവേശിച്ച്) അരുത്. തന്റേടമില്ലാത്ത പെണ്ണേ! തമ്പുരാൻ വസന്തോത്സവം നിരോധിച്ചിരിക്കെ നീ മാമ്പൊട്ടു പൊട്ടിക്കാനൊരുങ്ങുന്നുവോ?

(രണ്ടാളും ഭയപ്പെടുന്നു.)

മധു—അവിടുന്നു ക്ഷമിക്കണം. ഞങ്ങളാസംഗതിയറിഞ്ഞില്ല.

കഞ്ചു—ഇവർ കേട്ടില്ലെന്നോ? ഈ വസന്തവൃക്ഷങ്ങളും പക്ഷികളുംകൂടി മഹാരാജാവിന്റെ കല്പനയനുസരിക്കുന്നുവല്ലോ. നോക്കുക—

മൊട്ടിട്ടിട്ടേറെനാളാകിലുമതു വിരിയു-
ന്നില തേന്മാവിലേതും
മൊട്ടിട്ടീടാനൊരുങ്ങും കുരവകവുമതേ-
മട്ടുതാൻ നിന്നിടുന്നു
തെററിത്തെററിട്ടെഴുന്നു കുയിൽമൊഴി ശിശിരം
തീർന്നുപോയിട്ടുമെന്ന-
ല്ലൊട്ടൂരീട്ടുള്ള ബാണം സ്മരനുമിഹ ഭീയാ
തൂണിയിൽത്താനിടുന്നോ. ൪

സാനു—സംശയമില്ല. രാജഷി മഹാനുഭാവൻതന്നെ.

ചേടിമാർ—ആൎയ്യ! നാട്ടുകോയ്മ മിത്രാവസു ഞങ്ങളെ ഈ രാജധാനിയിലേക്കയച്ചിട്ട കുറച്ചു ദിവസമേ ആയുള്ളു. ഇവിടെ ഈ അന്തഃപുരോദ്യാനം നോക്കാനുള്ള സകല ഭാരവും ഞങ്ങളെ ഏൽപ്പിക്കയും ചെയ്തു. ഞങ്ങഠം ഈയിടെ എത്തിയവരായതുകൊണ്ടും മററും ഈ സംഗതി കേഠംക്കാനിടയാകാഞ്ഞതാണ്.

കഞ്ചു—ആട്ടെ. മേലാലിങ്ങനെ ചെയ്തുപോകരുത്.

മധു—ആൎയ്യ! ഞങ്ങഠംക്കു കേഠംക്കാവുന്നതാണെങ്കിൽ കേട്ടാൽ കൊള്ളാം. എന്തു കാരണത്താലാണ് തമ്പുരാൻ വസന്തോത്സവം വിരോധിച്ചത്?

സാനു—മനുഷ്യർ ഉത്സവപ്രിയന്മാരാണ്. തക്കകാരണമുണ്ടായിരിക്കണം.

കഞ്ചു—അതു നാട്ടിലൊക്കെപ്പാട്ടായിക്കഴിഞ്ഞിരിക്കുന്നു. പിന്നെയെന്തുകൊണ്ടു പറഞ്ഞുകൂടാ. ശകുന്തളയെത്തള്ളിക്കളഞ്ഞുവെന്നുള്ള അപഖ്യാതി നിങ്ങഠം കേഠംക്കയുണ്ടായില്ലേ?

ചേടിമാർ—ഉവ്വ്—നായാട്ടുകോയ്മ പറഞ്ഞു. മോതിരം കണ്ടെത്തിയ സംഗതിവരെപ്പറഞ്ഞു.

കഞ്ചു—എന്നാൽ കുറച്ചേ പറയേണ്ടതുള്ളൂ. ആ മോതിരം കണ്ടപ്പോഠം തമ്പുരാനു ശകുന്തളയെ സ്വകാൎയ്യവിവാഹം ചെയ്തിട്ടുള്ള സംഗതി ഓൎമ്മയുണ്ടായി. ബുദ്ധിഭ്രമം വന്നുപോയതുകൊണ്ടാണ് തള്ളിക്കളഞ്ഞതെന്നും മനസ്സിലായി. അപ്പോഠംമുതൽ കഠിനമായ പശ്ചാത്താപംനിമിത്തം അവിടുന്ന്,

രമ്യത്തിൽ ദ്വേഷമാർന്നു പ്രകൃതികൾ പതിവാ-
യ്ക്കണ്ടിടാതായുരക്കം,
വന്നീടാഞ്ഞങ്ങുമിങ്ങും ശയനമതിലുരു-
ണ്ടല്ലു പോക്കുന്നുവെന്നായ്
തിങ്ങും ദാക്ഷിണ്യമൂലം ചിലതുമൊഴിയവരോ-
ധങ്ങളോടോതിയെന്നാ-
ലന്നേരം പേരുമാറിത്രപയൊടു തല താഴ്-
ത്തിച്ചിരം വാണിടുന്നു. ൭

സാനു—എനിക്കു വളരെസ്സന്തോഷം.

കഞ്ചു—തിരുമനസ്സിലെ ആ സുഖക്കേടുനിമിത്തമാണ് ഉത്സവം വേണ്ടെന്നു വെച്ചത്.

ചേടിമാർ—ശരി.

(അണിയറയിൽ)

അവിടെക്കെഴുന്നള്ളാം.

കഞ്ചു—(കേട്ടിട്ട്) ഓ! തമ്പുരാനിങ്ങോട്ടെഴുന്നള്ളിത്തുടങ്ങി. നിങ്ങൾ സ്വന്തം പ്രവൃത്തി നോക്കിക്കൊൾവിൻ.

ചേടിമാർ—അങ്ങനെതന്നെ. (പോയി)

(പശ്ചാത്താപത്തിനു ചേർന്ന വേഷത്തിൽ രാജാവും വിദൂഷകനും ദ്വാരപാലികയും പ്രവേശിക്കുന്നു.)

കഞ്ചു—(രാജാവിനെ നോക്കീട്ടു സ്വഗതം) ഹ! നല്ല ആകൃതികൾ ഏതവസ്ഥയിലും മനോഹരമായിത്തന്നെയിരിക്കും. ഇത്രയും ദുഃഖിതനായിട്ടും മഹാരാജാവിനു കാഴ്ചയിൽ യാതൊരു ഭംഗിക്കുറവുമില്ല.

ശാർദ്ദൂലവിക്രീഡിതം:



ചന്തം ചേൎന്ന വിശേഷഭൂഷകളുപേ-
ക്ഷിച്ചിട്ടിടം കയ്യൊരേ
തങ്കക്കങ്കണമിട്ടുകൊണ്ടുമധരം
ശ്വാസാൽ വരണ്ടും; പരം
ചിന്താജാഗരണങ്ങളാൽ മിഴി തള-
ൎന്നീ മെയ് മെലിഞ്ഞെങ്കിലും
ചിന്തീടും പ്രഭയാൽ കടഞ്ഞ മണിപോൽ
തോന്നില്ലതിങ്ങൊട്ടുമേ.

സാനു—(രാജാവിനെക്കണ്ടിട്ട്) നിരസിച്ചവമാനിച്ചാലും ഇദ്ദേഹത്തെക്കുറിച്ചു ശകുന്തള വ്യാകുലപ്പെടുന്നത് ഒട്ടും അസ്ഥാനത്തല്ല.

രാജാ—(ചിന്താകുലനായിപ്പതുക്കെ നടന്നുകൊണ്ട്)
മുന്നം മൃഗാക്ഷിയെൻപ്രിയ-
തന്വിയുണൎത്തീട്ടുമൊട്ടുണൎന്നീല
ഇന്നിങ്ങനുശയദുഃഖ-
ത്തിന്നായ്ത്താൻ പാപി ഹൃദയമിതുണൎന്നു. ൧

സാനു—കഷ്ടം ആ പാവത്തിൻെറ ഭാഗ്യഗതി ഇങ്ങനെയായല്ലോ.

വിദൂ—(സ്വകാൎയ്യം) ഇദ്ദേഹത്തെ ശകുന്തളാവ്യാധി പിന്നെയും പിടികൂടി. എങ്ങനെയാണ് ചികിത്സിക്കേണ്ടതെന്നു മനസ്സിലാകുന്നുമില്ല.

കഞ്ചു—(അടുത്തുചെന്ന്) തിരുമനസ്സിലേക്കു വിജയം. ഉദ്യാനത്തിലെല്ലാ സ്ഥലങ്ങളും പരിശോധിച്ചിട്ടുണ്ട്. തിരുമനസ്സിലേക്കിഷ്ടമുള്ളേടത്ത് എഴുന്നെള്ളിയിരുന്നു വിനോദിക്കാം.

രാജാ—വേത്രവതി! അമാത്യൻ ആൎയ്യപിശുനനോടു ഞാൻ പറഞ്ഞയച്ചതായിപ്പറയൂ! 'ഉറക്കം സുഖമായിട്ടില്ലാത്തതിനാൽ ഇന്നു് ധൎമ്മാസനത്തിൽ വന്നിരിക്കയുണ്ടാവില്ല. അതുകൊണ്ടു പ്രജകളുടെ കാൎയ്യം അങ്ങുതന്നെ വിചാരണചെയ്തു വിവരം എനിക്കെഴുതിയയക്കണം.' എന്നു പറയൂ!

ദ്വാര—കല്പന. (പോയി)

രാജാ—വാതായന! താനും പ്രവൃത്തി നോക്കിക്കൊള്ളൂ.

(കഞ്ചുകി പോയി)

വിദൂ—ഈച്ചക്കൂട്ടത്തിന്റെ ശല്യമെല്ലാം അവിടുന്നു തീൎത്തു. ഇനി ശിശിരകാലം കഴിഞ്ഞു രമണീയമായിത്തീൎന്ന ഈ ഉദ്യാനത്തിൽ അവിടേക്കു സുഖമായി വിനോദിക്കാം.

രാജാ—ആപത്തുകൾ പഴുതുനോക്കി ഒന്നിനു പിന്നാലെയെത്തിക്കൂടുമെന്നുള്ള ചൊല്ലു വളരെശ്ശരിയാണു്. എന്തെന്നാൽ

മുനിസുതാപ്രിയമോൎമ്മകെടുത്തൊരാ
ഭ്രമമകന്നിതു ബുദ്ധിയിൽനിന്നു മേ
മനസിജൻ പ്രഹരിക്കുവതിന്നു തൻ-
ധനുഷി ചേൎത്തിതു ചൂതശരത്തെയും. വ

വിദൂ—നിൽക്കൂ! ഈ വടികൊണ്ടു കാമവ്യാധിയെ ഇപ്പോൾ നശിപ്പിച്ചേക്കാം.

രാജാ—(പുഞ്ചിരിയോടെ) ഇരിക്കട്ടെ. ബ്രാഹ്മണതേജസ്സു കണ്ടു. സ്നേഹിത! എവിടെയാണു് ഞാൻ പ്രിയയുടെ

സാദൃശ്യം കുറച്ചെങ്കിലുമുള്ള ലതകളെക്കണ്ടുകൊണ്ടിരിക്കേണ്ടതു്?

വിദൂ—അവിടുന്നു മാധവീമണ്ഡപത്തിലുണ്ടായിരിക്കുമെന്നും ശകുന്തളാദേവിയുടെ ഛായ അവിടുന്നെഴുതീട്ടുള്ളതു് അങ്ങോട്ടു കൊണ്ടുവരണമെന്നും തിരുമുമ്പിൽ പരിചാരികയോടു കല്പിച്ചിട്ടുണ്ടല്ലോ.

രാജാ—മനസ്സിന്നാശ്വാസമുണ്ടാവാൻ ആ മാതിരി സ്ഥലമാണു് ഭേദം. അങ്ങോട്ടുതന്നെ മുമ്പിൽ നടക്കു.

വിദൂ—അവിടെക്കെഴുന്നള്ളാം.

(രണ്ടാളും നടക്കുന്നു. സാനുമതി പിന്നാലെപ്പോകുന്നു.)

വിദൂ—ഇതാ സ്ഫടികത്തറ കെട്ടി ഭംഗിവരുത്തിയ മാധവീമണ്ഡപം വേണ്ടതുപോലെ സൽക്കരിപ്പാനൊരുങ്ങി സ്വാഗതം പറയുന്നവിധത്തിൽ നമ്മെക്കാത്തിരിക്കുന്നു. കയറിയിരിക്കുക.

(രണ്ടാളും കയറിയിരിക്കുന്നു.)

സാനു—വള്ളികൾക്കിടയിൽക്കൂടി സഖിയുടെ ഛായയെഴുതിയതു കാണാം. എന്നിട്ടു ഭർത്താവിന്നുള്ള അനുരാഗം പലവഴിക്കും പ്രവഹിക്കുന്നതു് അവളെ അറിയിക്കണം. (അപ്രകാരം നിൽക്കുന്നു.)

രാജാ—സ്നേഹിത! ശകുന്തളയുമായി നടന്നിട്ടുള്ള സകല സംഗതികളും ഇപ്പോഴെനിക്കോർമ്മയുണ്ടു്. അങ്ങയോടു ചിലതു പറഞ്ഞിട്ടുമുണ്ടായിരുന്നു. പ്രിയയെ ഉപേക്ഷിച്ചുകളഞ്ഞ അവസരത്തിൽ അങ്ങെന്റെ അടുക്കലുണ്ടായിരുന്നില്ല. അതിന്നു മുമ്പും വർത്തമാനങ്ങളുടെ

കൂട്ടത്തിലെങ്കിലും പ്രിയയുടെ പേർപോലും അങ്ങു പറകയുമുണ്ടായില്ല. എന്നെപ്പോലെ അങ്ങും മറന്നുപോയിരിക്കാം, അല്ലേ?

വിദൂ—ഞാൻ മറന്നുപോയിട്ടൊന്നുമല്ല. അവിടുന്നു് അന്നൊന്നോടെല്ലാം പറഞ്ഞുകഴിഞ്ഞിട്ടു് ഒടുവിൽ ഇതൊക്കെ വെറുതെ വെടിപറഞ്ഞതാണു് പരമാൎത്ഥമായിട്ടുള്ളതല്ലെന്നുംകൂടിപ്പറഞ്ഞു. തലയിൽ കളിമണ്ണിൻകട്ട നിറച്ചിട്ടുള്ള ഞാൻ അങ്ങനെതന്നെ കരുതുകയുംചെയ്തു. അതാണു് പററിയതു്. അല്ലെങ്കിൽ വരാനുള്ളതിന്റെ ശക്തി. അല്ലാതെന്തു പറയട്ടെ.

സാനു—ഇതങ്ങനെതന്നെയാണു്.

രാജാ—(ചിന്താമഗ്നനായിട്ടു്) സ്നേഹിത! എന്നെ രക്ഷിക്കണേ!

വിദൂ—ഏ! എന്താണിതു്! ഇതു് ഇവിടെക്കു ചേൎന്നതല്ല. സൽപുരുഷന്മാർ ഒരിക്കലും ദുഃഖംകൊണ്ടു പരിതപിക്കാറില്ല. കൊടുങ്കാററിലും മലകൾ കുലുങ്ങുമോ?

രാജാ—സ്നേഹിത! ഞാൻ നിരസിച്ചതിനാൽ വല്ലാതെ സങ്കടപ്പെട്ട പ്രിയതമയുടെ ആ സ്ഥിതിയോൎക്കുമ്പോൾ എനിക്കു യാതൊരു ശരണവുമില്ലാതായിത്തീരുന്നു. ആ പാവം,

നൂനം ഞാൻ സന്ത്യജിക്കെ സ്വജനമനുഗമി-
ച്ചീടുവാനായ് മുതിൎന്നും
ദീനാ നിൽക്കെന്നുറക്കെഗ്ഗുരുസമഗുരുശി-
ഷ്യൻ പറഞ്ഞപ്പൊൾ നിന്നും

വീണിടും ബാഷ്പപൂരപ്രകരമൊടുമതി-
ക്രൂരനാമെന്നിൽ വീണ്ടും
താനിങ്ങർപ്പിച്ച നോട്ടം വിഷയുതകടുശ-
ല്യോപമം നീററിടുന്നു.

സാനു—അമ്പ! സ്വാത്ഥത്തിനിത്ര ശക്തിയുണ്ടല്ലോ. ഇദ്ദേഹത്തിൻെറ സങ്കടം കണ്ടു ഞാൻ സന്തോഷിക്കുന്നു.

വിദൂ—ദേവിയെക്കൊണ്ടുപോയത് ആകാശസഞ്ചാരികളിലാരെങ്കിലുമായിരിക്കണമെന്നാണെൻെറ ഊഹം.

രാജാ—ആ പതിവ്രതയെ വേറെ ആർ തൊടുവാനൊരുങ്ങും. അങ്ങയുടെ ആ സഖി മേനകയുടെ മകളാണ്. അവരുടെ കൂട്ടരായിരിക്കണം അവളെക്കൊണ്ടുപോയിട്ടുള്ളതെന്ന് എൻെറ മനസ്സ് ബലമായ്ശ്ശങ്കിക്കുന്നു.

സാനു—ബുദ്ധിഭ്രമം വന്നതാണാശ്ചര്യം. ബോധം വന്നതല്ല.

വിദൂ—അങ്ങനെയാണെങ്കിൽ കുറച്ചുകാലംകൊണ്ടെങ്കിലും ദേവിയെ അവിടേക്കു കിട്ടുമെന്നെനിക്കറിയാം!

രാജാ—അതെങ്ങനെ?

വിദൂ—അതോ, ഭത്താവിനെപ്പിരിഞ്ഞു വ്യസനിക്കുന്ന മകളെ അധികംകാലം കണ്ടുകൊണ്ടിരിപ്പാൻ അച്ഛനമ്മമാക്കു സാധിക്കില്ല.

രാജാ—സ്നേഹിതാ!

ഇതു സ്വപ്നമോ മായയോ ഭ്രാന്തിയോ മേ
ഫലിച്ചത്രയും തീൎന്ന മൽപുണ്യമോ കേൾ
തിരിച്ചെത്തിടാനല്ലതോ പോയതാശാ-
ബലത്തിൻ തടം വിട്ടു പോകാണിതെല്ലാം. ഹാ

വിദൂ—ഹേ! അങ്ങനെയല്ല. വരാനുള്ളതു വിചാരിക്കാത്ത വിധം വന്നുചേരുമെന്നതിലേക്കു മോതിരത്തിൻെറ കാര്യംതന്നെ ദൃഷ്ടാന്തമല്ലേ?

രാജാ—ദുർല്ലഭമായ ആ സ്ഥാനത്തുനിന്നു ഭ്രംശം വന്നുപോയ ഇതിൻെറ അവസ്ഥയും ശോചനീയമായിരിക്കുന്നു. മോതിരമേ!

സുകൃതമിഹ നിനക്കുമെൻെറ മട്ടേ
കരുതിടുവൻ കുറവെന്നു ഞാൻ ഫലത്താൽ
അരുണനഖമനോജ്ഞമായൊരാക്കൈ-
വിരലുകളിൽ സ്ഥിതി കിട്ടി വീണമൂലം.

സാനു—മററൊരാളുടെ കയ്യിലാണ് ചെന്നുപെട്ടതെങ്കിൽ വാസ്തവത്തിൽ ശോചനീയംതന്നെയാകുമായിരുന്നു.

വിദൂ—പേരുകൊത്തീട്ടുള്ള ഈ മോതിരം എന്തൊരു സൂത്രം പ്രയോഗിച്ചിട്ടാണ് ദേവിയുടെ കയ്യിൽ പിടിപ്പിച്ചത്?

സാനു—എനിക്കും ഇതറിവാൻ കൌതുകം തോന്നുന്നു.

രാജാ—കേട്ടുകൊള്ളൂ. ഞാൻ നഗരത്തിലേക്കു പുറപ്പെട്ടപ്പോൾ പ്രിയതമ കണ്ണീരൊലിപ്പിച്ചുകൊണ്ട് 'ആര്യപുത്രൻ എന്നാണെന്നെക്കൊണ്ടുപോവുക' എന്നു ചോദിച്ചു.

വിദൂ—എന്നിട്ട്?

രാജാ—അപ്പോൾ ഞാൻ പേരുകൊത്തീട്ടുള്ള ഈ മോതിരം അവളുടെ വിരലിന്മേൽ ഇടുവിച്ചിട്ടുത്തരം പറഞ്ഞു.

എണ്ണീട്ടു നീയതിലെഴും മമ പേരിനുള്ള
വർണ്ണം ദിനംപ്രതിയൊരോന്നതു പൂർത്തിയാംനാൾ
നിന്നെ പ്രിയേ മദവരോധഗൃഹത്തിലേക്കു
നന്ദ്യാ നയിക്കുവതിനുള്ളവർ വന്നുചേരും. ൧൨

എന്നു്. ബോധമില്ലാത്ത ക്രൂരനായ ഞാൻ അതുപ്രകാരം ചെയ്തതുമില്ല.

സാനു—രസികത്തമുള്ളൊരേപ്പാട്ടു വിധി താളംതെററിച്ചുകളഞ്ഞു.

വിദൂ—ഇതെങ്ങനെ ആ മുക്കുവൻ പിടിച്ചരിഞ്ഞ മത്സ്യത്തിൻെറ വയററിൽപ്പെട്ടു?

രാജാ—അങ്ങയുടെ സഖി ശചീതീർത്ഥത്തിലിറങ്ങി വന്ദിക്കുമ്പോൾ ഗംഗയിലേക്കു വീണുപോയി.

വിദൂ—അതു ശരി.

സാനു—അതാണു് അധർമ്മഭീരുവായ ഇദ്ദേഹത്തിന്നു് ആ സാധു ശകുന്തളയെ വിവാഹംചെയ്ത സംഗതിയിൽ സംശയം വന്നുപോയതു്. പക്ഷേ, ഈ മാതിരി അനുരാഗത്തിന്നു് ഒരടയാളത്തിൻെറ ആവശ്യമില്ലല്ലോ. ഇതെന്താണു്?

രാജാ—ഞാനീ മോതിരത്തെ ശകാരിക്കട്ടെ.

വിദൂ—(സ്വഗതം) ഇദ്ദേഹം ഭ്രാന്തന്മാരുടെ കൂട്ടത്തിൽ കൂടിക്കഴിഞ്ഞു.

രാജാ—പരം മനോജ്ഞാംഗുലിരമ്യമായൊരാ-
ക്കരത്തെ വിട്ടെങ്ങനെ നീരിൽ മുങ്ങി നീ

അല്ലെങ്കിൽ,

ജഡത്തെ നിന്ദിപ്പതിതെന്തു കാന്തയെ
ഗ്രഹിച്ചു ഞാൻതന്നെ വെടിഞ്ഞതെന്തിനാൽ.

വിദൂ—(സ്വഗതം) വിശപ്പ് എന്നെക്കടിച്ചുതിന്നേക്കുമെന്നുള്ളതിനാൽ.

രാജാ—ഹ! പ്രിയേ! അകാരണമായിത്തള്ളിക്കളഞ്ഞു പശ്ചാത്താപംകൊണ്ടു ഹൃദയം വെന്തുനീറുന്ന ഇവന് ഒന്നുകൂടികാണുവാൻ കരുണചെയ്യണേ!

(തിര നീക്കാതെ പ്രവേശിച്ച്)

ചതുരിക—ഇതാ ചിത്രത്തിലുള്ള ദേവി.

(ചിത്രപടം കാണിക്കുന്നു.)

വിദൂ—(ചിത്രം നോക്കീട്ട്) ഹ! വളരെ നന്നായിട്ടുണ്ട്. ആകൃതിയുടെ വിശേഷംതന്നെ അനുരാഗം സൂചിപ്പിക്കുന്നു. താണും പൊങ്ങിയുമുള്ള സ്ഥലങ്ങളിൽ എന്റെ കണ്ണിടറുന്നപോലെയും തോന്നുന്നു.

സാനു—രാജർഷിക്കു ചിത്രമെഴുത്തിലുള്ള യോഗ്യത ആശ്ചര്യകരംതന്നെ. സഖിതന്നെ എന്റെ മുമ്പിൽ നില്ക്കുന്നതുപോലെ തോന്നുന്നു.

രാജാ— സ്നേഹിത!

ചിത്രത്തിൽശരിയാകാത്തതത്രയും നേരെയാക്കിടാം
തദ്രൂപഗുണമെന്നാലുമല്പമേ വരയാൽ വരു. ൧൮

സാനു—പശ്ചാത്താപംകൊണ്ടു വദ്ധിച്ച സ്നേഹത്തിനും അഹംഭാവമില്ലാത്തതിന്നും ഇതു യുക്തംതന്നെ.

വിദൂ—ഹേ! ഇതിൽ മൂന്നു സ്ത്രീകളെക്കാണാനുണ്ട്. എല്ലാവരും സുന്ദരിമാരാണ്. ഏതാണ് ദേവി ശകുന്തള?

സാനു—സൌന്ദര്യഗുണമറിയാത്ത ഇയാൾക്കു കണ്ണു നിഷ്ഫലംതന്നെ.

രാജാ—ഏതാണെന്നാണു് അങ്ങക്കു തോന്നുന്നതു്?

വിദൂ—എനിക്കു തോന്നുന്നതു പറയാം. ഇതാ, നനകൊണ്ടു മിനുത്തു തളിൎത്തുനില്ക്കുന്ന മാവിന്റെ അടുത്തായി തലമുടി ഏതാണ്ടഴിഞ്ഞു ചൂടിയ പൂക്കൾ പുറത്തേക്കായും മുഖത്തു വിയൎപ്പു പൊടിഞ്ഞും കയ്യു രണ്ടും മുൻപോട്ടാക്കിയും കുറച്ചു തളൎന്നപോലെയുള്ള മട്ടിൽ എഴുതീട്ടില്ലേ. അതു ശകുന്തള. മററതു രണ്ടും സഖിമാർ.

രാജാ—അങ്ങക്കു ശരിയായറിയാം. എഴുതുമ്പോൾ എനിക്കുണ്ടായ വികാരങ്ങളുടെ അടയാളവും ഇതിലുണ്ടു്.

വിരലു വിയൎത്തിട്ടുണ്ടെ-
ന്നറിയാം രേഖപ്പുറത്തെ മലിനതയാൽ
കവിളിൽക്കണ്ണീർവീണതു-
മറിഞ്ഞിടാം വൎത്തികാവികാസത്താൽ ൧൫

ചതുരികേ! ഇതു മുഴുവനെഴുതിക്കഴിഞ്ഞിട്ടില്ല. പോയി വൎത്തിയും ചായച്ചെപ്പും എടുത്തുകൊണ്ടുവരു!

ചതു—ആൎയ്യമാഢവ്യ! ഈ ചിത്രപടം ഒന്നു പിടിക്കു! ഞാനിപ്പോൾ വന്നേക്കാം.

രാജാ—ഞാൻതന്നെ പിടിച്ചുകൊള്ളാം. (അപ്രകാരം ചെയ്യുന്നു.)

(ചതുരിക പോയി.)

രാജാ—സ്നേഹിത!

മുന്നം നതാംഗിയരികത്തണായെ ത്യജിച്ചി-
ട്ടിന്നിപ്പടാപ്തിയിലാദരമേറിടും ഞാൻ
തണ്ണീർ നിറഞ്ഞ നദിയെത്തരസാ കടന്നി-
ട്ടുന്നിദ്രവാഞ്ഛ മൃഗതൃഷ്ണയിലേററിടുന്നു. ൧൬

വിദൂ—(സ്വഗതം) ഇതാ ഇദ്ദേഹം നദി കടന്നു മൃഗതൃഷ്ണ യിലെത്തിപ്പോയി. (പ്രകാശം) തോഴരേ! ഇനിയെന്താണ് ഇതിലെഴുതുവാനുള്ളത്?

സാനു—തീച്ചയായും പ്രത്യേകം പ്രിയപ്പെട്ട ചില പ്രദേശങ്ങളായിരിക്കണം ഇനിയെഴുതുവാൻ വിചാരിക്കുന്നത്.

രാജാ—കേട്ടുകൊള്ളൂ,

മുമ്പിൽ ചേക്കേണമാ മാലിനിമണലിലിണ-
　　പ്പെട്ട ഹംസങ്ങളോടും
പിൻഭാഗത്തേണജാലത്തൊടു ഹിമഗിരിതൻ
　　പൂതമാം പാദഭൂവും
കൊമ്പിന്മേൽ വല്ക്കലം തൂക്കിയ മരവുമതിൻ
　　കീഴിൽ വാഴുന്ന മാനിൻ
കൊമ്പിൻതുമ്പത്തിടത്തേ മിഴിയുരസി രമി-
　　ക്കുന്ന മാൻപേടയേയും. ൧൯

വിദൂ—(സ്വഗതം) എന്റെ പക്ഷം ഈ ചിത്രം മുഴുവനും നെററിക്കുച്ചുംതൂങ്ങിയ താടിക്കാരെക്കൊണ്ടു നിറക്കണമെന്നാണ്.

രാജാ—അതുമല്ല. ശകുന്തളക്കു വളരെ ഇഷ്ടമായൊരലങ്കാരം ഇതിൽ ചേക്കാൻ വിട്ടുപോയിരിക്കുന്നു.

വിദൂ—അതെന്താണ്?

സാനു—വനവാസത്തിനും സുകുമാരതക്കും യോജിച്ച എന്തെങ്കിലുമായിരിക്കണം.

രാജാ—ഗണ്ഡങ്ങളിൽ ചപലകേസരമെത്തുമാറു
　കണ്ണേ ശിരീഷസുമമിങ്ങണിയിച്ചതില്ല
എന്നല്ല ശാരദശശാങ്കമരീചിരമ്യം
　നിമ്മിച്ചുമില്ല കുചസീമ്നി മൃണാളസൂത്രം. ൨൰

വിദൂ—ഹേ! എന്താണ് ഈ ദേവി ചെന്തളിർപോലെയുള്ള കയ്യുടംകൊണ്ടു മുഖം തടുത്തു പേടിച്ചമാതിരി നില്ക്കുന്നത്? (സൂക്ഷിച്ചുനോക്കീട്ട്) ഓ! ഇതാ ഒരു വണ്ട്, പൂന്തേൻ കക്കുന്ന കൂത്താടിമകൻ, ഈ ശ്രീമതിയുടെ മുഖത്തേക്കു പാഞ്ഞുതുടങ്ങുന്നു.

രാജാ—ആ ദുഷ്ടനെ ആട്ടിയോടിക്കു!

വിദൂ—ഇവനെ ആട്ടിയോടിപ്പാൻ തെമ്മാടികളെ ശിക്ഷിക്കുന്ന അവിടുന്നുതന്നെയായാലേ മതിയാവൂ!

രാജാ—ശരി. എടോ പൂവല്ലിക്കു പ്രിയപ്പെട്ട വിരുന്നുകാര! താനെന്തിനിവിടെച്ചുററിത്തിരിഞ്ഞു കഷ്ടപ്പെടുന്നു.

> നന്മലർപുക്കി മധുകരി
> ചിന്നും തൃഷയേൽക്കിലും ഭവൽപ്രണയാൽ
> നിന്നെക്കാക്കുന്നിതു നീ
> ചെന്നല്ലാതങ്ങു മധു കുടിച്ചിടാ.

സാനു—ഈ സ്ഥിതിയിലും തറവാടിത്തത്തിനു ചേർന്ന വിധം തന്നെയാണിവനെ മാററുന്നത്.

വിദൂ—വിരോധിച്ചാലും കൂട്ടാക്കാത്ത വകയാണിത്.

രാജാ—അങ്ങനേയോ! എന്റെ കല്പന അനുസരിക്കില്ലെന്നോ? എന്നാൽ കേട്ടുകൊൾക!

> ഓമൽത്തയ്യിന്നിളയ തളിർപോൽ
> കാമനീയാഭമേതോ
> കാമക്രീഡാവിധിയിലനുക-
> മ്പാർദ്രമായ്ത്താൻ നുകർന്നോൻ

ഈ മൽകാന്താധരമതു തൊടുന്നാകിൽ
നിന്നെപ്പിടിച്ചി-
ട്ടാ മാത്രക്കേ കമലകുഹരേ ഭൃംഗ!
ബന്ധിച്ചിടും ഞാൻ. ൨൦

വിദൂ—കഠിനശിക്ഷ നടത്തുന്ന അവിടെക്കെന്തുകൊണ്ടങ്ങനെ ചെയ്തുകൂടാ. (ചിരിച്ചു സ്വഗതം) ഇദ്ദേഹത്തിനിപ്പോഴും നല്ല ഭ്രാന്താണ്. സംസൎഗ്ഗംകൊണ്ടു ഞാനും ഏകദേശം ആ മാതിരിക്കാരനായിത്തീൎന്നുപോയി. (പ്രകാശം) ഹേ! ഇതു ചിത്രമാണ്.

രാജാ—അതെയോ?

സാനു—ഞാനുംകൂടി ആ പരമാൎത്ഥമോൎത്തിരുന്നില്ല. എഴുതിയതനുസരിച്ചു തന്മയമായനുഭവിക്കുന്ന ഇദ്ദേഹത്തിന്റെ കാൎയ്യത്തിൽ പിന്നെയെന്തത്ഭുതം?

രാജാ—അങ്ങെന്തിനാണീ വൈഷമ്യം കാണിച്ചതു്?

മുഗ്ദ്ധാംഗിയെത്തന്മയമാം മനസ്സാൽ
പ്രത്യക്ഷമായ്ക്കണ്ടു സുഖിച്ചിരിക്കെ
ചിത്തത്തിനിഞ്ഞോൎമ്മ വരുത്തി വീണ്ടും
ചിത്രത്തിലാക്കീ പ്രിയയെബ്ഭവാൻ മേ. ൨൧

(കണ്ണീർ തൂകുന്നു.)

സാനു—കീഴും മേലും തീരെ വിപരീതവും അപൂൎവ്വവുമായൊരേൎപ്പാടാണല്ലോ ഇതു്.

രാജാ—സ്നേഹിത! ഒരിക്കലും ഒഴിവില്ലാത്ത ഈ ദുഃഖം ഞാനെങ്ങിനെയാണു് സഹിക്കേണ്ടതു്?

നിദ്രയില്ലായ്കയാൽ സ്വപ്നേ തത്സംഗമമസാദ്ധ്യമായ്
ചിത്രേ കാണ്മതിനും ബാഷ്പവൃത്തിയാൽ കഴിവില്ല മേ.

സാനു—ശകുന്തളക്കുള്ള പരിത്യാഗദുഃഖത്തിന്നു് അങ്ങു നല്ലവണ്ണം ഉപശാന്തി വരുത്തി.

(ചതുരിക പ്രവേശിച്ച്)

അടിയൻ ചായച്ചെപ്പും വത്തിയും എടുത്തുകൊണ്ടി ങ്ങോട്ടു പോരികയായിരുന്നു.

രാജാ—അപ്പോഠം?

ചതു—വഴിയിൽവെച്ചു വസുമതീദേവിയും പിംഗളികയും അതു കണ്ടെത്തി. ഞാൻതന്നെ ആൎയ്യപുത്രന്നു കൊണ്ടുപോയിക്കൊടുത്തേക്കാമെന്നു പറഞ്ഞു ദേവി അടിയൻെറ കയ്യിൽനിന്നും തട്ടിപ്പറിച്ചു.

വിദൂ—നിന്നെ വിട്ടയച്ചതു ഭാഗ്യം.

ചതു—എന്നെ വിട്ടയക്കയല്ല. ദേവിയുടെ ഉത്തരീയം ഒരു മരക്കൊമ്പിന്മേൽ തടഞ്ഞുപിടിച്ചു. പിംഗളിക അതു വിടുവിക്കുന്ന തക്കത്തിൽ ഞാൻ ഒളിച്ചോടി പ്പോരികയേ.

രാജാ—സ്നേഹിത! ബഹുമാനംകൊണ്ടഭിമാനിക്കുന്ന ദേവി ഇപ്പോഴെത്തും. അങ്ങ് ഈ ചിത്രം സൂക്ഷിച്ചു രക്ഷിക്കണം.

വിദൂ—അവനവനെ രക്ഷിക്കണമെന്നു പറയൂ! (ചിത്രപടം എടുത്തെഴുനേററു്) അന്തഃപുരകലഹം കഴിഞ്ഞു് അവിടന്ന് ഒഴിവായാൽ എന്നെ വിളിച്ചുകൊള്ളൂ. ഞാൻ മേഘപ്രതിച്ഛന്ദമാളികയിലിരിക്കാം

(ഓടിക്കൊണ്ടു പോയി)

സാനു—മനസ്സു മുഴുവനും മറെറാരാളിലാണെങ്കിലും മുൻ

പരിചയത്തെ വകവെക്കാതിരിക്കുന്നില്ല. സ്നേഹത്തിന്നു സ്ഥിരതയുള്ളാളാണ്.

(എഴുത്തോടുകൂടി ദ്വാരപാലിക പ്രവേശിച്ച്)
തിരുമനസ്സിലേക്കു വിജയം.

രാജാ—വേത്രവതി! വസുമതിയെ വഴിക്കു കണ്ടില്ലേ?

ദ്വാര—ഉവ്വ്. എഴുത്തുംകൊണ്ട് അടിയൻ വരുന്നതു കണ്ടിട്ട് തിരികെപ്പോയി.

രാജാ—കാര്യ്യഗൌരവം അറിയാവുന്ന അവൾ എന്റെ കൃത്യങ്ങൾക്കു തടസ്ഥം വരരുതെന്നു കരുതുന്നു.

ദ്വാര—അമാത്യൻ തിരുമനസ്സറിയിക്കാൻ പറഞ്ഞിരിക്കുന്നു. 'പണം എണ്ണിക്കെട്ടി ഭണ്ഡാരത്തിൽ വെപ്പാൻ കുറെയധികം ഉണ്ടായിരുന്നതുകൊണ്ടു പൌരകാര്യ്യങ്ങളിൽ ഒന്നുമാത്രമേ ഇന്നു നോക്കാനിടയുണ്ടായുള്ളു. അതിന്റെ വിവരം എഴുതിയയക്കുന്നത് അവിടുന്നു നോക്കി വേണ്ടവിധം കല്പനയാകണ'മെന്ന്.

രാജാ—എഴുത്തിങ്ങോട്ടു കാണിക്കു!

(ദ്വാരപാലിക കൊടുക്കുന്നു.)

രാജാ—(വായിച്ചിട്ട്) ഏ! കടൽവഴിക്കു കച്ചവടം നടത്തുന്ന സംഘത്തലവൻ ധനമിത്രൻ കപ്പൽ മുങ്ങി മരിച്ചുപോയിയെന്നോ? അദ്ദേഹത്തിനു സന്തതിയില്ലാത്തതിനാൽ ആ മുതലെല്ലാം രാജാവിന്നടങ്ങേണ്ടതാണെന്നും അമാത്യൻ എഴുതിയിരിക്കുന്നു. (വിഷാദത്തോടെ) സന്തതിയില്ലാതെ വരുന്നതു വലിയ കഷ്ടം തന്നെ. വേത്രവതി! അദ്ദേഹം വലിയ ധനികനായ

ത്തുകൊണ്ടു് ഒന്നിലധികം ഭാൎയ്യമാരുണ്ടെന്നു വരാം. അവരിലാരെങ്കിലും ഗൎഭിണിയായിട്ടെങ്കിലുമുണ്ടോ എന്നന്വേഷിച്ചറിയണം.

ദ്വാര—അയോദ്ധ്യക്കാരൻ ശ്രേട്ടവിന്റെ മകൾക്കു് ഈയിടെ പുംസവനം കഴിച്ചുവെന്നു കേൾക്കയുണ്ടായി.

രാജാ—എന്നാൽ ആ കുട്ടിക്കാണല്ലോ അച്ഛന്റെ സ്വത്തിന്നവകാശം. ആ വിവരം അമാത്യനോടു പോയിപ്പറയൂ!

ദ്വാര—കല്പനപോലെ. (പോകുന്നു)

രാജാ—നില്ക്കൂ!

ദ്വാര—(തിരികെ വന്നു്) അടിയനിതാ!

രാജാ—സന്തതിയുണ്ടോ ഇല്ലയോ എന്ന കാൎയ്യം നോക്കുന്നതെന്തിനു്?

നാട്ടാൎക്കേതേതുറ്റബന്ധു
നഷ്ടമാം ദുഷ്ടനെന്നിയേ
ദുഷ്ഷന്തനാബന്ധുവെന്നു
നാട്ടിൽച്ചെയ്യൂ വിളംബരം. ൨൩

ദ്വാര—കല്പനപോലെ. (പോയി)

രാജാ—(ചിന്താമഗ്നനായിരുന്നു ദീൎഘശ്വാസംചെയ്തിട്ടു്) സന്തതിയററു യാതൊരവലംബവുമില്ലാതായിത്തീൎന്ന വംശങ്ങളുടെ സമ്പത്തുകൾ കുലപുരുഷാവസാനത്തിൽ ഇങ്ങനെ അന്യംനിന്നു മററൊരുവന്റെയായിത്തീരുന്നു.

(ദ്വാരപാലിക പ്രവേശിച്ചു്)

തിരുമനസ്സിലെക്കല്പന കാലവൎഷംപോലെ സന്തോഷമുണ്ടാക്കി.

രാജാ—വേത്രവതി! എൻെറ അവസാനത്തിൽ പുരുവംശത്തിൻെറ കഥയും ഇതുതന്നെയാണ്.

ദ്വാര—അമംഗളം നശിക്കട്ടെ.

രാജാ—അടുത്തു കിട്ടിയ ശ്രേയസ്സിനെ അവമാനിച്ചയച്ച നീചനാണല്ലോ ഞാൻ.

സാനു—തീർച്ചയായും സഖിയെത്തന്നെ മനസ്സിൽക്കരുതിയാണ് ഇദ്ദേഹം തന്നെത്താൻ വെറുക്കുന്നത്.

രാജാ—കളഞ്ഞിതല്ലോ കുലബീജമുള്ളി-
ലെഴുന്ന ധർമ്മാശ്രയപത്നിയെത്താൻ
ഫലം പെരുത്തേകിടുമൂഴി കാലേ
വിളയ്ക്കു വിത്തിട്ടു വെടിഞ്ഞപോലെ. ൮൪

സാനു—അങ്ങയുടെ സന്തതിപരമ്പരക്കൊരു വിച്ഛേദവും വരില്ല.

ചതു—(സ്വകാര്യം) ഈ കച്ചവടക്കാരൻെറ വർത്തമാനം കേട്ടിട്ടു തമ്പുരാനു പശ്ചാത്താപം ഇരട്ടിച്ചിരിക്കുന്നു. തിരുമനസ്സിലെ ആശ്വസിപ്പിക്കാൻ മേഘപ്രതിച്ഛന്ദത്തിൽനിന്നു മാഢവ്യനെ കൂട്ടിക്കൊണ്ടുവരാം.

ദ്വാര—നല്ലതുതന്നെ.

(ചതുരിക പോയി)

രാജാ—കഷ്ടം ദുഷ്ഷന്തൻെറ പിതൃക്കളുടെ സ്ഥിതി വലിയ സംശയത്തിലായിത്തീർന്നു.

നൽകീടുമാരിഹ കുലത്തിലിവനുശേഷ-
മേകൻ വിധിപ്പടി നിവാപമിതെന്നിവണ്ണം
മാഴ്കിപ്പിതൃക്കളെൻകം സുതഹീനനാം ഞാ-
ന്നേകുമ്പൊഴശ്രു കഴുകീട്ടു കുടിക്കുമാറായ്. ൮൫

(മോഹാലസ്യപ്പെടുന്നു)

ദ്വാര—(പരിഭ്രമത്തോടെ താങ്ങീട്ട്) അയ്യോ! തമ്പുരാനേ! ആശ്വസിക്കണേ!

സാനു—ഹാ കഷ്ടം! വിളക്കിരിക്കുമ്പോഴുംതന്നെ മറവുനിമിത്തം ഇദ്ദേഹം ഇരുട്ടിൽപ്പെട്ടുഴലുന്നു. ഞാൻതന്നെ ഇപ്പോഴം സമാധാനപ്പെടുത്തിയേക്കാം. അല്ലെങ്കിൽ വേണ്ട. മഹേന്ദ്രമാതാവായ അദിതിദേവി ശകുന്തളയെസ്സമാധാനപ്പെടുത്തുന്ന അവസരത്തിൽ അവളെ ഭത്താവ് ഉടൻതന്നെ സ്വീകരിച്ചഭിനന്ദിപ്പാൻ വേണ്ട ഏപ്പാടുകൾ യജ്ഞഫലത്തിൽ താൽപര്യമുള്ള ദേവന്മാർ ചെയ്തുവരുന്നുണ്ടെന്ന് അരുളിച്ചെയ്തിട്ടുണ്ടല്ലോ. അതുകൊണ്ട് അതുവരെ ക്ഷമിക്കുന്നതാണ് യുക്തം. ഇപ്പോഴം ഈ ക്ഷത്രിയൻെറ സ്ഥിതിവിശേഷം മുഴുവനും അറിയിച്ചു ,പ്രിയസഖിയെസ്സമാധാനപ്പെടുത്തട്ടെ. (പോയി)

(അണിയറയിൽ)

അയ്യോ! സംശയസ്ഥിതിയിലായ സ്നേഹിതനെ മഹാരാജാവു രക്ഷിക്കണേ!

രാജാ—ഏ! എന്താണ് മാഢവ്യൻ നിലവിളിക്കുന്നത്?

ചതുരിക—(പ്രവേശിച്ച്) തമ്പുരാനേ! കാണാൻ കഴിയാത്ത ഏതോ ഒരു ഭൂതം മിണ്ടാതെ വന്നു മാഢവ്യനെപ്പിടികൂടി മേഘച്ഛന്ദമാളികയുടെ മോന്തായത്തിന്മേലേക്കു കൊണ്ടുപോയിരിക്കുന്നു.

രാജാ—(എഴുന്നേററ്) ഛീ! നമ്മുടെ ഗൃഹത്തിൽത്തന്നെയും ഭൂതബാധയോ? അല്ലെങ്കിൽ,

മുററും തനിക്കേ ദിവസേന പററും
തെററും ഗ്രഹിപ്പാൻ കഴിയുന്നതില്ല
നാട്ടാരിലാരേതുവഴിക്കു പോമ-
തൊട്ടുക്കു കാണ്മാൻ കഴിവുള്ളതാമോ? വന്നു

(അണിയറയിൽ)

അയ്യോ! തോഴരേ!

രാജാ—(വേഗത്തിൽ നടന്നുകൊണ്ടു്) പേടിക്കേണ്ടാ.

(അണിയറയിൽ)

(പിന്നെയും അതുതന്നെ പറഞ്ഞിട്ടു്) ഞാനെങ്ങനെ പേടിക്കാതിരിക്കും. ഇവനിതാ എൻെറ കഴുത്തു പിടിച്ചു പിന്നാക്കം വളച്ചു കരിമ്പൊടിക്കുംപോലെ പെട്ടെന്നൊടിക്കുന്നു.

രാജാ—(കണ്ണെറിഞ്ഞുനോക്കീട്ടു്) വില്ലു്!

(വില്ലുംകൊണ്ടു യവനി പ്രവേശിച്ചു്)

ഇതാ വില്ലും അമ്പും കയ്യുറയും.

(രാജാവു വില്ലു വാങ്ങുന്നു)

(അണിയറയിൽ)

പിടച്ചീടും നിന്നെച്ചുടുഗളനിണം വാച്ച രുചിയാൽ-
ക്കുടിപ്പാൻ കൊല്ലുന്നേൻ, പുലി പശുവിനെക്കൊൽവതു
കുടുക്കിൽപ്പെട്ടീടുന്നവരുടെ ഭയം തീപ്പതിനു വി-
ല്ലെടുത്താദുഷ്ഷന്തൻ തവ ശരണമാകട്ടെയധുനാ.

രാജാ—(കോപത്തോടെ) ഏ! എന്നെത്തന്നെ ചൂണ്ടിപ്പറയുന്നുവോ? എടാ ശവംതീനി! നിൻെറ കഥ ഇപ്പോഠം കഴിച്ചേക്കാം. വേത്രവതി! കോണിക്കലേക്കു നടക്കൂ!

ദ്വാര—ഇതിലേ എഴുന്നള്ളാം. (വേഗത്തിൽ കയറുന്നു.)

രാജാ—(ചുററും നോക്കീട്ട്) ഇവിടെ ആരെയും കാണുന്നില്ലല്ലോ.

(അണിയറയിൽ)

അയ്യോ! എനിക്കവിടുത്തെക്കാണുന്നുണ്ട്. അവിടുന്നിങ്ങോട്ടു കാണുന്നുമില്ല. പൂച്ചപിടിച്ച എലിയെപ്പോലെ എനിക്കു ജീവനിൽ കൊതിയില്ലാതായിത്തീൎന്നു.

രാജാ—എടാ മായകൊണ്ടു മദിക്കുന്ന നിന്നെ എന്റെ അസ്ത്രം കണ്ടുപിടിച്ചുകൊള്ളും. ഇതാ അതിന്നുള്ള അസ്ത്രം തൊടുക്കുന്നു. ഇതാകട്ടെ,

തീൎക്കേണ്ട നിന്നെത്തീൎത്തീടും
കാക്കും കാക്കേണ്ട വിപ്രനെ
ഉൾക്കൊള്ളുമന്നം പാൽമാത്രം
നീക്കീടുമതിലെജ്ജലം.

(അസ്ത്രം തൊടുക്കുന്നു.)

(വിദൂഷകനെ വിട്ടു മാതലി പ്രവേശിക്കുന്നു.)

മാതലി—വൃത്രാരി ദാനവരെ നിൻശരലക്ഷ്യമാക്കി
വൎത്തിപ്പതുണ്ടവിടെ വില്ലു വലിച്ചുകൊൾക
മിത്രങ്ങളിൽത്തെളിവെഴും മൃദുദൃഷ്ടിയാണ്
സത്തുക്കൾ ചേൎക്കുവതു ദാരുണബാണമല്ല.

രാജാ—(അസ്ത്രം തിരികെയെടുത്ത്) ഏ! മാതലിയോ? ദേവേന്ദ്രസാരഥിക്കു സ്വാഗതം.

വിദൂ—യാഗപശുവിനെപ്പോലെ എന്നെ ഞെക്കിക്കൊന്നവനെ ഇദ്ദേഹം സ്വാഗതം പറഞ്ഞഭിനന്ദിക്കയാണ് ചെയ്യുന്നത്.

മാത—(പുഞ്ചിരിയിട്ട്) മഹാരാജാവേ! മഹേന്ദ്രൻ ഒരു കാര്യം പറവാൻവേണ്ടിയാണ് എന്നെ അവിടുത്തെ അടുക്കലേക്കയച്ചിരിക്കുന്നത്.

രാജാ—പറയാമല്ലോ.

മാത—കാലനേമിയുടെ വംശക്കാരായി ദുർജ്ജയന്മാരെന്നൊരസുരവർഗ്ഗമുണ്ട്.

രാജാ—മുമ്പു നാരദമഹർഷി പറഞ്ഞുകേട്ടിട്ടുണ്ട്.

മാത—തവ മിത്രമാം ശതമഖന്നജയ്യരാ-
ണവർ പോരിൽ നീയവരെ വെന്നിടേണ്ടതാം
രവിയാലകററുവതിന്നായിടാത്തൊരു-
ങ്ങിരവിൽപ്പെട്ടുന്നൊരിരുളിന്ദു വെല്ലുമേ. ൩൦

അതുകൊണ്ട് അവിടുന്നിപ്പോഠംത്തന്നെ ആയുധങ്ങളോടുകൂടി തേരിൽക്കയറി വിജയയാത്രക്കൊരുങ്ങേണ്ടതാണ്

രാജാ—മഹേന്ദ്രൻെറ ഈ സംഭാവന എനിക്കു വലിയൊരനുഗ്രഹമാണ്. ആട്ടെ, മാഢവ്യൻെറനേരെ അങ്ങനെയെല്ലാം പ്രവർത്തിപ്പാൻ കാരണമെന്താണ്?

മാത—അതും പറയാം. ഞാനിവിടെ വന്നു നോക്കിയപ്പോഠം എന്തുകൊണ്ടോ ഉണ്ടായ മനസ്താപത്താൽ അവിടുന്നു വല്ലാതെ വ്യാകുലനായിരിക്കുന്നതായിട്ടാണ് കണ്ടത്. അപ്പോഠം അവിടുത്തെ ഒന്നു കോപിപ്പിച്ചു മനസ്സൊന്നു മാററാൻവേണ്ടിമാത്രം ഇയാളെ അങ്ങനെ ചെയ്തതാണ് എന്തെന്നാൽ,

വിറകിളകിൽ തീ കത്തും
വെറുക്കിലുരഗം പടം വിടത്തീടും
വരമാം നിജമഹിമ മൂഢം
വരുമേ കോപത്തിൽ മിക്കവെക്കുമിഹ. ൩൧

രാജാ—അതു ശരിയാണ്. (സ്വകാര്യം) സ്നേഹിത മഹേന്ദ്രന്റെ കല്പന തെററിനടക്കാവുന്നതല്ല. അതുകൊണ്ടു സംഗതികളെല്ലാം അമാത്യനെ മനസ്സിലാക്കി ഞാൻ പറഞ്ഞതായിപ്പറയൂ!

ഒററക്കുതാൻ ഭവന്മതി
മുററും കാത്തീടണം പ്രജാനിവഹം
മറെറാരു കാര്യത്തിൽ കുല-
യേററിയൊരെൻ വില്ലിതിപ്പൊഴേപ്പുള്ളൂ. ൩൨

വിദൂ—അങ്ങനെയാവാം.

മാത—അവിടുന്നിതിലേ വരിക.

(രാജാവു തേരിൽക്കയറുന്നു)

(എല്ലാവരും പോയി.)

ആരാമങ്കം കഴിഞ്ഞു.

---

# ഏഴാമങ്കം

(ആകാശമാൎഗ്ഗത്തിൽ തേരിലിരുന്നുകൊണ്ടു
രാജാവും മാതലിയും പ്രവേശിക്കുന്നു.)

രാജാ—മാതലി! മഹേന്ദ്രൻെറ കല്പന ഞാൻ നടത്തിയെങ്കിലും അവിടുന്നു ചെയ്ത സല്ക്കാരവിശേഷത്തിൻെറ ഗൌരവം നോക്കുമ്പോൾ ഞാനൊന്നും ചെയ്തിട്ടില്ലാത്തമാതിരിയിലായിത്തീൎന്നിരിക്കുന്നു.

മാത—(പുഞ്ചിരിയോടെ) രണ്ടാൾക്കും തൃപ്തിവന്നിട്ടില്ല.

പ്രഥമോപകാരമതഹോ ഭവാൻ ഹരി-
പ്രതിപത്തിയോൎത്തു കരുതുന്നു തുച്ഛമായ്-
പ്രഥിതം ഭവച്ചരിതമോൎത്തു ശക്രനും
ഹൃദി കാണ്മതില്ല നിജസൽക്രിയാഗുണം. ൧

രാജാ—ഹൈ! അങ്ങനെയല്ല. യാത്രയയക്കുന്ന അവസരത്തിലെ ആ സല്ക്കാരം ആഗ്രഹിക്കാൻപോലും സാധിക്കാത്തവിധത്തിലുള്ളതാണ്. ദേവസഭയിൽവെച്ച് എന്നെ അൎദ്ധാസനത്തിൽത്തന്നെയിരുത്തിട്ട്,

തന്നുള്ളിലാഗ്രഹമൊടങ്ങരികത്തണഞ്ഞു
നിന്നാജ്ജയന്തനെ മൃദുസ്മിതമാൎന്നു നോക്കി
തന്മാറിലുള്ള ഹരിചന്ദനമേല്ക്കുമാറ്
മന്ദാരമാലയണിയിച്ചിതു മാം മഹേന്ദ്രൻ. ൨

മാത—ദേവരാജൻെറ ഏതുതരം സല്ക്കാരത്തിന്നും അവിടുന്നൎഹനാണ്. നോക്കുക,

ദിതിജബാധയൊഴിച്ചു ദിവസ്പതി-
ക്കതിസുഖത്തെയണച്ചതു രണ്ടുതാൻ
ക്ഷിതിപ സമ്പ്രതി നിൻനതപൎവ്വമാ-
ണിതിനുമുമ്പു നൃസിംഹനഖങ്ങളും. ൩

രാജാ—അങ്ങനെയല്ല ഈ സംഗതിയിലും മഹേന്ദ്രന്റെ മഹിമയെത്തന്നെയാണ് ശ്ലാഘിക്കേണ്ടത്. എന്തുകൊണ്ടെന്നാൽ,

പാരിച്ച കാൎയ്യവുമഹോ നിജഭൃത്യർ ചെയ്തു-
പോരാൻ പ്രഭുക്കളരുളും സ്ഥിതിയാണു മൂലം
സാരഥ്യവൃത്തിയിലിനൻ നിയമിച്ചിടാഞ്ഞാൽ
ചേരില്ല ശക്തിയരുണന്നിരുൾ സംഹരിപ്പാൻ. ൪

മാത—ഇതവിടെക്കു യുക്തംതന്നെ. (കുറച്ചുദൂരം പോയിട്ട്) മഹാരാജാവിതു കണ്ടാലും; സ്വൎഗ്ഗത്തിൽ സ്ഥിരത ലഭിച്ചിട്ടുള്ള അവിടത്തെ കീൎത്തി എത്ര മനോഹരമായിരിക്കുന്നു.

സുരസുന്ദരിമാരണിഞ്ഞു ശേഷി-
ച്ചൊരു വൎണ്ണങ്ങളെടുത്തു വാനവന്മാർ
നിരുപിച്ചെഴുതുന്നു ഗാനമായ് നിൻ-
ചരിതം കല്പലതാംശുകവ്രജത്തിൽ. ൫

രാജാ—മാതലി! അസുരയുദ്ധത്തിലുണ്ടായ താൽപൎയ്യംനിമിത്തം ഇന്നലെ നാം കയറിവരുന്ന അവസരത്തിൽ സ്വൎഗ്ഗത്തിലേയ്ക്കുള്ള വഴിയുടെ കിടപ്പു മുഴുവനും നോക്കി മനസ്സിലാക്കിയില്ല. നമ്മളിപ്പോൾ ഏതു വായുമാൎഗ്ഗത്തിലാണെത്തിയിരിക്കുന്നത്?

മാത—ആകാശഗംഗയെ വഹിച്ചു മുറക്കു തേജോ-
വ്യൂഹത്തെ രശ്മികൾ തിരിച്ചു നയിപ്പതേതോ
പേർകേട്ടൊരാപ്പരിവഹന്റെ നിരപ്പിതാണി-
താകെ ദ്വിതീയഹരിവിക്രമപൂതമല്ലോ.

രാജാ—അതാണു് മനസ്സിന്നും ബാഹ്യേന്ദ്രിയങ്ങൾക്കും പ്രത്യേകിച്ചൊരു തെളിവുണ്ടാകുന്നതു്. (തേർച്ചക്രത്തിന്മേൽ നോക്കീട്ടു്) നമ്മൾ മേഘമാർഗ്ഗത്തിലേക്കിറങ്ങിക്കഴിഞ്ഞു.

മാത—അതെങ്ങനെ മനസ്സിലായി?

രാജാ—

പറക്കുന്നുണ്ടാരപ്പഴുതുവഴി വേഴാമ്പൽനിവഹം
സ്ഫുരിക്കുന്നുണ്ടശ്വങ്ങളിലിടയിൽ മിന്നൽപ്പിണരുകൾ
ഉരക്കുന്നു നീർത്തുള്ളികളിലുരുൾ ചുററും നനയുമാ-
റുരക്കുന്നു കാറിന്നുപരി ഗതിയെന്നിത്തവ രഥം. ൧

മാത—ഉടനെ അവിടുന്നു് അധികാരസ്ഥലത്തെത്തും.

രാജാ—(കീഴ്പ്പെട്ടു നോക്കീട്ടു്) അതിവേഗത്തിലിറങ്ങുന്നതുകൊണ്ടു മനുഷ്യലോകം അത്ഭുതകരമായിക്കാണുന്നു.

പൊങ്ങും ശൈലശിരസ്സിൽനിന്നുടനിറ-
ങ്ങും മട്ടിരിക്കുന്നു മ-
ന്നെങ്ങും; പണ്ണവിരിപ്പകന്നു തടികാ-
ണിക്കുന്നു വൃക്ഷങ്ങളും
ചുങ്ങിത്തീരെ വലിഞ്ഞൊരാറുകൾ ജലം
തിങ്ങിപ്പരക്കുന്നതാ-
യിങ്ങാരോ നരലോകമെന്റെയരികിൽ
പൊങ്ങിച്ചണക്കുന്നിതോ.

മാത—ശരിയായ കാഴ്ച. (ബഹുമാനത്തോടെ നോക്കീട്ട്) ഹ! ഭൂമിയുടെ രമണീയത ഏററവും പുതുമയോടുകൂടിയിരിക്കുന്നു.

രാജാ—മാതലി! ഇതാ കിഴക്കും പടിഞ്ഞാറുമുള്ള കടലിലേക്കു കടന്നുനിന്നു സ്വൎണ്ണം ഉരുകിയൊഴുകിക്കൊണ്ടു സന്ധ്യാമേഘംപോലെകാണുന്ന ഈ പൎവ്വതമേതാണ്?

മാത—ഹേമകൂടമെന്ന കിംപുരുഷപൎവ്വതമാണത്. തപസ്സു ചെയ്യുന്നവൎക്ക് എളുപ്പത്തിൽ തപസ്സിദ്ധിയുണ്ടാകുന്ന സ്ഥലമാണ്.

വിധിനന്ദനനാം മരീചിതൻ
സുതനായീടിനൊരാ പ്രജാപതി
ത്രിദശാസുരതാതനിങ്ങുതാൻ
തപമേലുന്നിതു ദാരയുക്തനായ്. ൯

രാജാ—എന്നാൽ കിട്ടിയ ശ്രേയസ്സു വേണ്ടെന്നുവെയ്ക്കരുത്. ആ ഭഗവാനെക്കണ്ടു പ്രദക്ഷിണംവെച്ചു വന്ദിച്ചു പോവാനാഗ്രഹമുണ്ട്.

മാത—ഉത്തമപക്ഷം.

(ഇറങ്ങുന്നതു നടിക്കുന്നു.)

രാജാ—(ആശ്ചൎയ്യത്തോടെ)

ആരവമില്ലിഹ നേമിയി-
ലാരാൽ പൊടിയും പുറപ്പെടുന്നില്ല
പാരിൽ തൊടാതെ പോകും
തേരിതിറങ്ങീട്ടുമിങ്ങതറിവീല. ൧൦

മാത—അത്രമാത്രമേ മഹേന്ദ്രനും അവിടുന്നും തമ്മിൽ വിശേഷമുള്ളു.

രാജാ—ഏതു പ്രദേശത്താണ് ആ മാരീചാശ്രമം?

മാത—(കയ്യുകൊണ്ടു കാണിച്ച്)

പുററിന്നുള്ളിൽ ശരീരം പകുതി മുഴുകിയും
പന്നഗച്ചട്ട മാറിൽ
പററിച്ചേന്നും കഴുത്തിൽ കൊടിയ പല പഴേ
വള്ളിചുററിപ്പിണഞ്ഞും
മുറവും താൻ കൂടുകൂട്ടിക്കരുവികൾ മരുവും
ചെഞ്ചിടക്കെട്ടു തോളിൽ
കട്ടച്ചും കുററിപോലമ്മുനിയിനനെതിരായ്
നിൽക്കുമദ്ദിക്കിലല്ലോ. ൧൧

രാജാ—കഠിനതപസ്സുചെയ്യുന്ന അദ്ദേഹത്തിന്നു നമസ്കാരം.

മാത—(കടിഞ്ഞാണു പിടിച്ചിട്ട്) ഇതാ കല്പവൃക്ഷങ്ങൾ നട്ടുവളത്തിയിരിക്കുന്ന പ്രജാപതിയുടെ ആശ്രമത്തിൽ നാം എത്തിച്ചേന്നു.

രാജാ—സ്വഗ്ഗത്തെക്കാളധികം മനസ്സുഖമുണ്ടാകുന്ന സ്ഥലം. ഞാൻ അമൃതക്കയത്തിൽ മുങ്ങിയപോലെയിരിക്കുന്നു.

മാത—(തേരുനിത്തീട്ട്) അവിടെക്കിറങ്ങാം.

രാജാ—(ഇറങ്ങീട്ട്) അങ്ങോ?

മാത—തേരനങ്ങാതെ നിത്തീട്ടുണ്ട്. ഞാനും ഇറങ്ങാം. (ഇറങ്ങീട്ട്) ഇതിലെ പോകാം. (രണ്ടാളും നടക്കുന്നു.)

മാത—മാന്യന്മാരായ മഹർഷിമാരുടെ തപോവനപ്രദേശം നോക്കു!

രാജാ—ഞാൻ ആശ്ചര്യത്തോടുകൂടിത്തന്നെ കാണുന്നുണ്ട്.

ശ്രീമൽകല്പദ്രുതിങ്ങും വനമതിലുചിത-
    പ്രാണനം വായുവാലേ
ഹേമാംഭോജപ്പൊടിച്ചാർത്തിയലുമൊരു ജലേ
    പുണ്യമാം സ്നാനകർമ്മം
ധ്യാനം രത്നാചലേ സംയമമമരികൾതൻ
    ചാരവേ വൻതപസ്സാൽ
കാമിക്കുന്നേതിനോരോ മുനികളിവരതിൽ-
    ത്താൻ തപം ചെയ്തിടുന്നു. ൧൨

മാത—മഹാന്മാർക്കുള്ള ആഗ്രഹം മേൽക്കുമേൽ വർദ്ധിച്ചിരിക്കുന്നതാണല്ലോ. (നടന്ന് ആകാശത്തിൽ) ഹേ! വൃദ്ധശാകല്യ! ഭഗവാൻ മാരീചനിപ്പോൾ എന്താണ് ചെയ്യുന്നത്. (ചെവിയോർത്ത്) എന്താണു പറഞ്ഞത്. ദാക്ഷായണീദേവി പതിവ്രതാധർമ്മത്തെപ്പററി ചിലതു ചോദിച്ചതിനാൽ ആ ദേവിക്കും മററു മഹർഷിപത്നിമാർക്കും അതുപദേശിക്കുകയാണ് എന്നോ. എന്നാൽ കുറച്ചുനേരം കാത്തുനിൽക്കേണ്ടിവരും. (രാജാവിനെ നോക്കി) ഈ അശോകത്തറയിൽ അവിടുന്നു കുറച്ചിരിക്കുക. ഞാൻ അവിടുന്നു കാണാൻ വന്നിട്ടുള്ള വിവരം മഹേന്ദ്രപിതാവിനെ അറിയിപ്പാൻ അവസരം നോക്കട്ടെ.

രാജാ—അങ്ങനെയാവാം.

മാത—എന്നാൽ ഞാൻ പോകുന്നു. (പോയി)

രാജാ—(നിമിത്തസൂചനം നടിച്ച്)

കരുതുന്നതില്ല ഹൃദി ഞാൻ മനോരഥം
വെറുതേ തുടിച്ചിടുവതെന്തു ബാഹു. നീ
നിരസിച്ചു തള്ളിയൊരു ഭാഗ്യമായതിൻ
പരിവൎത്തനം പരമദുഃഖമാണിഹ. ൧൩

(അണിയറയിൽ)

വികൃതി കാട്ടരുത്. ഏ! സ്വന്തം പ്രകൃതി കാണിച്ചുകഴിഞ്ഞോ?

രാജാ—(ചെവിയോൎത്ത്)അവിനയമുണ്ടാകുന്ന സ്ഥലമല്ലല്ലോ ഇത്. ആരെയാണീ വിരോധിക്കുന്നത്? (ശബ്ദം കേട്ട ദിക്കിലേക്കു നോക്കീട്ട്) ഏയ്! രണ്ടു താപസിമാർ പ്രയാസപ്പെട്ടു പിന്തുടരുന്ന ഈ ധീരബാലനേതാണ്?

മാതൃസ്തന്യം കുടിക്കുന്ന കേസരിക്കുട്ടിയെ ദ്രുതം
ബലാൽ സടയുലച്ചങ്ങു വലിക്കുന്നു കളിക്കുവാൻ. ൧൪

(അപ്രകാരം ചെയ്തുകൊണ്ടു ബാലനും
താപസിമാരും പ്രവേശിക്കുന്നു.)

ബാലൻ—വായപിളക്ക്. നിന്റെ പല്ലൊന്നെണ്ണിനോക്കട്ടെ.

ഒന്നാംതാപസി—വികൃതി! ഞങ്ങളുടെ മക്കളെപ്പോലെയുള്ള മൃഗങ്ങളെ എന്താണിങ്ങനെ ഉപദ്രവിക്കുന്നത്? നിന്റെ കുറുമ്പു കുറെയേറുന്നു. വെറുതെയല്ല മഹൎഷിമാർ നിനക്കു സൎവ്വദമനനെന്നു പേരിട്ടത്.

രാജാ—(സ്വഗതം) എന്താണിത്? ഈ ബാലനിൽ ഔരസപുത്രനിലെന്നപോലെ എന്റെ മനസ്സു സ്നേഹിക്കുന്നുവല്ലോ. എനിക്കു പുത്രനില്ലാത്തതുകൊണ്ടു തോന്നുന്ന വാത്സല്യമായിരിക്കാം.

രണ്ടാംതാപസി—സർവ്വദമന! ഇതിൻെറ കുട്ടിയെ വിട്ടില്ലെങ്കിൽ ഈ സിംഹി നിൻെറ മേലെക്കു ചാടുമേ.

ബാലൻ—(പുഞ്ചിരിയോടെ) അയ്യോ! ഞാൻ വല്ലാതെ പേടിച്ചുപോയി. (ചുണ്ടു കാണിക്കുന്നു.)

രാജാ—

വിറകിന്നായ്യൂത്തിട്ടും തീപ്പൊരിപോലിക്കുമാരകൻ
പുരുതേജോവീര്യമെന്നു കരളിൽത്തോന്നിടുന്നുമേ. ൧൭

ഒന്നാംതാ—ഉണ്ണി! ഈ സിംഹക്കുട്ടിയെ വിട്ടയക്കൂ! നിനക്കു മറെറാരു കളിസ്സാമാനം തരാം.

ബാലൻ—എവിടെ? അതു തരൂ! (കയ്യു നീട്ടുന്നു.)

രാജാ—(നോക്കി ആശ്ചര്യത്തോടെ) ഏ! ഇവനു ചക്രവർത്തിലക്ഷണമുണ്ടല്ലോ. ഇതാ ഇവൻെറ,

*അരിയ കളിയിനത്തിൽ കൌതുകാൽ നീട്ടിടുന്നീ-
വിരലുകളിടതൂരും ഹസ്തമാരക്തശോഭം
പരമിതളുകൾതമ്മിൽ തിങ്ങി മന്ദം പ്രഭാതേ
വിരിയുമൊരു സരോജംപോലെ രാജിച്ചിടുന്നു. ൧൮

രണ്ടാംതാ—സുവ്രതേ! പറയുന്നതുകൊണ്ടുമാത്രം ഇവൻെറ മനസ്സു മാററുവാൻ കഴിയുന്നതല്ല. എൻെറ ആശ്രമത്തിൽ മാർക്കണ്ഡേയമുനികുമാരൻെറ ഒരു ചായംപിടിപ്പിച്ച മൺമയിലിരിക്കുന്നുണ്ട്. പോയി അതെടുത്തുകൊണ്ടുവരൂ.

---

* കളിത്തരത്തിൽ കൊതിയാന്നു നീട്ടും
കരം വിരൽക്കുമ്പിടതൂർന്നു രമ്യം
ഒളങ്ങൾ തിങ്ങിപ്പുലരിത്തുടപ്പിൽ
വിരിഞ്ഞ ചെന്താർസമമുല്ലസിപ്പൂ. (പാഠാന്തരം)

സുവ്രത—അങ്ങനെയാവാം. (പോയി)

ബാലൻ—ഞാനിവനെക്കൊണ്ടുതന്നെ കളിച്ചുകൊള്ളാം.

(താപസിയെ നോക്കിച്ചിരിക്കുന്നു.)

രാജാ—ഈ പടുവികൃതിയെപ്പററി എനിക്കു വലിയ ആഗ്രഹം തോന്നുന്നു.

നിർമ്മൂലംതാൻ ദശനമുകുളം
തെല്ലുകാണ്മെച്ചിരിച്ചും
ചെമ്മേ കൊഞ്ചിച്ചിലതതിമനോ-
രമ്യമായുച്ചരിച്ചും
നമ്മപ്രേമാൽ മടിയിലണയും
മക്കളെപ്പൂണ്ടുപൂണ്ട-
ത്തന്മെയാളും പൊടിയിൽ മലിനീ-
ഭൂതരേ പുണ്യവാന്മാർ. ൭൧

താപസി—ആരെങ്കിലും വരുവിൻ, ഇവനെന്നെ വകവെക്കുന്നില്ല. (തിരിഞ്ഞുനോക്കിയിട്ട്) മുനികുമാരന്മാരാരെങ്കിലും ഇവിടെയുണ്ടോ? (രാജാവിനെക്കണ്ടിട്ട്) ഭദ്രമുഖ! കളിക്കാൻവേണ്ടി ഈ സിംഹക്കുട്ടിയെ വല്ലാതെ മുറുക്കിപ്പിടിച്ചിരിക്കുന്ന ഇവൻെറ പിടി ഒന്നു വിടുവിക്കണേ!

രാജാ—അങ്ങനെയാവാം. (അടുത്തു ചെന്ന്) ഹേ! മഹർഷികുമാര!

പരമേവമാശ്രമവിരുദ്ധവൃത്തിയാൽ
സംയമം നിയതസത്വസൌഖ്യദം
പരിദുഷ്ടമാക്കിടുവതെന്തു, ചന്ദന-
ത്തരു കൃഷ്ണസർപ്പശിശുവെന്നപോലെ നീ. ൭൨

താപ—ഭദ്രമുഖ! ഇവൻ മഹർഷികുമാരനല്ല.

രാജാ—ഇവൻെറ ആകൃതിക്കൊത്ത പ്രവൃത്തിതന്നെ അതു പറയുന്നുണ്ട്. ഈ സ്ഥലമാണല്ലോ എന്നു കരുതി ഞാനങ്ങനെ സംശയിച്ചതാണ്. (സിംഹക്കുട്ടിയെ വിടുവിച്ചു. ബാലൻെറ സ്പർശസുഖം അനുഭവിച്ചിട്ടു സ്വഗതം)

എവന്റോ കുലതന്തുവായിടുന്നോ-
രിവന്റെത്തൊട്ടൊരെനിക്കുമിത്രസൌഖ്യം
എവനാണിവനാത്മസൂനുധന്യ-
നവന്നാനന്ദമതെത്രമാത്രമുണ്ടാം.

താപ—(രണ്ടാളെയും നോക്കീട്ട്) ആശ്ചര്യം!

രാജാ—എന്താണത്?

താപ—ഇവനും അങ്ങക്കും ചാച്ഛതോന്നത്തക്ക ഒരേ ഛായ കണ്ടിട്ടു ഞാനത്ഭുതപ്പെട്ടതാണ്. അങ്ങയെപ്പരിചയമില്ലാതിരുന്നിട്ടും ഇവൻ പരിചയക്കേടു കാണിച്ചതുമില്ല.

രാജാ—(ബാലനെ ലാളിച്ചുകൊണ്ട്) ആര്യേ! മുനികുമാരനല്ലെങ്കിൽ പിന്നെയിവൻെറ വംശമേതാണ്?

താപ—പൂരുവംശം.

രാജാ—(സ്വഗതം) ഞങ്ങൾ ഒരേ വംശക്കാരോ? അതാണ് ഞങ്ങൾതമ്മിൽ ഛായയുണ്ടെന്നിവൾക്കു തോന്നുന്നത്. ആ! പൌരവന്മാൎക്ക് അവസാനത്തിൽ ഇങ്ങനെ ഒരു കുലവ്രതമുണ്ടല്ലോ.

ധരണീഭരണത്തിന്നായി മുന്നം
പൂരുസൌധങ്ങളിലേവർ വാണിടുന്നോ
പിരിയാതൊരു പത്നിമാത്രമുണ്ടാം
തരുമൂലം ഗൃഹമാമവക്കു പിന്നെ. ൨൦

(പ്രകാശം) മനുഷ്യനു തന്നത്താനിവിടെ വരാൻ സാധിക്കില്ലല്ലോ.

താപ—അങ്ങു പറയുന്നതു ശരിയാണ്. ഉണ്ണിയുടെ അമ്മ അപ്സരസ്സ്ത്രീയുമായി ബന്ധപ്പെട്ട ആളായതുകൊണ്ടാണ് ദേവപിതാവിൻെറ ഈ തപോവനത്തിൽ ഇവനെ പ്രസവിക്കാൻ സാഗതിയായത്.

രാജാ—(സ്വഗതം) ഹ! ഇതു രണ്ടാമത്തെ ആശക്കുള്ള സംഗതിയാണല്ലോ. (പ്രകാശം) ആ ശ്രീമതി ഏതു രാജർഷിയുടെ പത്നിയാണ്?

താപ—സ്വന്തം ധർമ്മപത്നിയെ ആട്ടിക്കളഞ്ഞ അയാളുടെ പേർ ആരു പറയും?

രാജാ—ഈ കഥ എന്നെത്തന്നെ ഉദ്ദേശിക്കുന്നുവല്ലോ. ഈ ബാലൻെറ അമ്മയുടെ പേരു ചോദിച്ചാലോ? അതു വേണ്ട. പരകളത്രത്തെപ്പററി പ്രസ്താവിക്കുന്നതു മര്യാദയല്ല.

(മയിലിനെ എടുത്തുകൊണ്ടു സുവ്രത പ്രവേശിക്കുന്നു.)

താപസി—സർവ്വദമന! ശകുന്തലക്ഷണം കണ്ടോളൂ!

ബാലൻ—(തിരിഞ്ഞുനോക്കിക്കൊണ്ട്) എൻെറ അമ്മയെവിടെ?

താപസിമാർ—ഈ അമ്മക്കൊതിയൻ ശകുന്തല എന്ന അക്ഷരങ്ങൾ കേട്ടപ്പോഴക്കുംതന്നെ ശകുന്തളയെന്നു ധരിച്ചു.

സത്യവ്രത—ഉണ്ണി! ഈ മൺമയിലിൻെറ രൂപം നോക്കാനാണ് പറഞ്ഞത്.

രാജാ—(സ്വഗതം) ഇവൻെറ അമ്മക്കു ശകുന്തളയെന്നാണോ പേർ. ഒരേ പേരുതന്നെ പലക്കും ഉണ്ടാവാം. ഈ വൃത്താന്തവും മൃഗതൃഷ്ണപോലെ വിഷാദത്തിന്നായിരിക്കില്ലേ?

ബാലൻ—(നോക്കീട്ട്) മൺമയിലിനെ എനിക്കു പിടിച്ചു. ഈ ചന്തമുള്ള മയിലിനെ അമ്മയുടെ അടുക്കലേയ്ക്കു കൊണ്ടുപോണം.

(മയിലിനെ വാങ്ങുന്നു)

സത്യവ്രത—(നോക്കി പരിഭ്രമിച്ചുകൊണ്ട്) അയ്യോ! രക്ഷ കെട്ടിയത് ഇവൻെറ കയ്യിന്മേൽ കാണുന്നില്ലല്ലോ.

രാജാ—പരിഭ്രമിക്കേണ്ട. സിംഹക്കുട്ടിയെപ്പിടിച്ചുവലിച്ചപ്പോൾ വീണുപോയ അതിതാ കിടക്കുന്നു.

(എടുക്കാൻ തുടങ്ങുന്നു.)

താപസിമാർ—അരുതേ! അതെടുക്കരുതേ! ഏ! എടുത്തുവോ?

(അത്ഭുതത്തോടെ മാറത്തു കയ്യുവച്ചുകൊണ്ടു പരസ്പരം നോക്കുന്നു.)

രാജാ—എന്തുകൊണ്ടാണെന്നെ വിരോധിച്ചത്?

സുവ്രത—മഹാരാജാവു കേട്ടാലും. 'അപരാജിത' എന്നു പേരായ ഒരൌഷധമാണിത്. ഇവൻെറ ജാതകൎമ്മ സമയത്തു ഭഗവാൻ മാരീചൻ ജപിച്ചു കെട്ടിച്ചതാണ്. ഇതു നിലത്തു വീണാൽ ഇവൻെറ മാതാപിതാക്കന്മാൎക്കോ ഇവനുതന്നെയോ അല്ലാതെ മററാരാൾക്ക് എടുക്കാവുന്നതല്ല.

രാജാ—എടുത്തുപോയാൽ?

സുവ്രത—ഉടനെ ഒരു സൎപ്പമായിത്തീൎന്നു കടിക്കും.

രാജാ—നിങ്ങൾക്കെപ്പോഴെങ്കിലും അതനുഭവപ്പെട്ടിട്ടുണ്ടോ?

താപസിമാർ—ചില തവണയും.

രാജാ—(സന്തോഷത്തോടെ) സമ്പൂൎണ്ണമായ ആഗ്രഹത്തെ ഇനി എന്തിനഭിനന്ദിക്കാതിരിക്കുന്നു. (ബാലനെ ആലിംഗനം ചെയ്യുന്നു.)

സത്യ—സുവ്രതേ! വരു! ഈ വൎത്തമാനം വ്രതത്തിലേൎപ്പെട്ടിരിക്കുന്ന ശകുന്തളയെ അറിയിക്കുക.

(രണ്ടാളും പോയി.)

ബാലൻ—എന്നെ വിടൂ. അമ്മയുടെ അടുക്കലേക്കു പോട്ടേ.

രാജാ—മകനേ! നമുക്കൊരുമിച്ചുതന്നെ അമ്മയെസ്സന്തോഷിപ്പിക്കാം.

ബാലൻ—എൻെറ അച്ഛൻ ദുഷ്ഷന്തനാണ്. നിങ്ങളല്ല.

രാജാ—(പുഞ്ചിരിയോടെ സ്വഗതം) ഈ നിഷേധംതന്നെ വിശ്വാസം വരുത്തുന്നു.

(ഏകവേണീധരയായിശ്ശകുന്തള പ്രവേശിക്കുന്നു.)

ശകു—സവ്വദമനന്റെ രക്ഷൌഷധം രൂപംമാറാതെ അതേ മട്ടിൽത്തന്നെയിരുന്നുവെന്നു കേട്ടിട്ടും എനിക്കെന്റെ ഭാഗ്യത്തിലാശയുണ്ടായില്ല. അല്ലെങ്കിൽ ഒരുപക്ഷേ സാനുമതി പറഞ്ഞവിധത്തിലും ഇതു സംഭവിച്ചേക്കാമല്ലോ.

രാജാ—(ശകുന്തളയെക്കണ്ടിട്ട്) ഹ! ഇതാ ശ്രീമതി ശകുന്തള,

വസനങ്ങൾ മുഷിഞ്ഞുകൊണ്ടുമാസ്യം
നിയമാൽ വാടിയുമേകവേണി പൂണ്ടും
അതിനിർദ്ദയനായൊരെൻവിയോഗ-
വ്രതമേൽക്കുന്നു വിശുദ്ധസൌമ്യശീല. ൨൧

ശകു—(പശ്ചാത്താപത്താൽ ആകൃതിമാറിയ രാജാവിനെ കണ്ടിട്ട്) ആയ്യപുത്രനെപ്പോലെയല്ലല്ലോ. ആരാണിത് രക്ഷാമംഗളം ധരിച്ച കുട്ടിയെ എടുത്തു മടിയിൽ വെച്ചു കെട്ടുക്കുന്നത്?

ബാലൻ—അമ്മേ! ഇതാ ആരോ ഒരാളെന്നെ മകനേ എന്നു വിളിക്കുന്നു.

രാജാ—പ്രിയേ! ക്രൂരത പ്രവത്തിച്ചതും ഭവതിയെപ്പററിയായതുകൊണ്ട് അനുകൂലമായിപ്പരിണമിച്ചു. ഇപ്പോൾ ഭവതി എന്നെ ഓത്തറിഞ്ഞ നില വന്നുവല്ലോ.

ശകു—(സ്വഗതം) മനസ്സേ! ആശ്വസിച്ചോ. മത്സരിക്കുന്ന ദൈവത്തിനും കരുണ തോന്നി. ആയ്യപുത്രൻ തന്നെയാണിത്.

രാജാ—പ്രിയേ!

മതിമോഹമററു ഭാഗ്യാൽ
സ്മൃതിയെഴുമെന്നരികിലെത്തി നീ സുമുഖി
അധുനാ ഗ്രഹണം തീൎന്നോരു
വിധുവിന്നുണ്ടായി രോഹിണീയോഗം. ൨൨

ശകു—ആൎയ്യപുത്രനു വിജയം (എന്നു പകുതി പറയുമ്പോഴെക്കും തൊണ്ടയിടറി നിൎത്തുന്നു.)

രാജാ—സുന്ദരി!

കണ്ണുബാഷ്പം ജയാശംസ തടഞ്ഞാലും ജയിച്ചു ഞാൻ
കണ്ടുവല്ലോ വിസംസ്കാരപാടലാധരമീ മുഖം. ൨൩

ബാലൻ—അമ്മേ! ഇദ്ദേഹം ആരാണ്?

ശകു—ഉണ്ണി! നിന്റെ ഭാഗ്യത്തോടു ചോദിക്കു!

രാജാ—(ശകുന്തളയുടെ കാല്ക്കൽ വീണിട്ട്)

തെല്ലും നീ ചിത്തതാരിൽ സുതനു കരുതിടൊ-
ല്ലേ ത്യജിച്ചുള്ള തെററെ-
ന്നുള്ളത്തിൽ പാരമെന്തോ ബലമൊടൊരു വിമോ-
ഹം തദാ വന്നുപോയി
വല്ലാതേലും തമസ്സാൎന്നവർ ശുഭമതിലീ
മട്ടു വൎത്തിപ്പതല്ലോ
തള്ളീടും തട്ടിയന്ധൻ തലയിലിടുവൊരാ
മാലയും സൎപ്പബുദ്ധ്യാ. ൨൪

ശകു—എഴുനേല്ക്കൂ ആൎയ്യപുത്ര! അതെന്റെ ജന്മാന്തരകൎമ്മം അക്കാലത്തു ഫലിക്കാൻ തുടങ്ങിയതായിരിക്കണം. അല്ലെങ്കിൽ അത്രയും ദയയുള്ള ആൎയ്യപുത്രന് എന്നോടങ്ങനെ കാട്ടാൻ തോന്നുമോ?

(രാജാവെഴുനേല്ക്കുന്നു)

ശകു—പിന്നെയെങ്ങനെയാണ് ദുഃഖത്തിൽ മുങ്ങിയ ഈയുള്ളവളെ ആൎയ്യപുത്രന്നോൎമ്മയുണ്ടായത്?

രാജാ—ഈ വിഷാദശല്യം കുറച്ചൊന്നു തീൎന്നിട്ടു പറയാം.

മുന്നം ഭ്രമാൽ സുതനു! നിന്നധരത്തിൽ വീണു
ചിന്നീടുമശ്രുവിലുപേക്ഷ ഭവിച്ചൊരീ ഞാൻ
ഇന്നേററമാകുലത ചേൎത്തിമയിൽത്തടഞ്ഞാ—
കണ്ണീർ തുടച്ചനുശയം മമ തീൎത്തിടട്ടേ. ൨൫

(അപ്രകാരം ചെയ്യുന്നു.)

ശകു—(മുദ്രമോതിരം കണ്ടിട്ട്) ആൎയ്യപുത്ര! ഇതാണോ ആ മോതിരം?

രാജാ—അതേ. ഈ മോതിരം കയ്യിൽ കിട്ടിയപ്പോഴാണ് എനിക്കോൎമ്മയുണ്ടായത്.

ശകു—ഇതു വലിയ വിഷമമുണ്ടാക്കിത്തീൎത്തു. ആൎയ്യപുത്രന്നു വിശ്വാസം വരുത്തേണ്ട സമയത്തിതിനെക്കണ്ടില്ല.

രാജാ—എന്നാൽ വസന്തത്തോടു ചേൎന്നതിന്റെ അടയാളമായി ലത പൂവിടട്ടെ.

ശകു—എനിക്കിതിനെ വിശ്വാസമില്ല. ആൎയ്യപുത്രന്റെ കയ്യിന്മേൽത്തന്നെയിട്ടാൽമതി.

(മാതലി പ്രവേശിക്കുന്നു.)

മാത—ഭാഗ്യത്താൽ ധൎമ്മപത്നിയോടു ചേൎന്നും പുത്രമുഖം കണ്ടും അവിടെക്കഭിവൃദ്ധിയുണ്ടാകുന്നു.

രാജാ—എന്റെ ആഗ്രഹത്തിനു നല്ല സ്വാദുള്ള ഫലം കിട്ടി മാതലി! ഈ സംഗതി മഹേന്ദ്രൻ അറിഞ്ഞിട്ടുള്ളതല്ലേ, അല്ലെങ്കിൽ ഈശ്വരന്മാൎക്കെന്താണറിവില്ലാത്തത്.

മാത—(പുഞ്ചിരിയോടെ) അതെ. അവിടുന്നു വരു! ഭഗവാൻ മാരീചൻ അവിടുത്തെക്കാണാനൊരുങ്ങിയിരിക്കുന്നു.

രാജാ—ശകുന്തളേ! ഉണ്ണിയെപ്പിടിച്ചുകൊള്ളു. ഭവതിയോടുകൂടിത്തന്നെ ഭഗവാനെക്കാണാൻ ഞാനാഗ്രഹിക്കുന്നു.

ശകു—ആര്യപുത്രനൊന്നിച്ചങ്ങോട്ടുചെല്ലാൻ എനിക്കു ലജ്ജ തോന്നുന്നു.

രാജാ—നന്മവരുന്ന അവസരങ്ങളിൽ അങ്ങനെ വേണ്ടതുണ്ട്. വരു! വരു!

(എല്ലാവരും നടന്നു)

(മാരീചനും അദിതിയും ഇരുന്നുകൊണ്ടു പ്രവേശിക്കുന്നു.)

മാരീ—(രാജാവിനെക്കണ്ടിട്ട്) ദാക്ഷായണി!

കൃത്യങ്ങളൊക്കെ നിജചാപബലാൽ നടത്തി-
യത്യുഗ്രവജ്രമൊരു ഭൂഷണമാക്കുമാറേ
തൽസൂനുവിന്നമരിൽ മുന്നണി നിന്നിടുന്ന
ദുഷ്ഷന്തനാം ഭുവനപാലകനാണിവൻ കേൾ! ൨൩

അദി—ഇവൻെറ ആകൃതിതന്നെ നല്ല യോഗ്യത സൂചിപ്പിക്കുന്നുണ്ട്.

മാത—ഇതാ പുത്രവാത്സല്യം സൂചിപ്പിക്കുന്നവിധത്തിൽ ദേവപിതാക്കന്മാർ അവിടുത്തെ നോക്കിക്കൊണ്ടിരിക്കുന്നു. അടുത്തു ചെല്ലാം.

രാജാ—മാതലി!

മിന്നും ഷോഡശഭാസ്കരക്കിഹ നിദാ-
നീഭൂതർ, മാതാപിതാ-
ക്കന്മാർ യജ്ഞഫലേശനായി വിലസും
ലോകത്രയീപാലനും,

എന്നല്ലാത്മഭവൻ പരൻ പൂരുഷനും
ജന്മാസ്പദദ്വാദശാത്മാ-
ക്കന്നോർ ദക്ഷമരീചിസംഭവർ വിധി-
ക്കേകാന്തരന്മാരിവർ.

മാത—അതെ. അങ്ങനെത്തന്നെയാണ്.

രാജാ—(അടുത്തുചെന്ന്) മഹേന്ദ്രഭൃത്യനായ ദുഷ്ഷന്തൻ ഇതാ രണ്ടാളേയും നമസ്കരിക്കുന്നു.

മാരീ—ഉണ്ണീ! വളരെക്കാലം ഭൂമി രക്ഷിച്ചുംകൊണ്ടിരിക്കുമാറാകട്ടേ!

അദി—എതിരാളിയില്ലാതാകട്ടേ!

ശകു—പുത്രനോടുകൂടിശ്ശകുന്തളയിതാ തൃക്കാലുകൾ വന്ദിക്കുന്നു.

മാരീ—വത്സേ!

സുരേന്ദ്രതുല്യൻ ഭർത്താവു, ജയന്തസദൃശൻ സുതൻ,
അന്യമാശിസ്സു തേ ചേരില്ലിന്ദ്രാണീസമയാക നീ! ൨൮

അദി—മകളേ! ഭർത്താവിനു ബഹുമതയായ്‌വരട്ടേ; നിന്റെ മകൻ ദീർഘായുസ്സായിരിക്കട്ടേ. രണ്ടു വംശത്തിനും സന്തോഷപ്രദനായിത്തീരട്ടേ!

(എല്ലാവരും പ്രജാപതിക്കു നേരെയായി ഇരിക്കുന്നു.)

മാരീ—(ഓരോരുത്തരേയും നിർദ്ദേശിച്ച്)

സാദ്ധ്വീയാമിക്കണ്വപുത്രി സൽപുത്രനിവനീ ഭവാൻ
ശ്രദ്ധ വിത്തം വിധിയിവക്കൊത്തതാണിസ്സമാഗമം. ൨൯

രാജാ—ഭഗവാനേ! ആദ്യം ആഗ്രഹസിദ്ധി. പിന്നെ അവിടുത്തെ ദർശനം. ഈ അനുഗ്രഹം അപൂർവ്വമായിരിക്കുന്നു നോക്കുക,

ഭവിക്കുമാദ്യം മലർ, പിന്നെ നൽഫലം,
നവാംബുദം മുമ്പിലനന്തരം ജലം
ഇവണ്ണമാം ഹേതുഫലങ്ങൾതൻ ക്രമം
ഭവൽപ്രസാദത്തിനു മുന്നമേ ഫലം. ൩൦

മാത — സൃഷ്ടികൎത്താക്കന്മാരുടെ അനുഗ്രഹം ഇങ്ങനെയാണ്.

രാജാ — ഭഗവാനേ! അവിടുത്തെ ഈ ഭക്തയെ ഗാന്ധൎവ്വമായി ഞാൻ വിവാഹംചെയ്തിട്ടു കുറച്ചുകാലം കഴിഞ്ഞപ്പോൾ ബന്ധുജനങ്ങൾ കൂട്ടിക്കൊണ്ടുവന്നു. ആ സമയത്ത് എന്തോ ഓൎമ്മക്കേടു പററിയതിനാൽ ഞാൻ ഈ സാധ്വിയെ ഉപേക്ഷിച്ച് അവിടുത്തെ സഗോത്രനായ കണ്വമഹൎഷിക്കു വലിയ തെററുകാരനായിത്തീൎന്നു. പിന്നെ ഈ മോതിരം കണ്ടപ്പോൾ എല്ലാം ഓൎമ്മവരികയും ചെയ്തു. ഇതു വലിയൊരത്ഭുതമായിത്തോന്നുന്നു.

കുന്നിന്നുമുമ്പിലമരെഗ്ഗജമല്ലിതെന്നാം
മന്ദം ഗമിക്കുമളവായതിലപീഷലുണ്ടാം
പിന്നീടു കാലടികൾ പാൎത്തു നിശ്ചയിക്കു-
മെമ്മട്ടിലത്തരമിവന്റെ മനോവികാരം. ൩൧

മാരീ — വത്സ! ഇതിൽ തന്നെത്താൻ തെററുചെയ്തതായി ശ്ശങ്കിക്കേണ്ട. ഓൎമ്മക്കേടുപോലും അങ്ങയ്ക്കു വെറുതെ പ്പററുന്നതല്ല. കേട്ടുകൊള്ളൂ.

രാജാ — അരുളിച്ചെയ്യാം.

മാരീ — ഉപേക്ഷിച്ച ശകുന്തളയെ അപ്സരസ്തീൎത്ഥസമീപത്തിൽനിന്നെടുത്തുകൊണ്ടു മേനക ദാക്ഷായണിയുടെ

അടുക്കൽ വന്നപ്പോൾത്തന്നെ ഞാൻ ദിവ്യചക്ഷുസ്സു കൊണ്ടു നോക്കിയറിഞ്ഞു. ദുർവ്വാസാവിൻെറ ശാപം നിമിത്തമാണ് ഈ പാവത്തെ ഭർത്താവായ അങ്ങുപേക്ഷിക്കുവാനിടയായതു്. മറെറാരു കാരണംകൊണ്ടുമല്ല. ആ ശാപം മോതിരം കണ്ടെത്തിയാൽ തീരുന്നതുമായിരുന്നു.

രാജാ—(ദീർഘശ്വാസത്തോടെ) ആവൂ! അപവാദത്തിൽ നിന്നിവൻ രക്ഷപ്പെട്ടു.

ശകു—(സ്വഗതം) അ! തക്കതായ കാരണമുണ്ടായിട്ടുതന്നെയാണ് ആര്യപുത്രൻ എന്നെ ഉപേക്ഷിച്ചതു്. എന്നെശ്ശപിച്ചതു് ഓർമ്മയില്ലല്ലോ. അല്ലെങ്കിൽ വിരഹംകൊണ്ടൊന്നും അറിയാതിരുന്ന കാലത്തായിരിക്കാം ശാപം പററിപ്പോയതു്. അതായിരിക്കണം മോതിരം ഭർത്താവിനെക്കാണിക്കണമെന്നു സഖിമാർ അത്ര ആദരവോടുകൂടി പറവാൻ കാരണം.

മാരീ—വത്സേ, സംഗതി നിനക്കു മനസ്സിലായല്ലോ. അതുകൊണ്ടു ഭർത്താവിൻെറ പേരിൽ നിനക്കു നീരസം തോന്നരുതു്. നോക്കൂ!

ശാപത്തിനാൽ മതിമറഞ്ഞു വെടിഞ്ഞുനിന്നെ-
ശ്ശാപം ശമിച്ചളവു നിൻപതി നിന്നധീനൻ
രൂപം പടില്ല ചളിപററിയ ദർപ്പണത്തിൽ
പ്രാപിക്കുമേ സുലഭമായതു ശുദ്ധമായാൽ. ൩൨

രാജാ—ഭഗവാൻ അരുളിച്ചെയ്തതുപോലെതന്നെയാണ്.

മാരീ—വത്സ! ശകുന്തളയിൽ ജനിച്ചു വിധിപ്രകാരം നാം ജാതകർമ്മം നടത്തിയ ഈ പുത്രനെ അഭിനന്ദിച്ചില്ലേ?

രാജാ—ഭഗവാനേ! ഇവനിലാണെൻെറ കുലപ്രതിഷ്ഠ.

മാരീ—അങ്ങനെയുള്ള ഈ പുത്രൻ ചക്രവൎത്തിയായിത്തീരുമെന്നും ധരിച്ചുകൊള്ളൂ.

താഴാതാഴിയിൽ നിശ്ചലം ഗതിയെഴും
തേരിൽ സമുദ്രം കട-
ന്നേഴദ്വീപമിയന്ന ഭൂമിയെതിരി-
ല്ലാതെജ്ജയിക്കും ദൃഢം
ചൂഴും സത്വമമൎത്തു സൎവ്വദമനാ-
ഖ്യാനം, ബലാലാൎന്നപോ-
ലൂഴിത്തട്ടു ഭരിച്ചു മേൽ ഭരതനെ-
ന്നുള്ളാഖ്യയുണ്ടായ്വരും. ൩൩

രാജാ—ഭഗവാൻ ജാതകൎമ്മംചെയ്ത ഇവനിൽ എല്ലാം എനിക്കാഗ്രഹിക്കാം.

അദി—മകളുടെ മനോരഥം സാധിച്ച വിവരം കണ്വനെ അറിയിക്കാൻ അവിടുത്തെ ശിഷ്യന്മാരിലൊരാളെ അയക്കണ്ടേ. മകളിൽ വളരെ വാത്സല്യമുള്ള മേനക ഇവിടെത്തന്നെ എന്നെ ശുശ്രൂഷിച്ചു താമസിക്കുന്നുണ്ട്.

ശകു—എൻെറ ആഗ്രഹമാണ് ഭഗവതി അരുളിച്ചെയ്തത്.

മാരീ—തപശ്ശക്തികൊണ്ട് എല്ലാം അദ്ദേഹം അറിഞ്ഞിട്ടുണ്ട്.

രാജാ—അതാണ് ആ ഗുരുജനം എൻെറ നേരെക്കോപിക്കാഞ്ഞത്.

മാരീ—എന്നാലും ഈ ശുഭവൎത്തമാനം അദ്ദേഹത്തെ അറിയിക്കേണ്ടതു മൎയ്യാദയാണു്. ആരുണ്ടിവിടെ?

ശിഷ്യൻ—(പ്രവേശിച്ചു്) ഭഗവാനേ! ഞാൻ.

മാരീ—ഗാലവ! ഇപ്പോൾത്തന്നെ ആകാശത്തിൽക്കൂടിപ്പോയി കണ്വന്റെ അടുക്കൽച്ചെന്നു്, ശാപനിവൃത്തിവന്ന ശകുന്തളയേയും പുത്രനേയും ദുഷ്ഷന്തൻ സ്വീകരിച്ചുവെന്നു ഞാൻ പറഞ്ഞതായിപ്പറയൂ!

ശിഷ്യൻ—അരുളിച്ചെയ്യുമ്പോലെ. (പോയി)

മാരീ—വത്സ! ഭാൎയ്യാപുത്രന്മാരോടുകൂടി അങ്ങയുടെ മിത്രമായ ഇന്ദ്രന്റെ തേരിൽ കയറി രാജധാനിയിലേക്കു പുറപ്പെടൂ!

രാജാ—അരുളപ്പാടുപോലെ.

മാരീ—അത്രയുമല്ല.

ശക്രൻ നിൻപ്രജകൾക്കു വേണ്ടവിധമാം
  വൎഷം പൊഴിച്ചീടണം
സ്വൎഗ്ഗസ്ഥൎക്കു ഭവാനുമധ്വരഗണ-
  ത്താൽ തൃപ്തി നൽകീടണം
ഇത്ഥം രണ്ടുലകിന്നുമേററമുപകാ-
  രംകൊണ്ടതിശ്ലാഘ്യമാം
കൃത്യംതങ്ങളിലാചരിച്ചു ബഹുകാ-
  ലം വാണുകൊണ്ടീടുവിൻ! ൩൪

രാജാ—ഭഗവാനേ! ശ്രേയസ്സിനുവേണ്ടി യഥാശക്തി യതിച്ചുകൊള്ളാം.

മാരീ—ഇനിയും എന്തൊരു പ്രിയമാണങ്ങേക്കു ഞാൻ സാധിപ്പിക്കേണ്ടതു്?

രാജാ—അവിടുന്നു പ്രസാദിച്ചു് ഇതിലധികവും ചെയ്യാനാഗ്രഹിക്കുന്നുണ്ടെങ്കിൽ ഇതാകട്ടെ:

(ഭരതവാക്യം)

തുനിയുക മഹീപാലൻ നിത്യം പ്രജൌഘഹിതത്തിനാ-
യിനിയൊരു മഹദ്വാണിക്കൊന്നിടുക ശ്രുതിനന്ദനം,
ഇനിയൊരു പുനർജ്ജന്മം കൂടാതിരിപ്പതിനായി മേ
കനിയുക ശിവായുക്തൻ ദേവൻ സ്വയംഭൂ മഹേശ്വരൻ

(എല്ലാവരും പോയി)

ഏഴാമങ്കം കഴിഞ്ഞു.

കേരളശാകുന്തളം സമാപ്തം.

---

200

# കേരളശാകുന്തളം

വില 2ക.] 20 പ

[ആററൂർ

Indic Digital Archive Foundation
gpura.org